# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 ഒക്ടോബർ 28 | ദീപം 54 | നാളം 30 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# ആത്മാവിൽ നിറയുന്ന ഐക്യകേരളം

നവംബർ 1 കേരളപ്പിറവി




പെരുമ്പടവം ശ്രീധരൻ


മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിങ്ങനെ മൂന്നു നാട്ടുരാജ്യങ്ങളായി വേർതിരിഞ്ഞു കിടന്നിരുന്ന കേരളം 1956 നവംബർ ഒന്നിനാണ് ഒന്നായിത്തീരുന്നത്. എങ്കിലും കേരളമെന്ന നമ്മുടെ നാട് നേരത്തേതന്നെ ജനമനസ്സുകളിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. ഭരണപരമായ കാര്യങ്ങളിൽ അതു വേർതിരിക്കപ്പെട്ടപ്പോഴും കേരളം എന്ന മഹത്തായ സങ്കല്പം നമ്മുടെ മനസ്സിനെ ഉത്തേജിപ്പിച്ചുനിർത്തി.

ഒരുമയുടെ ആ മധുരസങ്കല്പം ഐക്യകേരളത്തിലൂടെ യാഥാർത്ഥ്യമായി. നാട്ടുരാജ്യങ്ങളുടെ സംയോജനം മാത്രമല്ല, മൂന്നു സംസ്കാരങ്ങളുടെ കൂടിച്ചേരൽ കൂടിയായിരുന്നു അത്. അങ്ങനെ, തങ്ങളുടെ സാംസ്കാരികപാരമ്പര്യത്തെ പൊതുവായി അവകാശപ്പെടാൻ കഴിഞ്ഞ ജനത ഒറ്റസമൂഹമായി, ഒരു കുടുംബം പോലെ കഴിയുന്ന കാലത്തിലേക്കു കടന്നു. അതൊരു ഹൃദയവികാരമായിത്തീർന്നു. അതാണു നമ്മെ പുരോഗതിയിൽനിന്നു പുരോഗതിയിലേക്കു നയിച്ചുകൊണ്ടിരിക്കുന്നത്. അതു നമ്മുടെ ഭാഷയിലും സാഹിത്യത്തിലും സാമൂഹികജീവിതത്തിലുമൊക്കെ വമ്പിച്ച മാറ്റങ്ങളുണ്ടാക്കി. നമ്മുടെ ഭാഷയുടെയും സാഹിത്യത്തിന്റെയും സാമൂഹികജീവിതത്തിന്റെയും വിവിധ തലങ്ങളിലൂടെ വൈകാരികമായ ഒരു അടുപ്പം ഉണ്ടാകുകയും നാം ഒരു ജനത എന്ന നിലയിൽ തലയുയർത്തിനില്ക്കുകയും ചെയ്തു. പിന്നീടുണ്ടായ എല്ലാ വളർച്ചയ്ക്കും സംയോജിതകേരളം തീർച്ചയായും പ്രയോജനപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ സംസ്ഥാനങ്ങളിൽ എന്തുകൊണ്ടും പ്രമുഖസ്ഥാനത്തുനിൽക്കുന്ന ഒരു സംസ്ഥാനമായിത്തീരാൻ കേരളത്തിനു കഴിഞ്ഞു. നമ്മൾ നിലനിർത്തിയ ആ സ്നേഹവും സാഹോദര്യവുമാണ് നാടിന്റെ വളർച്ചയ്ക്ക് ഏറ്റവും വലിയ നിദാനമായിത്തീർന്നത്; അത് അറിയുന്നതുകൊണ്ടാണ് നമ്മൾ കേരളീയരായിരിക്കുന്നതിൽ അഭിമാനം കൊള്ളുന്നത്.

കേരളത്തിന്റെ സാംസ്കാരികപാരമ്പര്യം ലോകം മുഴുവൻ അറിയപ്പെടുന്നതാണ്. ലോകത്ത് എവിടെയും മലയാളിയും നമ്മുടെ കൊച്ചുകേരളവും ബഹുമാനിക്കപ്പെടുന്നു. ഇന്നു കേരളവും മലയാളഭാഷയും ഇന്ത്യൻ സംസ്കാരങ്ങളിൽ വച്ച്, ഇന്ത്യൻ സംസ്ഥാനങ്ങളിൽവച്ച് ഏറ്റവും മികച്ചതായി അംഗീകരിക്കുന്നുമുണ്ട്.

നമ്മുടെ മലയാളം ലോകത്തിലെ മികച്ച ഭാഷകളിലൊന്നായിട്ടാണ് കണക്കാക്കപ്പെടുന്നത്. വേദേതിഹാസപുരാണങ്ങളെയും പ്രപഞ്ചനിഗൂഢതകളെയും വകഞ്ഞു മാറ്റിച്ചെല്ലുന്ന ഒരു ഭാഷയാണിത്. ഏത് അനുഭവത്തെയും ഉൾക്കൊള്ളാൻ മലയാളഭാഷയ്ക്കു കഴിയും. വേദേതിഹാസപുരാണങ്ങൾ ഉൾക്കൊള്ളുന്ന കാര്യത്തിൽ മറ്റു ഭാഷകളുടെ മുമ്പിൽത്തന്നെയാണു മലയാളത്തിന്റെ സ്ഥാനം. മലയാളസാഹിത്യം ലോകം മുഴുവൻ ശ്രദ്ധിക്കപ്പെടുന്നു. തുഞ്ചത്തെഴുത്തച്ഛൻ ഇന്ത്യൻ ഭാഷാകവികളിൽ ഏറ്റവും മുൻനിരയിൽ നിൽക്കുന്ന മഹാകവിയാണ്. ആചാര്യനെന്നാണ് നമ്മൾ അദ്ദേഹത്തെ വിളിക്കുന്നത്. ചെറുശ്ശേരിയും കുഞ്ചൻ നമ്പ്യാരും ഭാഷയുടെ നക്ഷത്രശോഭയ്ക്കു മാറ്റുകൂട്ടിയവരാണ്. വള്ളത്തോൾ, ഉള്ളൂർ, കുമാരനാശാൻ കവിത്രയവും മലയാളത്തിന്റെ അഭിമാനമേറ്റുന്നു. മലയാളകവിതയുടെ 'സുവർണകൈലാസം' എന്നാണ് കുമാരനാശാൻ അറിയപ്പെടുന്നത്. തകഴി, ബഷീർ, കേശവദേവ്, പൊൻകുന്നം വർക്കി, ലളിതാംബിക അന്തർജനം, എം.ടി, സക്കറിയ തുടങ്ങി മലയാളത്തിന്റെ ഓരോ എഴുത്തുകാരനും ഇന്ത്യൻ സംസ്കാരത്തിനും സാഹിത്യത്തിനും നല്കിയ സംഭാവനകൾ ചെറുതല്ല.

രണ്ടുവർഷംമുമ്പ് മലയാളത്തെ ശ്രേഷ്ഠഭാഷയായി ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ചു. വളരെക്കുറച്ചാളുകൾ സംസാരിക്കുന്ന ഒരു ഭാഷ എന്നതായിരുന്നു ശ്രേഷ്ഠഭാഷയായി അംഗീകരിക്കുന്നതിനു തടസ്സമായി ഇന്ത്യാഗവൺമെന്റ് കണ്ടുവച്ചിരുന്ന ന്യായം. അന്ന് അതിനെതിരായി ഒരു പ്രക്ഷോഭം നമ്മുടെ നാട്ടിൽ ഉയർന്നുവരികയുണ്ടായി. കേരളസാഹിത്യ അക്കാദമിയുടെ പ്രസിഡന്റ് എന്ന നിലയിൽ ഈ അംഗീകാരത്തിനു വേണ്ടി കേന്ദ്രഗവൺമെന്റിൽ സമ്മർദം ചെലുത്താനും ശ്രേഷ്ഠഭാഷയായി അംഗീകാരം നേടിയെടുക്കാനും കഴിഞ്ഞുവെന്നതിൽ എനിക്ക് അഭിമാനമുണ്ട്.

മലയാളഭാഷയും സാഹിത്യവും ഇന്ന് പല വിതാനങ്ങളിൽ അംഗീകരിക്കപ്പെടുകയും ഇന്ത്യൻ സാഹിത്യത്തിലെ ഏറ്റവും മികച്ച സാഹിത്യമായിത്തീരുകയും ചെയ്തെന്നു നിസ്സംശയം പറയാൻ കഴിയും. ശ്രേഷ്ഠഭാഷ എന്ന അംഗീകാരം ഇല്ലെങ്കിൽത്തന്നെയും മലയാളത്തിന് ഒരു സ്ഥാനമുണ്ട്. ഭാഷയുടെ വളർച്ചയ്ക്കും കേരളത്തിന്റെ ഏകീകരണം വളരെയധികം സഹായകരമായിത്തീർന്നിട്ടുണ്ട്.

സാഹോദര്യത്തിലും സഹവർത്തിത്വത്തിലും സമുദായമൈത്രിയിലും ഇന്ത്യയിലെ മറ്റേതു സംസ്ഥാനത്തെയുംകാൾ മുൻപന്തിയിൽ നില്ക്കുന്ന നമ്മുടെ കൊച്ചുകേരളത്തെ പിന്നോട്ടു വലിക്കുന്ന ഛിദ്രശക്തികളെ തിരിച്ചറിയാൻ മലയാളിക്കു കഴിയട്ടേയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. മാനവികതയെ ഉയർത്തിപ്പിടിക്കുന്നവരാണ് മലയാളത്തിന്റെ നല്ല എഴുത്തുകാർ. നിക്ഷിപ്തതാത്പര്യക്കാരായ രാഷ്ട്രീയ-മതനേതാക്കളുടെ വലയിൽ വീഴാതെ കേരളത്തിന്റെ പൊതുസമൂഹത്തെ ബോധവത്കരിക്കുന്നതിൽ അവർക്കു വലിയ കടമയുണ്ട്.

ഐക്യകേരളത്തിന്റെ ആത്മാവ് ഒരിക്കലും നഷ്ടമായിക്കൂടാ. ഓരോ ഐക്യകേരളദിനാചരണത്തിലും ജനമനസ്സിലുയരേണ്ടത്, ഒരുമയുടെയും സ്നേഹത്തിന്റെയും നന്മയുടെയും വികാരമായിരിക്കണം. വിഭാഗീയപ്രവണതകളെ തിരിച്ചറിയാനും അതു മുളയിലേ നുള്ളിക്കളയാനും അക്ഷരജ്ഞാനമുള്ള മലയാളിക്കു കഴിയും; കഴിയണം. ■



# പങ്കാളിത്തസഭയ്ക്കായി ആഗോളസിനഡ്



ഫാ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം കത്തോലിക്കാസഭയിൽ നടക്കുന്ന സുപ്രധാന സംഭവം എന്നാണ് സിനഡ് 2023 നെ പൊതുവേ വത്തിക്കാൻ നിരീക്ഷകർ വിലയിരുത്തുന്നത്. മൂന്നാം സഹസ്രാബ്ദത്തിലെ സഭയുടെ മുഖം എന്തായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നത് ഈ സിനഡുവഴി രൂപപ്പെടണമെന്നാണ് സിനഡു വിളിച്ചുചേർക്കുന്ന ഫ്രാൻസീസ് പാപ്പാ ആഗ്രഹിക്കുന്നത്.

**സിനഡുചരിത്രം**

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ നാലാമത്തെയും അവസാനത്തെയും സമ്മേളനത്തിന്റെ പ്രാരംഭത്തിൽ, അതായത്, 1965 സെപ്റ്റംബർ 14 ന് പോൾ ആറാമൻ പാപ്പാ Apostolica Sollicitudo എന്ന Motu proprio വഴി മെത്രാന്മാരുടെ സിനഡ് ഔദ്യോഗികമായി പ്രഖ്യാപിച്ചു നടപ്പിൽവരുത്തി. രണ്ടു ലക്ഷ്യങ്ങളാണ് മെത്രാന്മാരുടെ സിനഡുകൊണ്ട് പോൾ ആറാമൻ പാപ്പാ ലക്ഷ്യം വച്ചത്. ഒന്ന്, രണ്ടാം വത്തിക്കാൻ സൂനഹദോസിൽ അനുഭവവേദ്യമായ മെത്രാന്മാരുടെ കൂട്ടായ്മയുടെ അനുഭവത്തിനു തുടർച്ചയുണ്ടാകുക. രണ്ട്, രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനങ്ങൾക്കു തുടർപഠനം ഉണ്ടാകുകയും അവ വിശ്വാസിസമൂഹത്തിന്റെ പങ്കാളിത്തത്തോടെ പ്രാദേശികമായും സാർവത്രികമായും നടപ്പിൽ വരുത്തുകയും ചെയ്യുക.

1967 നവംബർ ഒന്നിനാണ് മെത്രാന്മാരുടെ പ്രഥമസിനഡ് വത്തിക്കാനിൽ നടന്നത്. 'കത്തോലിക്കാവിശ്വാസത്തിന്റെ സംരക്ഷണവും ശക്തീകരണവും' എന്നതായിരുന്നു പ്രഥമസിനഡിന്റെ വിഷയം. പോൾ ആറാമൻ പാപ്പാ വിളിച്ചുചേർത്ത ഈ സിനഡിന്റെ വെളിച്ചത്തിലാണ് അന്തർദേശീയ ദൈവശാസ്ത്രകമ്മീഷൻ (International Theological Commission) നിലവിൽവന്നതും 1917 ലെ Code of Canon law യുടെ നവീകരണത്തിനു വാതിൽതുറന്നതും. സിനഡനന്തരപ്രബോധനമായി ഒരു അപ്പസ്തോലികപ്രബോധനം (Apostolic Exhortation) പരിശുദ്ധ പിതാക്കന്മാർ പുറപ്പെടുവിക്കാറുണ്ട്. 1974 ൽ പോൾ ആറാമൻ പാപ്പാ പുറപ്പെടുവിച്ച Evangelii Nuntiandi യാണ് ഇതിൽ ആദ്യത്തേത്.

ഫ്രാൻസീസ് പാപ്പാ 2012 ലാണ് ആദ്യമായി മെത്രാന്മാരുടെ സിനഡ് വിളിച്ചുചേർത്തത്. സുവിശേഷത്തിന്റെ സന്തോഷം (Evangelii Gaudium) എന്ന പ്രബോധനം ഇതിനെത്തുടർന്നു പ്രസിദ്ധീകരിച്ചതാണ്. 2015 ൽ കുടുംബത്തെക്കുറിച്ചും (സ്നേഹത്തിന്റെ ആനന്ദം - Amoris Laetizia), 2018ൽ യുവജനശുശ്രൂഷയെക്കുറിച്ചും (ക്രിസ്തു ജീവിക്കുന്നു- Christus Vivit) ഫ്രാൻസീസ് പാപ്പാ സിനഡുകൾ വിളിച്ചുചേർത്തു. ഫ്രാൻസീസ് പാപ്പാ വിളിച്ചുചേർക്കുന്ന നാലാമത് സിനഡുസമ്മേളനമാണ് 2021 – 2023 സിനഡ്.

**മെത്രാന്മാരുടെ 16–ാമത് ആഗോളസിനഡ്**

ഫ്രാൻസീസ് പാപ്പാ ഇപ്പോൾ വിളിച്ചുചേർക്കുന്നത് വത്തിക്കാൻ സൂനഹദോസിനുശേഷമുള്ള 16–ാമത് ആഗോളസിനഡാണ്. ഓരോ സിനഡും സംഘടിപ്പിക്കുന്നത് ഒരു പ്രത്യേക വിഷയത്തെ കേന്ദ്രീകരിച്ചാണ്. 2023 സിനഡിന്റെ വിഷയം 'സിനഡൽ സഭയ്ക്കായി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതശുശ്രൂഷ' എന്നതാണ്. ചുരുക്കത്തിൽ, ഇതിനെ Synod of Synodality എന്നു വിശേഷിപ്പിക്കുന്നു. സിനഡ് എന്ന പദം ഗ്രീക്കിലെ സിനോദോസ് (Synodos) എന്ന വാക്കിൽനിന്നു വരുന്നു. 'ഒരുമിച്ചു നടക്കുക' (Walking together) എന്ന് ഈ വാക്കിന് പൊതുവേ അർത്ഥം കല്പിക്കാം. സിനഡ് ഒരുമിച്ചുള്ള യാത്രയ്ക്ക് ഏവരെയും ആഹ്വാനം ചെയ്യുന്ന ഒരു സംവിധാനമാണ്.

'ഞാനാകുന്നു വഴിയും സത്യവും ജീവനും' (യോഹ. 14:6) എന്ന് അരുൾചെയ്ത യേശുവിന്റെ പിന്നാലെ, യേശുവോടൊത്തു യാത്ര ചെയ്ത ആദിമ ക്രൈസ്തവസമൂഹം അറിയപ്പെട്ടിരുന്നതും 'മാർഗവാസികൾ' എന്നുതന്നെയാണല്ലോ (അപ്പ. 9:2; 19:9; 24:14). എമ്മാവൂസിലേക്കു യാത്രയായ ശിഷ്യന്മാരോടൊപ്പം (ലൂക്കാ 24) യാത്ര ചെയ്ത് അവർക്കു വചനം വ്യാഖ്യാനിച്ചുകൊടുത്തും അപ്പം മുറിച്ചുകൊടുത്തും രക്ഷയുടെ വഴിയൊരുക്കിയ അനുഭവമാണ് ഈ കൂട്ടായ യാത്രയ്ക്കുള്ള പ്രചോദനവും.

'സിനഡാലിറ്റി' എന്നത് ഫ്രാൻസീസ് പാപ്പായ്ക്ക് ഏറെ പ്രിയംനിറഞ്ഞ ഒരു വാക്കാണ്. പങ്കാളിത്തത്തോടും കൂട്ടുത്തരവാദിത്വത്തോടുംകൂടി വിശ്വാസിസമൂഹം കൂട്ടായ്മയിൽ യാത്ര ചെയ്യുന്നതാണ് സിനഡാലിറ്റി. ആമസോൺ സിനഡിന്റെ സമാപനരേഖയിൽ Synodal conversion എന്ന വാക്ക് അദ്ദേഹം ഉപയോഗിക്കുന്നുണ്ട്. സിനഡാലിറ്റിക്ക് ഏറെ ആവശ്യമുള്ളത് എല്ലാവരുടെയും മാനസാന്തരമാണ്. ഈ സിനഡിലൂടെ ചില മാറ്റങ്ങൾ ഉൾക്കൊള്ളാൻ എല്ലാവരും തയ്യാറാകണം. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതശുശ്രൂഷ എന്നിവ സാധ്യമാക്കാൻ ഈ മാറ്റം അനിവാര്യമാണ്. ഈ മൂന്നു കാര്യങ്ങളാണ് സിനഡിന്റെ ആപ്തവാക്യത്തിന്റെ ഭാഗമായി ഫ്രാൻസീസ് പാപ്പാ ഉയർത്തിക്കാട്ടുന്നത്.

കൂട്ടായ്മ എന്നത് ഏകവിശ്വാസം പ്രഖ്യാപിച്ചു മുന്നേറുന്ന വിശ്വാസിസമൂഹത്തിന്റെ ഐക്യത്തോടെയുള്ള യാത്രയാണ്. അതിൽ സുപ്രധാനമായ ഘടകമാണ് പങ്കാളിത്തം എന്നത്. സഭയെന്നാൽ മെത്രാന്മാരോ വൈദികരോ സന്ന്യസ്തരോ അല്ല. സഭ വിശ്വാസിസമൂഹമാണ്, ദൈവജനമാണ്. വിശ്വാസിസമൂഹത്തിന്റെ ഭാഗമാണ് ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും. പങ്കാളിത്തസഭയിൽ എല്ലാവർക്കും അവസരമുണ്ട്. ആരും അവഗണിക്കപ്പെടുകയോ മാറ്റിനിർത്തപ്പെടുകയോ കേൾക്കാതെ പോകുകയോ പാടില്ല. പ്രേഷിതശുശ്രൂഷ സഭയുടെ സ്വഭാവമാണ്. സഭ ആയിരിക്കുന്നതുതന്നെ സുവിശേഷപ്രഘോഷണത്തിനാണ്.

**സിനഡിന്റെ ലക്ഷ്യങ്ങൾ**

2023 സിനഡ് സംഘടിപ്പിക്കുന്നത് ആളുകളുടെ അഭിപ്രായശേഖരണത്തിനല്ല; ഏതെങ്കിലും തരത്തിലുള്ള ഒരു അന്വേഷണവുമല്ല ഈ സിനഡ്. പരിശുദ്ധാത്മാവിനെ ശ്രവിച്ചുകൊണ്ട് ഒരുമിച്ചു യാത്ര ചെയ്യാനുള്ള ഒരു ശ്രമമാണിത്.

സഭയുടെ ചരിത്രത്തിലുടനീളം സഭയെ പരിശുദ്ധാത്മാവ് എപ്രകാരമാണു നയിച്ചതെന്ന് പിന്തിരിഞ്ഞു നോക്കാനുള്ള ഒരു അവസരമാണിത്. ആത്മാവിന്റെ സ്വരം അപരനിലും കേൾക്കാൻ കഴിയണം. ആരെയും ഒഴിച്ചുനിർത്താതെ പരസ്പരം കേൾക്കാൻ ഈ യാത്രയിൽ ശ്രമമുണ്ടാകണം.

എല്ലാവരെയും ഉൾക്കൊള്ളുന്ന, എല്ലാവർക്കും പങ്കാളിത്തമുള്ള ഒരു കൂട്ടായ്മയാണിത്. ഓരോരുത്തർക്കും അവരവരുടെ വിളിക്കനുസൃതമായി കടമകൾ നിർവഹിക്കാനാവണം. ദൈവവിളി എന്നത് ഒരു പദവിയായി ആരും കാണരുത്. അത് ഒരു ഉത്തരവാദിത്വമാണ്. സ്വർഗീയജറുസലേം ലക്ഷ്യമാക്കിയുള്ള വിശ്വാസിസമൂഹത്തിന്റെ ഈ തീർത്ഥാടനത്തിൽ എല്ലാവരുടെയും വിളിക്കനുസൃതമായ ഫലങ്ങൾ പുറപ്പെടുവിക്കണം.

സഭയുടെ ശുശ്രൂഷാസംവിധാനങ്ങളെ വിലയിരുത്താനും കാലികമായി നവീകരിക്കാനും ഈ സിനഡുവഴി സാധിക്കണം. മാറ്റങ്ങൾ ഉൾക്കൊള്ളാൻ ഭയപ്പെടാതിരിക്കുകയും തെറ്റായ രീതികളും ബോധ്യങ്ങളും ഉപേക്ഷിക്കുകയും വേണം.

എല്ലാത്തലത്തിലുമുള്ളവരിലേക്ക് ഇറങ്ങിച്ചെന്ന് അവരെ ശ്രവിക്കാനും കാര്യങ്ങൾ വിവേചിച്ചറിഞ്ഞ് (listening and discernment) പ്രവർത്തിക്കാനും അവസരമൊരുക്കണം.

ബന്ധങ്ങൾ ശക്തിപ്പെടുത്താനും വിഭാഗീയതകൾ ഒഴിവാക്കാനും ശ്രമങ്ങൾ നടക്കണം.

കാലാകാലങ്ങളിൽ സഭയിൽ നടന്നിട്ടുള്ള പഠനങ്ങളും പ്രബോധനങ്ങളും അംഗീകരിച്ചു നടപ്പിലാക്കുകയും ഫലപ്രദമാക്കുകയും ചെയ്യണം.

**അപ്പസ്തോലപ്രവർത്തനങ്ങളാണ് മാർഗരേഖ**

'സിനഡാലിറ്റി' എന്നത് ആരുടെയും വ്യക്തിപരമായ കണ്ടുപിടിത്തമോ ചിന്തയോ അല്ല. ആദിമസഭയുടെ ബ്ലൂപ്രിന്റ് ആണ് സിനഡാലിറ്റി. ആദിമസഭ ഒരുമിച്ചു യാത്ര ചെയ്ത ദൈവജനമാണ്. ദൈവവചനത്തിനു കാതോർത്ത് ചെയ്ത ആ യാത്ര ജറൂസലേമിലാരംഭിച്ച് റോമിൽ എത്തിച്ചേർന്നു. ആദിമസഭയിൽ എല്ലാവരും പ്രധാന കഥാപാത്രങ്ങളായിരുന്നു. ആരും അവിടെ മാറ്റിനിർത്തപ്പെട്ടില്ല. ആരും അധികപ്പറ്റാണെന്നു കരുതപ്പെട്ടില്ല. എല്ലാ പ്രശ്നങ്ങൾക്കും അവർക്കു പരിഹാരമുണ്ടായിരുന്നു. പരിച്ഛേദനകർമത്തെക്കുറിച്ചുള്ള തർക്കവും വിധവകളുടെ ശുശ്രൂഷയെ സംബന്ധിച്ച പ്രശ്നങ്ങളുമെല്ലാം അവർ പരിഹരിച്ചു. ദൈവത്തിന്റെ സ്ഥാനം ആരും അപഹരിച്ചെടുക്കാൻ ശ്രമിച്ചില്ല. സഭയെ തന്നിഷ്ടപ്രകാരം രൂപപ്പെടുത്താനുള്ള കുത്സിതശ്രമങ്ങളെ അവർ കൂട്ടായി തച്ചുടച്ചു.

**പത്രോസും പൗലോസും ഉദാത്തമാതൃകകൾ**

'വിശ്വാസിസമൂഹത്തിന്റെ വിശ്വാസാവബോധത്തെ' (Sensus fidei fidelium) കേന്ദ്രീകരിച്ച് ക്രിസ്തുവിന്റെ പ്രവാചകധീരതയോടെ മുന്നേറാനാണ് സഭാനേതൃത്വം ശ്രമിക്കേണ്ടതെന്ന് അപ്പസ്തോലന്മാരായ പത്രോസും പൗലോസും കാട്ടിത്തന്നു. ക്രിസ്തു സാധ്യമാക്കിയ രക്ഷയുടെ സന്ദേശം എല്ലായിടത്തും പ്രഘോഷിക്കപ്പെടാൻ പുതിയ വഴികൾ അവർ വെട്ടിത്തെളിച്ചു. സഭയുടെ വാതിൽ എല്ലാവർക്കുമായി തുറന്നുവച്ച അവർ വിഭജനത്തിന്റെ മതിലുകൾ തകർത്തും ബന്ധനത്തിന്റെ കെട്ടുകൾ പൊട്ടിച്ചെറിഞ്ഞും ധീരതയോടെ ക്രിസ്തുവിനു സാക്ഷ്യം നല്കി. ഈ മാതൃകകൾ ഉൾക്കൊള്ളാൻ വിശ്വാസിസമൂഹത്തിനു മുഴുവൻ കഴിയണം.

**സിനഡിന്റെ നടപടിക്രമങ്ങൾ**

2021 ഒക്ടോബർമുതൽ 2023 മാർച്ചുവരെയാണ് സിനഡിന്റെ ഒരുക്കത്തിന്റെ കാലം. മൂന്നു ഘട്ടങ്ങളിലൂടെയാണ് ഈ സിനഡ് നടക്കുന്നത്. ആദ്യഘട്ടം രൂപതാതലത്തിൽ നടക്കേണ്ടതാണ്. 2021 ഒക്ടോബർ മുതൽ 2022 ഏപ്രിൽവരെയാണ് ഈ കാലഘട്ടം. 2021 ഒക്ടോബർ 17 ന് കത്തോലിക്കാസഭയിലെ 3000 രൂപതകളിൽ സിനഡ് ഉദ്ഘാടനം ചെയ്യപ്പെട്ടു.

ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാ അംഗങ്ങളെയും ശ്രവിക്കുക എന്നതാണ് രൂപതാതല സിനഡിൽ ഏറ്റവും കരണീയമായിട്ടുള്ളത്. വിഭാഗീയതകളും തെറ്റുധാരണകളും ഒഴിവാക്കി യാത്രയിൽ കൈകോർക്കാൻ രൂപതാതലത്തിൽ ശ്രമങ്ങളുണ്ടാകണം.



ശേഷം 6-ാം പേജിൽ

# മാധ്യമപ്രവർത്തനം മനുഷ്യനന്മയെ മാനിക്കാതായാൽ



ഫാ. ഡോ. ജോർജ് കാരാംവേലിൽ

ബ്രിട്ടീഷ് പാർലമെന്റിലെ മാധ്യമഗാലറിക്കു നേരേ വിരൽ ചൂണ്ടിക്കൊണ്ട് ബ്രിട്ടീഷ് പാർലമെന്റേറിയന്മാരിൽ ഒരാളായിരുന്ന തോമസ് കാർലൈൻ ഒരിക്കൽ പറഞ്ഞു: "Edmond Burke said: there are three estates in the parliament. But the reporters gallery yonder there sat a fourth Estate more important far than they all." മാധ്യമങ്ങൾ ജനാധിപത്യവ്യവസ്ഥിതിയുടെ ചതുർസ്തംഭങ്ങളിൽ ഒന്നായിമാറാൻ ഈ പ്രസ്താവന ഏറെ പങ്കുവഹിച്ചുവെന്നത് ഒരു ചരിത്രസത്യമാണ്. നീതിന്യായവ്യവസ്ഥയും ഭരണനിർവഹണസഭയും നിയമനിർമാണസഭയും മാധ്യമങ്ങളും ഒന്നിച്ചുകൂടുന്ന ഈ ചതുർസ്തംഭങ്ങളാണ് ജനാധിപത്യവ്യവസ്ഥിതിയെ കറപുരളാതെയും പരിക്കുപറ്റാതെയും കാത്തുസൂക്ഷിക്കുന്നത്. ഇതിൽ മാധ്യമങ്ങളാണ് ഏറ്റവും സുപ്രധാനവും സുശക്തവുമെന്നു കാരണങ്ങൾ നിരത്തി കാർലൈൻ പറയുന്നു. മറ്റു മൂന്നു സംവിധാനങ്ങളെയും സംബന്ധിച്ചുള്ള യഥാർത്ഥ വസ്തുതകൾ ബഹുജനശ്രദ്ധയിൽ കൊണ്ടുവരിക, അവയെ വിലയിരുത്തുക, അവയിലെ അപഭ്രംശങ്ങളും വ്യതിചലനങ്ങളും പുറത്തുകൊണ്ടുവരിക എന്നീ ദൗത്യങ്ങൾ അനുഷ്ഠിക്കുന്നതുവഴി മാധ്യമങ്ങൾ മുഖ്യസ്ഥാനം വഹിക്കുന്നു എന്നാണ് കാർലൈന്റെ വിവക്ഷ.



### ഭാരതത്തിന്റെ സാഹചര്യങ്ങളിൽ

ഭാരതത്തിലെ ജനങ്ങളുടെ അനുദിന ജീവിതവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളെയും മാധ്യമങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ ബാധിച്ചുകഴിഞ്ഞു. ഒരു വ്യക്തിയുടെയോ സമൂഹത്തിന്റെയോ മനസ്സു ക്രമീകരിക്കാനോ മാറ്റിയെടുക്കാനോ മാധ്യമങ്ങൾ കരുത്തുറ്റ ആയുധങ്ങളാണെന്ന് ഭാരതത്തിലെ ആനുകാലിക സാമൂഹികസാംസ്കാരികസംഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

നമ്മുടെ ജനങ്ങളിൽ സ്വാതന്ത്ര്യബോധം വളർത്തുന്നതിൽ സോഷ്യൽ മീഡിയ ഒരു പ്രധാന പങ്കുവഹിക്കുന്നുണ്ട്. സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ മാറ്റങ്ങൾക്കായുള്ള ആശയങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും പൊതുജനാഭിപ്രായങ്ങൾ ഏകീകരിക്കുന്നതിനും എക്കാലത്തും മാധ്യമങ്ങൾക്കു സാധിച്ചിട്ടുണ്ട്. ഫ്രഞ്ചുവിപ്ലവത്തിന് 'ലഘുലേഖകൾ' പ്രധാന സംവേദനമാധ്യമമായി പ്രവർത്തിച്ചപ്പോൾ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സ്വാധീനം ചെലുത്തിയത് 'ഹരിജൻ,' 'കേസരി' തുടങ്ങിയ പത്രങ്ങൾ ആയിരുന്നു. എന്നാൽ, ശാസ്ത്രസാങ്കേതികവിദ്യകളുടെ വികാസത്തിന്റെ ഫലമായി ലോകം അച്ചടിമാധ്യമത്തിൽനിന്ന് ഇലക്ട്രോണിക് മാധ്യമത്തിലേക്കു ചുവടുമാറ്റിയപ്പോൾ ജനകീയമുന്നേറ്റങ്ങളിലും ഈ മാറ്റം പ്രതിഫലിക്കാൻ തുടങ്ങി.

നിയമനിർമാണത്തെക്കുറിച്ചോ നീതിന്യായവ്യവസ്ഥിതിയെക്കുറിച്ചോ ഭരണനിർവഹണത്തെക്കുറിച്ചോ ഉള്ള സമൂഹത്തിന്റെ ചിന്തകളുടെയും നിഗമനങ്ങളുടെയും അജണ്ട രൂപപ്പെടുത്തുന്നത് ഒരു പരിധിവരെ മാധ്യമങ്ങളാണ്. ഒരു ജനതയുടെ ചിന്താശേഷിയെയും പെരുമാറ്റശൈലിയെയും അധികാരവർഗത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് പന്താടാൻ ഇന്ന് ഏറ്റവും ശക്തമായ മാർഗമായി മാധ്യമങ്ങൾ മാറിയിരിക്കുന്നു.

ജർമനിയിൽ നാസിഭരണകാലത്ത് ഗ്യാസ്ചേമ്പറുകളിൽ ലക്ഷക്കണക്കിനു ജൂതന്മാരും കമ്മ്യൂണിസ്റ്റുകളും കത്തോലിക്കരും മൃഗീയമായി കൊലചെയ്യപ്പെട്ടപ്പോഴും ജർമൻമാധ്യമങ്ങളിൽ നിറഞ്ഞുനിന്ന വാർത്തകൾ എല്ലാം ഹിറ്റ്ലറെക്കുറിച്ചുള്ള അദ്ഭുതകരമായ വിവരണങ്ങളും അയാളുടെ അപദാനങ്ങളുമായിരുന്നു. മാധ്യമവാഴ്ത്തലുകളുടെ കുത്തൊഴുക്കിൽ ഹിറ്റ്ലർ ചെയ്തുകൂട്ടിയ ക്രൂരകൃത്യങ്ങൾ അക്കാലത്ത് മൂടിവയ്ക്കപ്പെട്ടു. ഇന്ത്യയിലും ഇതിനു സമാനമായ ഒരു സാഹചര്യം നിലനിൽക്കുന്നുവെന്നു വിലയിരുത്തുന്നുണ്ട്. ഭരണാധികാരികളെയും ഭരണവർഗത്തെ മുഴുവനും വാഴ്ത്തിപ്പാടാൻ പരസ്പരം മത്സരിക്കുന്ന മാധ്യമങ്ങൾ ഇന്ത്യൻജനതയുടെ മൗലികമായ പ്രശ്നങ്ങളെ പലപ്പോഴും തമസ്കരിക്കുന്നു. ഒരു വശത്ത് സമ്പന്നവർഗം ചൂഷണത്തിനു പുതിയ വഴികൾ തേടുമ്പോൾ മറുവശത്ത് ദരിദ്രർ വീണ്ടും ദരിദ്രരായി മാറിക്കൊണ്ടിരിക്കുന്നു. കർഷകനും തൊഴിലാളിയും അടിസ്ഥാനനീതി നിഷേധിക്കപ്പെട്ട് തെരുവിലലയുന്നു. തൊഴിലില്ലായ്മയുടെയും ജാതിസ്പർദ്ധയുടെയും ശക്തികൾ സമൂഹത്തെ കീഴ്പ്പെടുത്തുന്നു. സാധാരണ ജനങ്ങൾ കോർപ്പറേറ്റ് ഭീമന്മാരുടെ ക്രൂരമായ ചൂഷണത്തിനിരകളായിത്തീരുന്നു. പക്ഷേ, ഇന്ത്യൻമാധ്യമങ്ങൾ ജനതയുടെ ഈ വിലാപങ്ങൾക്കുനേരേ കണ്ണടയ്ക്കുന്നു. മാത്രവുമല്ല രാഷ്ട്രീയസാമൂഹിക സാമ്പത്തിക സാംസ്കാരിക അനീതിക്കും ഉച്ചനീചത്വങ്ങൾക്കും കാരണമാകുന്ന അധികാരികളെയും ഭരണകൂടത്തെയും പുകഴ്ത്തിക്കൊണ്ടിരിക്കുകയുമാണ്. അസ്തിത്വത്തിന്റെയും നിലനില്പിന്റെയും ഉപജീവനത്തിന്റെയും സമസ്യകൾകൊണ്ട് ജനം ദുരിതത്തിലായിരിക്കുമ്പോഴും ദേശസ്നേഹത്തിന്റെയും വളർച്ചയുടെയും അപ്പക്കഷണങ്ങൾ ക്രൂരമായ രീതിയിൽ പെരുപ്പിച്ചുകാട്ടി അവരെ നിശ്ശബ്ദമാക്കുന്ന ഭരണശൈലിക്കു മാധ്യമങ്ങൾ കുടപിടിക്കുന്നു. ഭരണവർഗത്തിന്റെ മുഖംമൂടിയായി വികസനവാദവും ദേശസ്നേഹവും അവതരിപ്പിക്കപ്പെടുമ്പോൾ അന്നത്തിനുവേണ്ടിയും തൊഴിലിനുവേണ്ടിയും മുറവിളി കൂട്ടുന്നവർ ദേശദ്രോഹിയും വികസനവിരോധിയും ആയിത്തീരുന്നു. ഇവിടെ ഭാരതത്തിലെ മാധ്യമങ്ങൾ ചോദ്യം ചെയ്യപ്പെടാത്ത ശരികളായി മാറുന്നു.

### മാധ്യമങ്ങളുടെ സ്വാധീനം

കൂടുതൽ വ്യക്തത ആവശ്യമാണെങ്കിലും സമൂഹത്തിന്റേമേലുള്ള മാധ്യമസ്വാധീനങ്ങളെ പൊതുവിൽ അഞ്ചു മേഖലകളിലായി ദർശിക്കാം:

A. ചിന്താശൈലിയിൽ (Thought Pattern)
B. പെരുമാറ്റശൈലിയിൽ (Behaviour Pattern)
C. വൈകാരികമേഖലയിൽ (Emotional Pattern)
D. മനോഭാവത്തിന്റെ മേഖലയിൽ (Attitudes)
E. ശാരീരികതലത്തിൽ (Physical level).

മാധ്യമപ്രവർത്തനരംഗത്തെ ഏറ്റവും ശക്തമായ ഘടകങ്ങളാണ് മൊബൈൽ ഫോൺ, ഇന്റർനെറ്റും സാമൂഹികസമ്പർക്കവും, സിനിമ, പരസ്യങ്ങൾ, വാർത്താവിഭാഗവും ടെലിവിഷനും. ഏതാണ്ട് 82222 വർത്തമാനപ്പത്രങ്ങൾ ഇന്ന് ഇന്ത്യയിലുണ്ട്. 840 ടെലിവിഷൻ ന്യൂസ് ചാനലുകളും 1600 സർക്കാർ, സർക്കാരേതര കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനുകളും ഇന്ന് ഇന്ത്യയിലുണ്ട്. 2022 ആകുമ്പോഴേക്കും ഇന്ത്യയിൽ ഇന്റർനെറ്റ് ഉപഭോക്താക്കളുടെ എണ്ണം 92 കോടിയിലെത്തുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

### ഇന്ത്യയിലെ മാധ്യമമേഖലയിലെ പ്രശ്നങ്ങൾ

'എത്തിക്കൽ ജേണലിസം നെറ്റ്വർക്ക്' എന്ന കമ്പനി ഇന്ത്യയിലെ മാധ്യമപ്രവർത്തനമേഖലയിലെ പ്രശ്നങ്ങളെയെല്ലാം അക്കമിട്ടു നിരത്തുകയാണ്.

A. കൂലിക്കു വാർത്ത എഴുതൽ (Paid News).
B. കോർപ്പറേറ്റു കമ്പനികളുമായുള്ള രഹസ്യബന്ധവും ധാരണകളും (Opaque Private Treaties).
C. തുറന്ന അപകീർത്തിപ്പെടുത്തൽ ( Blatant Blackmail).
D. ശ്രോതാക്കളിലേക്ക് എത്തിച്ചേരാനുള്ള കുൽസിതമാർഗങ്ങൾ

ഇവ പരിഹരിക്കാതെ എങ്ങനെ സത്യസന്ധമായ മാധ്യമസംസ്കാരം നമ്മുടെ സമൂഹത്തിൽ വളർത്താനാകും?

### കേരളത്തിലേത് മാധ്യമവേട്ടയോ, മാധ്യമമതമർദനമോ?

സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന കേരളത്തിലെ മാധ്യമപ്രവർത്തനശൈലിയെ വിലയിരുത്തേണ്ടത് ആവശ്യമാണെന്നു തോന്നുന്നു. ഓരോ പ്രത്യേക രാഷ്ട്രീയവിഭാഗത്തിന്റെയും നിക്ഷിപ്തതാത്പര്യങ്ങൾക്കുവേണ്ടി വിലയ്ക്കുവാങ്ങപ്പെട്ട ഉപകരണങ്ങളുടെ അവസ്ഥയിലേക്കു കേരളത്തിലെ മാധ്യമങ്ങൾ അധഃപതിച്ചുപോയെന്ന് പരിതപിക്കേണ്ടിയിരിക്കുന്നു. വ്യാജവാർത്തകളുടെയും മതനിന്ദയുടെയും വികലവിശ്വാസങ്ങളുടെയും രാഷ്ട്രീയഗ്രൂപ്പിസത്തിന്റെയും ഒരു ഗോഡൗണായി കേരളത്തിലെ മാധ്യമലോകം മാറിപ്പോയോ എന്ന് ഉറക്കെച്ചിന്തിക്കേണ്ടിയിരിക്കുന്നു. വ്യൂവർഷിപ്പ് കൂട്ടാൻവേണ്ടി വ്യക്തിഹത്യയ്ക്കായി മാധ്യമങ്ങളെ ദുരുപയോഗിക്കുന്നു. വ്യാജവിവരങ്ങൾ അവതരിപ്പിച്ച് വ്യക്തികളെയും പ്രസ്ഥാനങ്ങളെയും സമൂഹമധ്യത്തിൽ നിന്ദിക്കുന്ന ശൈലി, കോർപ്പറേറ്റ് കമ്പനികളുടെ വ്യവസായതാത്പര്യങ്ങൾ സംരക്ഷിക്കാൻ നടത്തുന്ന കുത്സിതശ്രമങ്ങൾ, ഭീകരപ്രവർത്തനങ്ങളെയും തീവ്രവാദശൈലികളെയും പ്രോത്സാഹിപ്പിക്കുന്ന രീതി ഇവയെല്ലാം കേരളത്തിലെ മാധ്യമസംസ്കാരത്തിലെ പുഴുക്കുത്തുകളാണ്.

### പരിശുദ്ധ സഭയ്ക്കും സഭാമൂല്യങ്ങൾക്കുമെതിരേ രഹസ്യ അജണ്ടയോ?

സമൂഹത്തിൽ നിലനിൽക്കുന്ന പുഴുക്കുത്തുകൾക്കും തിന്മകൾക്കുമെതിരേ ശബ്ദം ഉയർത്തുമ്പോളാണല്ലോ മാധ്യമങ്ങളുടെ സാമൂഹ്യപ്രതിബദ്ധത വ്യക്തമാകുന്നത്. കേരളസമൂഹത്തെ കാർന്നുതിന്നുന്ന നാർക്കോട്ടിക് ടെററിസം, ലൗ ജിഹാദ് എന്നീ തിന്മകൾക്കെതിരേ

ഭരണാധികാരികളെയും ഭരണവർഗത്തെ മുഴുവനും വാഴ്ത്തിപ്പാടാൻ പരസ്പരം മത്സരിക്കുന്ന മാധ്യമങ്ങൾ ഇന്ത്യൻ ജനതയുടെ മൗലികമായ പ്രശ്നങ്ങളെ പലപ്പോഴും തമസ്കരിക്കുന്നു. കർഷകനും തൊഴിലാളിയും അടിസ്ഥാനനീതി നിഷേധിക്കപ്പെട്ട് തെരുവിലലയുന്നു. തൊഴിലില്ലായ്മയുടെയും ജാതിസ്പർദ്ധയുടെയും ശക്തികൾ സമൂഹത്തെ കീഴ്പ്പെടുത്തുന്നു. ഇന്ത്യൻമാധ്യമങ്ങൾ ജനതയുടെ ഈ വിലാപങ്ങൾക്കുനേരേ കണ്ണടയ്ക്കുന്നു.

സംസാരിക്കുന്നവരെ ഒറ്റപ്പെടുത്തി ആക്രമിക്കുന്ന ശൈലി മാധ്യമങ്ങളുടെ സാമൂഹികപ്രതിബദ്ധതയ്ക്കു ചേർന്നതല്ല.

സഭാപ്രബോധനങ്ങളെയും പഠനങ്ങളെയും ബോധപൂർവം നിഷേധിക്കുന്നതും സഭാശുശ്രൂഷകളെ തമസ്കരിക്കുന്നതും താറടിക്കുന്നതും നിസ്സാരമായി കാണാനാവില്ല. സന്ന്യാസത്തെയും പരിശുദ്ധ കൂദാശകളെയും നിന്ദിക്കുകയും നിഷേധിക്കുകയും ചെയ്യുന്നവരുടെ ശബ്ദമായി മാധ്യമങ്ങൾ മാറുന്നത് ആശാസ്യമല്ല. നീതിക്കും സമത്വത്തിനും സമാധാനത്തിനുംവേണ്ടിയുള്ള സഭയുടെ അവകാശാധികാരങ്ങളെ ബോധപൂർവം അവഗണിക്കുന്നതും ശരിയല്ല.

2016 സെപ്റ്റംബർ 22 ന് ഇറ്റാലിയൻ നാഷണൽ കൗൺസിൽ ഓഫ് ദ ഓർഡർ ഓഫ് ജേണലിസ്റ്റ് എന്ന സംഘടനയിലെ 500 റിപ്പോർട്ടർമാരെ അഭിസംബോധന ചെയ്തു ഫ്രാൻസിസ് മാർപാപ്പ പറഞ്ഞത് ഇത്തരുണത്തിൽ പ്രസക്തമാണ്:

"സത്യസന്ധത, പ്രൊഫഷണലിസം, മനുഷ്യത്വമുള്ള ബഹുമാനം, മനുഷ്യനന്മകളെ പ്രോത്സാഹിപ്പിക്കൽ എന്നിവയാണ് മാധ്യമപ്രവർത്തകർക്കു വേണ്ട ഗുണങ്ങൾ. അപവാദം പ്രചരിപ്പിക്കുകയും ഭയം വിതറുകയും ചെയ്യുന്ന മാധ്യമപ്രവർത്തനം ഭീകരപ്രവർത്തനമാണ്. അതുകൊണ്ട് ഏഷണി പറയാതെ സത്യം മാത്രം റിപ്പോർട്ട് ചെയ്യാൻ നിങ്ങൾ ശ്രദ്ധിക്കണം. അനീതിയായും അസത്യമായും മാന്യതയില്ലാതെയും വാക്കുകൾകൊണ്ടും ചിത്രങ്ങൾകൊണ്ടും വ്യക്തികളെയും പ്രസ്ഥാനങ്ങളെയും നശിപ്പിക്കാൻ മാധ്യമപ്രവർത്തനം ആയുധമാക്കരുത്."




കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി

# ഒറ്റവിരൽത്തുമ്പിൽ വിരിയുന്ന വിസ്മയലോകം



ജോയിഷ് ജോസ്

'എന്നെ ചേർത്തുപിടിക്കാൻ ഒരു പുരുഷനെയോ സ്വന്തമായി ഒരു കുഞ്ഞിനെയോ എനിക്കു ലഭിച്ചേക്കില്ല. പരമ്പരാഗതമായ ഒരു ജീവിതസാഹചര്യത്തിലേക്ക് ഒരിക്കലും ഞാൻ പ്രവേശിച്ചേക്കില്ല. എങ്കിലും ഈ പോരാട്ടം തുടരേണ്ടതുണ്ടെന്ന് ഞാൻ തിരിച്ചറിയുന്നു. ആളുകൾ എന്നെ ഒഴിവാക്കുന്നു എന്ന യാഥാർത്ഥ്യത്തോട് പൊരുത്തപ്പെട്ടുതന്നെ."

– മാലിനി ചിബ്

സെറിബ്രൽ പൾസി എന്ന മാരകരോഗാവസ്ഥയെ തരണം ചെയ്ത് ജീവിതം കൈവരിച്ച ഒരു അസാധാരണവനിതയുടെ ആത്മകഥയാണിത്. പ്രതിസന്ധികളിൽ തളരാതെ ഉന്നതവിദ്യാഭ്യാസം നേടി സാമൂഹികസേവനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ടുകൊണ്ടിരിക്കുന്ന, മാനസിക – ശാരീരിക വെല്ലുവിളി നേരിടുന്നവർക്കു പ്രചോദനമേകുന്ന മാലിനി ചിബിന്റെ ജീവിതകഥ. മാലിനി തന്റെ ശരീരത്തിൽ അവളുടെ നിയന്ത്രണത്തിനു വഴങ്ങുന്ന ഏക അവയവമായ ഒറ്റവിരലിന്റെ കഠിനപ്രയത്നത്തിലൂടെ രണ്ടു വർഷമെടുത്തു തയ്യാറാക്കിയ ആത്മകഥയാണ് വൺ ലിറ്റിൽ ഫിംഗർ അഥവാ ഒരു വിരൽത്തുമ്പ്.

സെറിബ്രൽ പൾസിയെക്കുറിച്ച് വേണ്ടത്ര പഠനങ്ങളോ ബോധ്യങ്ങളോ ഇല്ലാത്ത കാലഘട്ടത്തിൽ രഞ്ജിത് ചിബിന്റെയും മിതു അലുറിന്റെയും മകളായി 1966 ൽ കൽക്കത്തയിലാണ് മാലിനി ചിബിന്റെ ജനനം. ചലനസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട ശരീരവും ശബ്ദം നിഷേധിക്കപ്പെട്ട നാവും വഴങ്ങാത്ത കൈവിരലുകളുമായുള്ള അവളുടെ ജനനത്തിൽ ആദ്യമൊന്നു പകച്ചുവെങ്കിലും ആ മാതാപിതാക്കൾ മാലിനിയുടെ ജീവിതവഴികളിലെ മുള്ളുകൾ ഓരോന്നായി എടുത്തുമാറ്റി. ഇടയ്ക്കുവച്ച് മാതാപിതാക്കൾ വേർപിരിഞ്ഞുവെങ്കിലും അവളുടെ മാതാവ് മിതു അലുർ കണ്ണീരിനുപകരം പുഞ്ചിരിച്ചുകൊണ്ടു മുന്നേറാൻ അവൾക്ക് നനുത്ത പാതകൾ ഒരുക്കി.


സെറിബ്രൽ പൾസി അല്ലെങ്കിൽ മറ്റ് ശാരീരികമാനസിക അസുഖങ്ങൾ ബാധിച്ച, യാതന നേരിടുന്ന നിരവധി കുട്ടികൾ നമ്മുടെ സമൂഹത്തിലുണ്ട്. അവർക്കു താങ്ങും തണലും പ്രചോദനവുമാകേണ്ട മാതാപിതാക്കൾ നിസ്സഹായരായി നിൽക്കുന്ന കാഴ്ചയ്ക്കിടയിലാണ് മിതു അലുർ എന്ന അമ്മ മാലിനിയെ മറ്റു മക്കളോടൊപ്പം യാതൊരു വിവേചനവുമില്ലാതെ വളർത്തി ഉയരങ്ങളിൽ എത്തിച്ചത്. അതുകൊണ്ടുതന്നെ മാലിനി ചിബിന്റെ ജീവിതം നമുക്കു പറഞ്ഞുതരുന്നത് അതിജീവനത്തിന്റെ പാഠങ്ങൾ മാത്രമല്ല, ആത്മവിശ്വാസത്തിന്റെ പ്രചോദനപാഠങ്ങളും അവളുടെ അമ്മയുടെ സ്വാർത്ഥരഹിതമായ സഹനപാഠങ്ങളും കൂടിയാണ്. അവരുടെ കഠിനപ്രയത്നങ്ങൾ ഇന്ത്യയിലെ ആദ്യത്തെ സ്പെഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിലേക്ക് അവരെ എത്തിക്കുകയും ചെയ്തു.




മാലിനിയുടെ ജീവിതത്തെ സംബന്ധിച്ചിടത്തോളം സാധാരണജീവിതത്തിലേക്ക് എത്തുകയെന്നത് അതികഠിനമായിരുന്നു. തീവ്രമായൊരു ഒറ്റപ്പെടലായിരുന്നു അവർ അനുഭവിക്കേണ്ടിയിരുന്നത്. എങ്കിലും ഇംഗ്ലണ്ടിലും ഇന്ത്യയിലുമായി മാലിനി തന്റെ പഠനങ്ങൾ പൂർത്തിയാക്കി. രണ്ടു ബിരുദാനന്തരബിരുദങ്ങൾ കരസ്ഥമാക്കി. 2011 ൽ ഇന്ത്യാ ഗവൺമെന്റ് ഈ മാതൃകാജീവിതത്തെ ആദരിക്കുകയുണ്ടായി. മാലിനി ചിബ് ഇന്ന് സെറിബ്രൽ പൾസികൊണ്ടും മറ്റു ശാരീരികാവശതകൾകൊണ്ടും ദുരിതമനുഭവിക്കുന്നവർക്കു പ്രചോദനമായി നിലകൊള്ളുന്ന സാമൂഹികപ്രവർത്തകയാണ്.

അംഗവൈകല്യം ഒരു ശാപമല്ല; രോഗവുമല്ല. മറിച്ച് അപകടമോ രോഗമോവഴി ആർക്കും വരാവുന്ന ഒരവസ്ഥ മാത്രമാണെന്നും അംഗപരിമിതർക്കാവശ്യം സഹതാപമല്ല; മറിച്ച്, സ്നേഹവും സാന്ത്വനവും പിന്തുണയുമാണെന്നും അവർ 'കഴിവില്ലാത്തവര'ല്ല; മറിച്ച് 'വ്യത്യസ്തമായ കഴിവുള്ളവരാ'ണെന്നും മാലിനി ചിബിന്റെ ജീവിതകഥ നമ്മെ ബോധ്യപ്പെടുത്തുന്നു.

അന്ധയും ബധിരയും മൂകയുമായ ഹെലൻ കെല്ലർ സാമൂഹികപ്രവർത്തനത്തിലും, ബധിരനായ ബിഥോവൻ സംഗീതത്തിലും, മാനസികവൈകല്യമുണ്ടായിരുന്ന വിൻസന്റ് വാൻഗോഗ് ചിത്രകലയിലും, പഠനവൈകല്യമുണ്ടായിരുന്ന ആൽബർട്ട് ഐൻസ്റ്റീൻ ശാസ്ത്രമേഖലയിലും ലോകപ്രശസ്തരാകാൻ കാരണവും മറ്റൊന്നല്ല – അവർക്കു വേണ്ട പിന്തുണ കുടുംബവും സമൂഹവും നല്കിയെന്നതുതന്നെയാണ്. ശാരീരികമായും മാനസികമായും വെല്ലുവിളികൾ നേരിടുന്നവരും അംഗപരിമിതരും പ്രത്യേക പരിഗണന ആവശ്യമുള്ളവരും വ്യത്യസ്തമായി കഴിവുള്ളവരും നമുക്കിടയിലുണ്ട്. അവരെ കണ്ടെത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരാൻ മാലിനി ചിബിന്റെ ഈ ജീവിതകഥ ഏവർക്കും ഒരു പ്രചോദനമാവട്ടെ. ■



ടി.പി. ശാസ്തമംഗലം




# അപഹരണവും അനുകരണവും

അപഹരണത്തിനും അനുകരണത്തിനും യാതൊരു വൈമനസ്യവും കാട്ടാത്ത ചിലരെങ്കിലും ചലച്ചിത്രമേഖലയിൽ പ്രവർത്തിക്കുന്നുണ്ട് എന്നു പറയാതെ വയ്യ. ഈ പ്രവണത ഏറ്റവും ശക്തമായി കാണുന്നതു ഗാനരംഗത്താണ്. കണ്ണുമടച്ച് അന്ധമായി അനുകരിക്കാൻ പലരും തയ്യാറാകാറുണ്ട്. അങ്ങനെ അനുകരിക്കുന്നതിന്റെ ജാള്യം അല്പംപോലും അവരെ അലട്ടാറില്ല എന്നതത്രേ അദ്ഭുതകരമായ വസ്തുത.

"വാതില്ക്കലെത്തുന്ന
നേരം ചിരിക്കുന്ന
വാസന്തിപ്പൂവാണ് ഭാര്യ
ദുഃഖം വരുമ്പോൾ തലോടി
മയക്കുന്ന
മൈക്കണ്ണിയാളാണ് ഭാര്യ."

തിരുവനന്തപുരം ആകാശവാണിനിലയം വളരെ വർഷങ്ങൾക്കുമുമ്പ് പ്രക്ഷേപണം ചെയ്ത ലളിതഗാനമാണിത്. രചന – കെ.ജി. സേതുനാഥ്; സംഗീതം – എം.ജി. രാധാകൃഷ്ണൻ. പലരും പാടി അനേകം തവണ ഈ ഗാനം റേഡിയോയിൽ വന്നിട്ടുണ്ട്. 1986 ൽ പുറത്തിറക്കിയ 'രാക്കുയിലിൻ രാഗസദസ്സിൽ' എന്ന ചിത്രം കണ്ടിരിക്കുമ്പോൾ അതിലെ നായകനായ മമ്മൂട്ടി നായികയായ സുഹാസിനിയെ നോക്കി ഇങ്ങനെ പാടുന്നതു കേട്ടു:

"പൂമുഖവാതില്ക്കൽ
സ്നേഹം വിടർത്തുന്ന
പൂന്തിങ്കളാകുന്നു ഭാര്യ
ദുഃഖത്തിൻ മുള്ളുകൾ
തൂവിരൽത്തുമ്പിനാൽ
പുഷ്പങ്ങളാക്കുന്നു ഭാര്യ"

(രചന – എസ്. രമേശൻനായർ; സംഗീതം – എം.ജി. രാധാകൃഷ്ണൻ; ആലാപനം – യേശുദാസ്).

രണ്ടു ഗാനങ്ങളുടെയും 'ജീൻ' ഏതാണ്ട് ഒന്നുതന്നെയാണ്. ഡി.എൻ.എ. ടെസ്റ്റു കൂടാതെതന്നെ നമുക്ക് ഉറപ്പു പറയാവുന്ന കാര്യമാണിത്. രണ്ടു പാട്ടുകൾക്കും എം.ജി. രാധാകൃഷ്ണൻ കൊടുത്തിരിക്കുന്ന ഈണത്തിനുമുണ്ട് അനുകരണസ്വഭാവം. 'നിത്യകന്യക' എന്ന ചിത്രത്തിനുവേണ്ടി വയലാർ രാമവർമ എഴുതി ജി. ദേവരാജൻ സംഗീതം പകർന്ന് യേശുദാസും പി. സുശീലയും വെവ്വേറെ പാടിയ,

"കണ്ണുനീർമുത്തുമായ്
കാണാനെത്തിയ
കതിരുകാണാക്കിളി
ഞാൻ" എന്ന ഗാനത്തിന്റെ മാറ്റൊലിയാണ് മുകളിൽ പരാമർശിച്ച രണ്ടു പാട്ടുകളിലും മുഴങ്ങുന്നത്.

"മനസ്സു മനസ്സിന്റെ ശ്രവണ
പുടങ്ങളിൽ
പ്രണയരഹസ്യങ്ങൾ
പറഞ്ഞു–ആയിരം
പ്രണയരഹസ്യങ്ങൾ പറഞ്ഞു"

(സന്ധ്യാവന്ദനം എന്ന ചിത്രത്തിലെ 'സ്വർണചൂഡാമണി ചാർത്തി' എന്നാരംഭിക്കുന്ന ഗാനത്തിലെ വരികൾ; രചന – വയലാർ രാമവർമ; സംഗീതം – എൽ.പി.ആർ. വർമ; ആലാപനം – യേശുദാസ്)

വയലാറിന്റെ പാട്ടുകേട്ടാൽ തനിക്കു പാട്ടെഴുതാൻ തോന്നും എന്നവകാശപ്പെട്ട ഭരണിക്കാവ് ശിവകുമാർ പിന്നീട് ഇങ്ങനെയെഴുതി:

"മനസ്സു മനസ്സിന്റെ കാതിൽ
രഹസ്യങ്ങൾ
മന്ത്രിക്കും മധുവിധുരാത്രി"

(ചിത്രം – ചോറ്റാനിക്കര അമ്മ; സംഗീതം – ആർ.കെ. ശേഖർ; ആലാപനം – യേശുദാസ്, പി. സുശീല).

'മനസ്സിന്റെ ശ്രവണപുടങ്ങൾ' എന്ന വയലാറിന്റെ പ്രയോഗം ഭരണക്കാവിന്റെ തൂലികയിൽ കടന്നുവന്നപ്പോൾ 'മനസ്സിന്റെ കാതിൽ' എന്നായി. രണ്ടിടത്തും രഹസ്യങ്ങൾ കൈമാറുന്നുണ്ട്, സന്ദർഭം ആദ്യരാത്രിയാണുതാനും.

"ഉരുകിയുരുകിത്തെളിയും
മെഴുകുതിരികളേ,
മരുഭൂമിയിലെ യാത്രക്കാരനു
വഴികാണിക്കുയില്ലേ?"

(ചിത്രം – അന്ന; രചന – വയലാർ രാമവർമ; സംഗീതം – ജി. ദേവരാജൻ; ആലാപനം – പി. സുശീല)

ഈ ഗാനം പിറന്ന് മുപ്പത്തിമൂന്നുവർഷങ്ങൾക്കുശേഷം നാം കേട്ട മറ്റൊരു പാട്ട് ഇതായിങ്ങനെ:

"ഉരുകിയുരുകിയെരിയുമീ
മെഴുകുതിരികളിൽ
അഴലിന്നിരുളിൽ ഇടറുമീ തരളമിഴികളിൽ"

(ചിത്രം – ലേലം; രചന – ഗിരീഷ് പുത്തഞ്ചേരി; സംഗീതം – ഔസേപ്പച്ചൻ; ആലാപനം – യേശുദാസ്).

'മഹത്തായ മനസ്സുകൾ ഒരുപോലെ ചിന്തിക്കുന്നു' എന്ന ചൊല്ലിൽ രണ്ടാമത്തെ പാട്ടെഴുത്തുകാരന് അഭയം കണ്ടെത്താനാവുമോ? മഹത്തായ മനസ്സുള്ള ആസ്വാദകർ അക്കാര്യം ചിന്തിക്കട്ടെ, വിലയിരുത്തട്ടെ. ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



കർത്താവാണു നിന്റെ മുമ്പിൽ പോകുന്നത്. അവിടുന്നു നിന്നോടുകൂടെ ഉണ്ടായിരിക്കും. അവിടുന്നു നിന്നെ ഭഗ്നാശനാക്കുകയോ പരിത്യജിക്കുകയോ ഇല്ല; ഭയപ്പെടുകയോ സംഭ്രമിക്കുകയോ വേണ്ട.
നിയമാവർത്തനം 31:8

**എഡിറ്റോറിയൽ**

# ഗർഭസ്ഥശിശുക്കൾക്കും ജീവിക്കാനവകാശമില്ലേ?

"ദൈവം സൃഷ്ടിച്ച ജീവന്റെമേൽ കൈവയ്ക്കാൻ ഒരു മനുഷ്യനും അവകാശമില്ല. ഒരു മാതാവിനും ഒരു കുഞ്ഞിന്റെ ശരീരത്തിന്മേൽ അവകാശമില്ല. ശിശു മറ്റൊരു മനുഷ്യവ്യക്തിയാണ്. എപ്പോൾ ഒരധികാരി ദൈവനിയമങ്ങൾക്കെതിരായി നീങ്ങുന്നുവോ, അപ്പോൾ ദൈവനിയമങ്ങളെ അനുസരിക്കാൻ ഓരോ ദൈവവിശ്വാസിക്കും കടമയുണ്ട്. ഗർഭച്ഛിദ്രം നരഹത്യയാണെന്ന് എല്ലാവരും അറിഞ്ഞിരിക്കണം."

ഇതു പറഞ്ഞത് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയാണ്. ഗർഭച്ഛിദ്രത്തെ നരഹത്യയെന്നു വിശേഷിപ്പിച്ച ഈ മഹാത്മാവിന്റെ നാട്ടിലാണ് നിയമവാഴ്ചയിലൂടെ മനുഷ്യജീവന്റെമേൽ ഭീകരാക്രമണം നടത്തുന്നത്. 24 ആഴ്ച വരെ പ്രായമായ ഗർഭസ്ഥശിശുക്കളെ നശിപ്പിക്കാൻ അനുവദിക്കുന്ന ഗർഭച്ഛിദ്രഭേദഗതിനിയമം (The medical Termination of pregnancy [Amendment]Act, 2021) ഇക്കഴിഞ്ഞ സെപ്റ്റംബർ 24 മുതൽ ഇന്ത്യയിൽ പ്രാബല്യത്തിലായിരിക്കുന്നു. ഇരുപതാഴ്ചവരെയായ ഗർഭസ്ഥശിശുക്കളെ നശിപ്പിക്കുന്നതിന് നിയമസാധുതയുണ്ടായിരുന്ന 1971 ലെ ഗർഭച്ഛിദ്രനിയമത്തിനാണ് ഇപ്പോൾ കൂടുതൽ ഇളവും ആനുകൂല്യവും നൽകി ഭേദഗതി വരുത്തിയിരിക്കുന്നത്. ഭേദഗതിബിൽ 2020 ൽ കേന്ദ്രസർക്കാർ അവതരിപ്പിക്കുകയും, മാർച്ച് 17 ന് ലോക്സഭയിലും 2021 മാർച്ച് 16 ന് രാജ്യസഭയിലും പാസാക്കുകയും ചെയ്തു. 2021 മാർച്ച് 25 ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതോടെ നിയമഭേദഗതിയുടെ നടപടിക്രമം പൂർത്തീകരിക്കുകയും ചെയ്തു.

മനുഷ്യജീവന്റെ ഏറ്റവും സുരക്ഷിതവും പരിപാവനവുമായ ഇടമെന്നു നാം കരുതുന്ന അമ്മയുടെ ഉദരം കൊലക്കളമായി മാറുന്നത് അങ്ങേയറ്റം ക്രൂരവും പൈശാചികവുമാണ്. മഹത്തായ മനുഷ്യജീവന്റെ സംരക്ഷണച്ചുമതല ഏറ്റെടുക്കാൻ നിയോഗവും ഭാഗ്യവും ലഭിച്ചിരിക്കുന്ന, അമ്മയെന്ന് അത്യാദരവോടെ നാം വിളിക്കുന്ന ഒരു സ്ത്രീയുടെതന്നെ സമ്മതത്തോടെ അതിക്രൂരമായ കൊലപാതകം അരങ്ങേറുന്നത് ഏതു യുക്തിയുടെ അടിസ്ഥാനത്തിലാണ് നീതീകരിക്കാനാവുന്നത്?

'ഗർഭധാരണനിമിഷംമുതൽ ജീവൻ ആരംഭിക്കുന്നു' എന്ന സത്യം ജനീവാ കോൺഫ്രൻസ് ഓഫ് ഹ്യൂമൻ റൈറ്റ്സ്, വേൾഡ് കോൺഫ്രൻസ് ഓഫ് ഡോക്ടേഴ്സ്, യുണൈറ്റഡ് നേഷൻസ് ചാർട്ടർ ഓഫ് ചിൽഡ്രൻ മുതലായവ എത്ര പണ്ടേ ശാസ്ത്രീയമായി തെളിയിച്ചിട്ടുള്ളതാണ്. ബീജാണ്ഡസങ്കലനസമയത്തുതന്നെ പുതിയ മനുഷ്യവ്യക്തി രൂപപ്പെടുന്നു. ഭ്രൂണത്തിന്റെ അസ്തിത്വാരംഭംമുതൽ മാതാപിതാക്കളിൽനിന്നു വ്യത്യസ്തമായ രീതിയിലുള്ള ജീനുകളും ഹൃദയത്തുടിപ്പും തലച്ചോറിന്റെ പ്രവർത്തനവും രക്തഗ്രൂപ്പും ലിംഗവ്യത്യാസവും ബുദ്ധിയും, വാസനകളുമെല്ലാം നിശ്ചയിക്കപ്പെടുന്നു. ഭാവിയിൽ വികസനം പ്രാപിക്കുന്ന വ്യക്തിയുടെ ചലനാത്മകമായ രൂപരേഖ (dynamic blueprint) യാണ് ഭ്രൂണമെന്നു പറയാം.

സ്വാഭാവികമരണംവരെ ഈ ഭൂമിയിൽ സ്വാതന്ത്ര്യത്തോടെ ജീവിക്കാനുള്ള അവകാശം ഉടയവനായ ദൈവം ഒരു മനുഷ്യവ്യക്തിക്ക് അനുവദിച്ചുകൊടുത്തിരിക്കെ, ജീവന്റെ സംരക്ഷകർമാത്രമായ മനുഷ്യന് ഗർഭസ്ഥശിശുക്കളെ എങ്ങനെ വധിക്കാനാവും? ഏതു യുക്തിയുടെ വെളിച്ചത്തിലാണ് മനുഷ്യനുണ്ടാക്കിയ ഈ കടലാസുനിയമത്തിന് സാധുത്വം ലഭിക്കുന്നത്? കൊലക്കത്തിയുടെ മുമ്പിൽ ഒന്നു നിലവിളിക്കാനോ പ്രതികരിക്കാനോപോലുമാകാത്ത നിസ്സഹായരായ പിഞ്ചുകുഞ്ഞുങ്ങളെ ഇത്ര നിഷ്കരുണമായി വധിക്കാൻമാത്രം ആ പാവങ്ങൾ എന്തു തെറ്റു ചെയ്തു? അമ്മയുടെ ഉദരത്തിൽനിന്നു പുറത്തുവന്ന ഒരു കുഞ്ഞിന്റെ ജീവനെടുക്കുന്നത് ഈ രാജ്യത്ത് കുറ്റകരമാണെങ്കിൽ, അതിലും വലിയ കുറ്റമല്ലേ അമ്മയുടെ ഉദരത്തിൽ സുരക്ഷിതത്വത്തിലായിരിക്കേ ഒരു കുഞ്ഞിന്റെ ജീവനെടുക്കുന്നത്?

വിവാഹേതരബന്ധംമൂലമോ ബലാത്സംഗത്താലോ അവിഹിതഗർഭംമൂലമോ മറ്റേതെങ്കിലും കാരണത്താലോ ആയിക്കൊള്ളട്ടെ, ഗർഭമലസിപ്പിക്കുന്ന നിയമത്തെയോ പ്രക്രിയയെയോ ന്യായീകരിക്കാനാവില്ല. ഇപ്രകാരമൊക്കെ സംഭവിച്ചതിന് ഗർഭസ്ഥശിശു എന്തു പിഴച്ചു എന്നത് ആവർത്തിക്കുന്ന ചോദ്യംമാത്രമാണ്. തനിക്ക് ഒരറിവും പങ്കുമില്ലാത്ത കാര്യത്തിന്റെപേരിൽ ഒരു ശിശു കൊലശിക്ഷയ്ക്കു വിധിക്കപ്പെടുന്നത് അങ്ങേയറ്റം അധാർമികമാണ്. എല്ലാ മതങ്ങളും ഗർഭച്ഛിദ്രം ഹിംസയായും പാപമായും കണക്കാക്കുന്നു. ജീവന്റെ ഉടമസ്ഥനായ ദൈവത്തിന്റെ അധികാരാവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമായും വ്യാഖ്യാനിക്കുന്നു. ഗർഭച്ഛിദ്രം മഹാപാപമാണെന്ന് വിശുദ്ധ മദർ തെരേസയും പറയുന്നു.

വളർന്നുകൊണ്ടിരിക്കുന്ന ഒരു മനുഷ്യഭ്രൂണത്തിന് അസ്തിത്വവും വ്യക്തിത്വവുമുണ്ടായിരിക്കേ, സ്വന്തമായ ഒരു ജീവനും ജീവിതവുമുണ്ടായിരിക്കേ, ഭ്രൂണഹത്യ നിയമം മൂലം നടപ്പിലാക്കുന്ന സർക്കാർനടപടി അങ്ങേയറ്റം ക്രൂരവും പൈശാചികവുമാണ്. മനുഷ്യജീവനു സംരക്ഷണം കൊടുക്കേണ്ട സർക്കാർതന്നെ ഗർഭസ്ഥശിശുക്കളെ കുരുതികൊടുക്കുന്ന നിയമങ്ങളുണ്ടാക്കുന്നതും അതിന്റെ കാലപരിധി കൂട്ടുന്നതും അങ്ങേയറ്റം നിരുത്തരവാദിത്വപരവും അപലപനീയവുമാണ്. ഇത്തരം കിരാതനിയമങ്ങളെ എന്തു വില കൊടുത്തും തിരുത്താനുള്ള ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും നമ്മുടെ വിദ്യാഭ്യാസ സാംസ്കാരിക മതനേതാക്കന്മാർക്കും ജനനന്മയാഗ്രഹിക്കുന്ന സകല മനുഷ്യർക്കും ഉണ്ടാവട്ടെ എന്നാഗ്രഹിക്കുന്നു. ■

# ഫാ. ബ്രൂണോ കണിയാരകത്തിന്റെയും സി. മേരി കൊളേത്തയുടെയും നാമകരണനടപടികൾക്ക് വത്തിക്കാന്റെ അനുമതി



ഫാ. ബ്രൂണോ കണിയാരകത്ത് സി.എം.ഐ.



സി. മേരി കൊളേത്ത എഫ്.സി.സി.

പാലാ: പാലാ രൂപതാംഗങ്ങളായ ഫാ. ബ്രൂണോ കണിയാരകത്ത്, സിസ്റ്റർ മേരി കൊളേത്ത എന്നിവരുടെ നാമകരണനടപടികൾക്ക് വത്തിക്കാന്റെ അനുമതി. രാമപുരം ഇടവകാംഗവും സിഎംഐ സന്ന്യാസമൂഹാംഗവുമായിരുന്ന കണിയാരകത്ത് ഫാ. ബ്രൂണോയുടെയും, ചേർപ്പുങ്കൽ ഇടവകാംഗവും എഫ് സിസി സന്ന്യാസസമൂഹാംഗവുമായിരുന്ന സി. മേരി കൊളേത്തയുടെയും നാമകരണനടപടികൾക്ക് പാലാ രൂപതയിൽ തുടക്കം കുറിച്ചു. രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വത്തിക്കാനിൽനിന്ന് അനുമതി ലഭിച്ച വിവരം ഔദ്യോഗികമായി അറിയിച്ചു.

ആത്മാവച്ചൻ എന്നറിയപ്പെടുന്ന ഫാ. ബ്രൂണോയുടെ കബറിടം കുര്യനാട് സിഎംഐ ആശ്രമദേവാലത്തിലാണു സ്ഥിതിചെയ്യുന്നത്. 1894 നവംബർ 20നാണ് ജനനം. വാഴ്ത്തപ്പെട്ട കുഞ്ഞച്ചനോടൊപ്പം പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കി. 15 ആശ്രമങ്ങളിൽ സേവനം ചെയ്തു. 25 വർഷം കുര്യനാട് ആശ്രമത്തിലായിരുന്നു ശുശ്രൂഷ. നിർധനരോടു കാരുണ്യം കാണിച്ചുള്ള ജീവിതശൈലിയായിരുന്നു അദ്ദേഹത്തിന്റേത്. 1991 ഡിസംബർ 15 നു ദിവംഗതനായി. കുര്യനാട് ആശ്രമത്തിൽ കബറടക്കി.

സിസ്റ്റർ മേരി കൊളേത്ത 1904 മാർച്ച് മൂന്നിനു ജനിച്ചു. കൊളേത്താമ്മ എന്ന പേരിലാണ് അറിയപ്പെട്ടത്. സഹനവും ഏകാന്തവാസവുമെല്ലാം സ്നേഹമാക്കി മാറ്റിയ സന്ന്യാസജീവിതമായിരുന്നു നയിച്ചിരുന്നത്. വാകമല സെന്റ് ജോസഫ് സ്കൂൾ, ആനിക്കാട് ഹോളി ഫാമിലി സ്കൂൾ, മണിയംകുന്ന് സെന്റ് ജോസഫ് സ്കൂൾ എന്നിവിടങ്ങളിൽ അധ്യാപികയായിരുന്നു. അധ്യാപകവൃത്തിക്കുശേഷം 1932 ഒക്ടോബർ നാലിന് ക്ലാരസമൂഹാംഗമായി. 1984 ഡിസംബർ എട്ടിന് അന്തരിച്ചു. മണിയംകുന്ന് സെന്റ് ജോസഫ് പള്ളി സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

ഫാ. ബ്രൂണോയുടെ നാമകരണനടപടികൾക്കുള്ള അനുമതിപത്രം സിഎംഐ കോട്ടയം പ്രോവിൻഷ്യാൾ ഫാ. ജോർജ് ഇടയാടിയിലും, സി. കൊളേത്തയുടെ നാമകരണനടപടികൾക്കുള്ള അനുമതിപത്രം എഫ്സിസി ഭരണങ്ങാനം പ്രൊവിൻഷ്യാൾ സിസ്റ്റർ ആനി കല്ലറങ്ങാട്ടും മാർ ജോസഫ് കല്ലറങ്ങാട്ടിൽനിന്ന് ഏറ്റുവാങ്ങി. പാലാ രൂപത മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ സന്നിഹിതനായിരുന്നു.



*2023 ഒക്ടോബറിൽ റോമിൽ നടക്കുന്ന ആഗോളസിനഡിന് ഒരുക്കമായുള്ള രൂപതാതലസിനഡിന്റെ ഉദ്ഘാടനം പാലാ ബിഷപ്സ്ഹൗസിൽ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു. മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, പാസ്റ്ററൽ കൗൺസിൽ ചെയർമാൻ ഡോ. സിറിയക് തോമസ്, വികാരി ജനറാൾമാർ തുടങ്ങിയവർ സമീപം.*

# ചെറുതോട്ടത്തിലെ സ്നേഹലതകൾ






ആഷ്‌ലി ടെസ് ജോൺ

പശു, ആട്, പോത്ത്, കോഴി, മുയൽ... ഇല്ലാത്തതെന്തുണ്ട് എന്നു നമ്മൾ ചോദിച്ചുപോകുമാറ് സുന്ദരമായ ഒരു തോട്ടം... കന്നാരകളോടു കിന്നാരം പറയാൻ നേരമില്ലാത്തത്ര പണികളുമായി അവയ്ക്കിടയിലൂടെ നടക്കുന്നുണ്ട് ടോജോ. കൂടെ സോണിയയും. വീട്ടുപേര് ചെറുതോട്ടത്തിൽ എന്നാണെങ്കിലും ഇതൊരു വൻതോട്ടമാണ്, കൃഷിയുടെ മികവിലും ആൾബലത്തിന്റെ കരുത്തിലും.

"ഓ! അങ്ങനെയൊന്നും പ്രത്യേകിച്ചില്ലെന്നേ... പിള്ളേരുമായി ഉള്ളതുകൊണ്ടങ്ങനെ സന്തോഷത്തോടെ ജീവിച്ചുപോകുന്നു. തമ്പുരാന്റെ കൈയേന്നു പിടിവിടാതെ... അത്രേ ഉള്ളൂ." സിംപിളായി സോണിയ ജീവിതത്തെ വിശദീകരിക്കുകയാണ്. പറമ്പിലെ പണികൾ, വീട്ടുജോലികൾ, കുഞ്ഞുങ്ങൾ, അവരുടെ പഠനം എല്ലാം ലഘുവായി കാണുകയാണ്, ഭാരമില്ലാത്ത ഹൃദയത്തോടെ.

"ആദ്യത്തെ മൂന്നു കുഞ്ഞുങ്ങളുടെയും ജനനത്തിനുമുമ്പ്, ഞങ്ങൾ ധ്യാനങ്ങളൊക്കെകൂടി ആത്മീയമായി കുറെയേറെ ഒരുങ്ങിയിരുന്നു. ഒൻപതു മക്കളുള്ള വീട്ടിലെ ഒൻപതാമനാണ് ടോജോ, നാലു മക്കളുള്ളിടത്തെ നാലാമത്തെയാൾ ഞാനും. ഒത്തിരി മക്കൾ ഞങ്ങളുടെ ആഗ്രഹമായിരുന്നു. അഞ്ചാമത്തെ പ്രഗ്നൻസിസമയത്ത് കോംപ്ലിക്കേഷൻ ഉണ്ടായിരുന്നതുകൊണ്ട് ബെഡ് റെസ്റ്റ് എടുക്കേണ്ടിവന്നു. ആ സമയത്ത് പുതിയ വീടിന്റെ പണിയും ആരംഭിച്ചിരുന്നു. എല്ലാംകൂടി ചേർത്തുകെട്ടാൻ ടോജോ നന്നായി ബുദ്ധിമുട്ടി. ചൂടനാ, പക്ഷേ, നല്ല മനുഷ്യനാണ്, നന്നായി അധ്വാനിക്കും, അന്തിയാവോളം വീട്ടിലും പറമ്പിലും ഓടിനടന്ന് പതംവരും. അല്പം സഹിച്ചെങ്കിലും പുത്തൻകുഞ്ഞുങ്ങളുമായി പുത്തൻവീട്ടിൽ പാലുകാച്ചി." സോണിയ നിഷ്കളങ്കമായി ചിരിച്ചു. ഉപാധികളില്ലാതെ പ്രണയിക്കുന്നവർക്ക് ജീവിതം സരളമാണ്, ലളിതവും.

"കുർബാന മുടക്കാറില്ല, പിന്നെ വന്ന് കൃഷിപ്പണി, പശുക്കൾ, പോത്ത്, പുല്ലുചെത്തൽ, തിരക്കാണ്. ഉച്ചയ്ക്ക് മക്കളുടെ കൂടെ ജപമാല ചൊല്ലും. അവസാനത്തെ പ്രഗ്നൻസിയുടെ സമയത്ത് സോണിയയ്ക്ക് ഇരട്ടക്കുഞ്ഞുങ്ങളാണല്ലോയെന്ന ടെൻഷനായിരുന്നു. സ്കാനിങ്ങിനുശേഷം ഡോക്ടർ പറഞ്ഞു: 'രണ്ടു കുഞ്ഞുങ്ങളുടെയും കാലിന് ചെറിയ വളവുണ്ട്. ജനനശേഷം മാത്രമേ എന്തെങ്കിലും ചെയ്യാനാവൂ.' അന്നുമുതൽ ചങ്കിൽ പെരുമ്പറ കൊട്ടാൻ തുടങ്ങിയതാണ്. കാലിനെന്തെങ്കിലും പോരായ്മ വന്നാൽ എല്ലാവരുംഎന്നെ കുറ്റപ്പെടുത്തില്ലേ? 'ഈ കുഞ്ഞുങ്ങളില്ലെങ്കിൽ ഇവനെന്തായിരുന്നു പ്രശ്നം? ആവശ്യത്തിനുണ്ടായിരുന്നല്ലോ. കണ്ടില്ലേ, കുഞ്ഞുങ്ങളുടെ കാല്', എന്നൊക്കെ ചോദിക്കില്ലേയെന്നൊരു ആവശ്യമില്ലാത്ത വേവലാതി. നമ്മളെല്ലാം സുവിശേഷത്തിലല്ലേ വിശ്വസിക്കുന്നത്. പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. ദേ, രണ്ടെണ്ണവും ഇപ്പോ ഒരു കുഴപ്പവും ഇല്ലാതെ ചാടിമറിഞ്ഞ് ഓടുന്നുണ്ട് വീടകം നിറയെ." പ്രതീക്ഷയുടെ മഷികൊണ്ടെഴുതിയ വി. ഗ്രന്ഥം നെഞ്ചോടുചേർത്തു വയ്ക്കുകയാണ് ടോജോ.

"കൊവിഡ്കൊണ്ട് ഞങ്ങൾക്കാണു ഗുണമുണ്ടായത്. ഇരട്ടക്കുട്ടികളെ വളർത്തിയെടുക്കുക എളുപ്പമുള്ള കാര്യമല്ലല്ലോ. പക്ഷേ, മൂത്ത കുട്ടികളെല്ലാം വീട്ടിൽത്തന്നെ ആയിരുന്നതുകൊണ്ട് നൈസായിട്ട് ഇരട്ടക്കുഞ്ഞുങ്ങളങ്ങു വളർന്നു. നാഥാനും ഏദനും അലീനയും മരിയയും ക്ലാരയും അവരുടെ ഇടംവലം നിൽക്കും. മുട്ട പൊട്ടി കോഴിക്കുഞ്ഞ് പുറത്തുവരുന്നതൊക്കെ പുതിയ തലമുറയിലെ കുഞ്ഞുങ്ങൾക്കു കാണാക്കാഴ്ചകളാണല്ലോ. ഇവിടെ ഇരുപതോളം കോഴികളുടെ സംരക്ഷകൻ ഞങ്ങളുടെ മൂന്നാം ക്ലാസ്സുകാരൻ ആന്റണിയാണ്. തീറ്റ കൊടുക്കൽ, മുട്ട പെറുക്കൽ എല്ലാമായി അവനും അപ്പനെപ്പോലെ ബിസിയാണ്" സോണിയ പറഞ്ഞു.



*ചെറുതോട്ടത്തിൽ ടോജോയും സോണിയയും മക്കളോടൊത്ത്*

പകിട്ടുകളുടെയും ചമയങ്ങളുടെയും ധാരാളിത്തങ്ങൾക്കിടയിൽ നിർമമതയോടെ ശാന്തമായി ഒഴുകിനീങ്ങുകയാണ് ചെറുതോട്ടത്തിലെ ജീവിതങ്ങൾ. ഭൂമി കാൽച്ചുവട്ടിലും സ്വർഗം ഉള്ളിലുമുള്ള മനുഷ്യരാവാൻ ഇനിയും നാം പഠിക്കേണ്ടിയിരിക്കുന്നു. ■

---

# പങ്കാളിത്തസഭയ്ക്കായി ആഗോളസിനഡ്

*(രണ്ടാം പേജ് തുടർച്ച)*

രണ്ടാം ഘട്ടം ഭൂഖണ്ഡാടിസ്ഥാനത്തിൽ (Continental phase) നടക്കും. 2022 സെപ്റ്റംബറിൽ ആരംഭിക്കുന്ന രണ്ടാംഘട്ടം 2023 മാർച്ചിൽ അവസാനിക്കും. രൂപതാതലത്തിൽ നടന്ന പഠനങ്ങളുടെ വെളിച്ചത്തിലായിരിക്കും രണ്ടാംഘട്ടസിനഡ് നടക്കുക.

2023 ഒക്ടോബറിലാണ് മൂന്നാം ഘട്ടമായ ആഗോള സിനഡ് വത്തിക്കാനിൽ നടക്കുക. ഭൂഖണ്ഡാടിസ്ഥാനത്തിൽ നടന്ന പഠനങ്ങളുടെ വെളിച്ചത്തിലായിരിക്കും ആഗോളസിനഡ് നടക്കുക.

ആദ്സുമൂസ് സാങ്തേ സ്പിരിത്തൂസ് (Adsimus Sancte Spiritus - We stand before you, Holy Spirit) എന്ന പരിശുദ്ധാത്മഗീതത്തോടെ ആരംഭിക്കുന്ന വത്തിക്കാൻ സിനഡ് ഏകദേശം ഒക്ടോബർ മാസം മുഴുവൻ നീണ്ടുനില്ക്കും. സിനഡിനൊരുക്കമായി കത്തോലിക്കാസഭയിലെ എല്ലാ രൂപതകളിലേക്കും ഒരു പ്രിപ്പറേറ്ററി ഡോക്കുമെന്റും (Lineamenta) ഒരു ഗൈഡ്ബുക്കും (Vademecum) 2021 സെപ്റ്റംബർ 7 ന് വത്തിക്കാനിൽനിന്ന് അയച്ചുകൊടുത്തിരുന്നു.

ലോകമെമ്പാടുമുള്ള മെത്രാന്മാരുടെ പ്രതിനിധികളാണ് വത്തിക്കാൻ സിനഡിൽ പങ്കെടുക്കുക. ഏതാണ്ട് മുന്നൂറോളം മെത്രാന്മാരാണ് കത്തോലിക്കാസഭയിലെ മൂവായിരം രൂപതകളിൽനിന്നായി പ്രാതിനിധ്യാടിസ്ഥാനത്തിൽ ഇതിൽ പങ്കുചേരുക. സിനഡുദിനങ്ങളിലെല്ലാം അധ്യക്ഷപദവിയിൽ മാർപാപ്പാ സന്നിഹിതനായിരിക്കുമെങ്കിലും അദ്ദേഹത്തിന്റെ ഇരുവശങ്ങളിലുമായിരിക്കുന്ന ആറു കർദിനാൾമാരായിരിക്കും ക്രമമനുസരിച്ച് അധ്യക്ഷന്റെ ദൗത്യങ്ങൾ നിർവഹിക്കുക. പങ്കെടുക്കുന്ന എല്ലാ മെത്രാന്മാർക്കും അവരുടെ പ്രാദേശികസഭയെ സംബന്ധിച്ചു സംസാരിക്കാൻ എട്ടു മിനിട്ടു വീതം ലഭിക്കും. സിനഡുഹാളിൽ അവതരിപ്പിക്കപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നത് അഞ്ച് ഭാഷാഗ്രൂപ്പുകൾ തിരിച്ചായിരിക്കും. ഇംഗ്ലീഷ്, ഇറ്റാലിയൻ, ഫ്രഞ്ച്, സ്പാനീഷ്, ജർമൻ എന്നീ ഭാഷകളിലാണ് ഗ്രൂപ്പുകൾ തിരിക്കുക. സിനഡിന്റെ സമാപനദിനത്തിൽ സമാപനരേഖ അംഗീകരിക്കുമെങ്കിലും, ഈ രേഖയുടെ വെളിച്ചത്തിൽ പാപ്പാ അപ്പസ്തോലികപ്രബോധനം പ്രസിദ്ധീകരിക്കുന്നതു പിന്നീടായിരിക്കും.

**സിനഡ് ലോഗോയുടെ വിശദീകരണം**

ഇസബെല്ലെ ദെ സെനീലെസ് (Isabelle de senilhes) എന്ന ഫ്രഞ്ച് ഗ്രാഫിക് ഡിസൈനറാണ് സിനഡ് 2023 ന്റെ ലോഗോ രൂപകല്പന ചെയ്തിരിക്കുന്നത്.

രാജകീയമായി ഉയർന്നുനില്ക്കുന്ന ഒരു വൃക്ഷമാണ് ലോഗോയിലെ ആദ്യ ആകർഷണം. ജ്ഞാനത്തെയും പ്രകാശത്തെയും ജനിപ്പിക്കുന്ന ഈ വൃക്ഷം ജീവന്റെയും പ്രത്യാശയുടെയും അടയാളമാണ്. ജീവന്റെ വൃക്ഷമായ കുരിശിനെയും ഇതു സൂചിപ്പിക്കുന്നു. സൂര്യനെപ്പോലെ പ്രശോഭിക്കുന്ന ദിവ്യകാരുണ്യം വൃത്താകൃതിയിൽ കാണാം. വൃക്ഷം ഇതിനെ താങ്ങിനിർത്തിയിരിക്കുന്നു അഥവാ ഉയർത്തിക്കാട്ടുന്നു. മുകളിലേക്കു ചൂണ്ടിനില്ക്കുന്ന തുറന്ന കരങ്ങൾപോലെ അഥവാ ചിറകുകൾപോലെയുള്ള രണ്ടു ശാഖകൾ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു.

യുവാക്കളും കുട്ടികളും സ്ത്രീകളും പുരുഷന്മാരും ദമ്പതികളും അല്മായരും ഏകസ്ഥരും സന്ന്യസ്തരും ആരോഗ്യമുള്ളവരും ഭിന്നശേഷിക്കാരുമടങ്ങിയ പതിനഞ്ച് ആളുകൾ വിശ്വാസിസമൂഹത്തെയും മാനവസമൂഹത്തെയും സൂചിപ്പിക്കുന്നു. അവിടെ മെത്രാനും സന്ന്യാസിയുമെല്ലാം വിശ്വാസിസമൂഹത്തിന്റെ ഭാഗമാണ്. അധികാരശ്രേണികൾക്കു സ്ഥാനമില്ലാത്ത കൂട്ടായ്മയാണത്.

> **പങ്കാളിത്തത്തോടും കൂട്ടുത്തരവാദിത്വത്തോടുംകൂടി വിശ്വാസിസമൂഹം കൂട്ടായ്മയിൽ യാത്ര ചെയ്യുന്നതാണ് സിനഡാലിറ്റി. സിനഡാലിറ്റിക്ക് ഏറെ ആവശ്യമുള്ളത് എല്ലാവരുടെയും മാനസാന്തരമാണ്. ഈ സിനഡിലൂടെ ചില മാറ്റങ്ങൾ ഉൾക്കൊള്ളാൻ എല്ലാവരും തയ്യാറാകണം. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതശുശ്രൂഷ എന്നിവ സാധ്യമാക്കാൻ ഈ മാറ്റം അനിവാര്യമാണ്.**

കുട്ടികളും കൗമാരക്കാരും യുവജനങ്ങളും മുന്നിൽനിന്നു നയിക്കുന്ന ഈ യാത്ര ആരംഭിക്കുന്നത് ജീവന്റെ വൃക്ഷച്ചുവട്ടിൽനിന്നാണ്. ഈ യാത്രയിൽ അവർ ജീവശ്വാസം സ്വീകരിക്കുന്നതും ഈ വൃക്ഷത്തിൽനിന്നുതന്നെയാണ്.

ആളുകളിലാരുംതന്നെ നിശ്ചലരല്ല. എല്ലാവരും മുന്നോട്ടു നടന്നുനീങ്ങുന്നവരാണ്. വ്യത്യസ്ത നിറങ്ങളിൽ ആളുകളെ അവതരിപ്പിച്ചിരിക്കുന്നത് ആനന്ദത്തിന്റെ അടയാളമായാണ്.

ബഹുസ്വരതയിൽ ഏകത്വം കല്പിക്കുന്ന ഈ യാത്രയിൽ പുതുതലമുറയ്ക്കുള്ള സ്ഥാനവും പ്രാധാന്യവും എടുത്തുകാട്ടുന്നു.

'സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ, നീ ഇക്കാര്യങ്ങൾ ബുദ്ധിമാന്മാരിലും വിവേകികളിലുംനിന്നു മറച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു' (മത്താ. 11:25) എന്നുദ്ഘോഷിച്ച യേശുവിന്റെ വാക്കുകൾ ഇവിടെ അന്വർത്ഥമാകുന്നു.

സിനഡിന്റെ ആപ്തവാക്യത്തെ മുഴുവൻ ഉൾക്കൊള്ളുന്ന ഈ ലോഗോതന്നെ സിനഡാലിറ്റിയുടെ പ്രാധാന്യവും ഭംഗിയും ആവശ്യകതയുമെല്ലാം വിളിച്ചോതുന്നു.

*(ലേഖകൻ കെ.സി.ബി.സി. ഡോക്ട്രൈനൽ കമ്മീഷൻ സെക്രട്ടറിയാണ്.)*

# ഇതു ടെക്നോളജി ട്രെൻഡുകളുടെ കാലം



ടോണി ചിറ്റിലപ്പള്ളി

**നി**ർമിതബുദ്ധി, റോബോട്ടിക്സ്, ഇന്റർനെറ്റ് ഓഫ് തിങ്സ് എന്നിങ്ങനെയുള്ള സാങ്കേതികവിദ്യകൾ നമ്മുടെ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും വലിയ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇന്നു നിലനിൽക്കുന്ന തൊഴിലുകളിൽ പകുതിയും പത്തു വർഷം കഴിയുമ്പോൾ ഉണ്ടാകില്ല എന്നാണ് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ ഏറ്റവും പുതിയ പഠനം പറയുന്നത്. എല്ലാ തൊഴിലുകളിലും നിർമിതബുദ്ധിയുടെ പ്രയോഗം ഉണ്ടാകും. പുതിയ സാങ്കേതികവിദ്യകൾ അറിയാത്തവർ പിന്നോട്ടു പോകും. ഈ പതിറ്റാണ്ടിലെ ഏറ്റവും സുപ്രധാനമായ സാങ്കേതികമുന്നേറ്റമാണ് നിർമിതബുദ്ധിയുടെ രംഗത്തു നടക്കുന്നത്. നമ്മുടെ കേരളത്തിലെ ചെറുപ്പക്കാർക്ക് നിർമിതബുദ്ധിയുടെ കുറച്ചു സാധ്യതകളെ പരിചയപ്പെടുത്തട്ടെ.

**2021 ലെ മികച്ച 9 പുതിയ ടെക്നോളജി ട്രെൻഡുകൾ**

2021 ൽ നാം ശ്രദ്ധിക്കുകയും ജോലികൾക്കായി ഒരു ശ്രമം നടത്തുകയും ചെയ്യേണ്ട മികച്ച 9 പുതിയ സാങ്കേതികവിദ്യാട്രെൻഡുകൾ അവതരിപ്പിക്കുന്നു. ഈ പുതിയ സാങ്കേതിക പ്രവണതകളാൽ സൃഷ്ടിക്കപ്പെടുന്ന തൊഴിലുകളിൽ ഒന്നെങ്കിലും നേടാൻ യുവതലമുറ ശ്രമിക്കട്ടെ.

**1. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (നിർമിതബുദ്ധി), മെഷീൻ ലേണിങ്**

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കഴിഞ്ഞ ദശകത്തിൽ ഇതിനകംതന്നെ ധാരാളം ശ്രദ്ധ നേടിയിട്ടുണ്ട്, ഇപ്പോഴും ഇത് പുതിയ സാങ്കേതികപ്രവണതകളിലൊന്നായിത്തുടരുന്നു. കാരണം നമ്മൾ എങ്ങനെ ജീവിക്കുന്നു, ജോലി ചെയ്യുന്നു, കളിക്കുന്നു എന്നതിന്റെയൊക്കെ ശ്രദ്ധേയമായ മാറ്റങ്ങൾ നിർമിതബുദ്ധിയുടെ പ്രാരംഭഘട്ടത്തിലാണ്. ഒരു പടികൂടി കടന്ന് ഇമേജ്-സ്പീച്ച് റെക്കഗ്നിഷൻ നാവിഗേഷൻ ആപ്പുകൾ, സ്മാർട്ട് ഫോൺ പേഴ്സണൽ അസിസ്റ്റന്റുകൾ, റൈഡ് - ഷെയറിങ് ആപ്പുകൾ എന്നിവയിലേക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കടക്കുകയാണ്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മാർക്കറ്റ് 2025 ഓടെ 190 ബില്യൺ ഡോളർ വ്യവസായമായി വളരും. കോഗ്നിറ്റീവ്, എഐ സിസ്റ്റങ്ങൾക്കായുള്ള ആഗോള ചെലവ് 2021 ൽ 57 ബില്യൺ ഡോളറിലെത്തും. ഈ മേഖലകളിലുടനീളം എഐ അതിന്റെ ചിറകുകൾ വ്യാപിപ്പിക്കുമ്പോൾ, വികസനം പ്രോഗ്രാമിങ്, ടെസ്റ്റിങ്, പിന്തുണ, പരിപാലനം എന്നിവയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. ശമ്പളമാകട്ടെ പ്രതിവർഷം 94 ലക്ഷം മുതൽ (മെഷീൻ ലേണിങ് എഞ്ചിനീയർ) പ്രതിവർഷം ഒരു കോടി പത്തു ലക്ഷം (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആർക്കിടെക്റ്റ്) വരെയുള്ള ഉയർന്ന ശമ്പളങ്ങളിൽ ചിലത് വാഗ്ദാനം ചെയ്യുന്നു. നാം ശ്രദ്ധിക്കേണ്ട ഏറ്റവും പുതിയ സാങ്കേതിക പ്രവണതയാണിത്.



ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിങ് കോഴ്സുകൾ പഠിക്കുന്നത് നിർമിതബുദ്ധി ഗവേഷണ ശാസ്ത്രജ്ഞൻ, എഎൽ എഞ്ചിനീയർ, മെഷീൻ ലേണിങ് എഞ്ചിനീയർ,എ എൽ ആർക്കിടെക്റ്റ് പോലുള്ള ജോലികൾ സുരക്ഷിതമാക്കാൻ നമ്മെ സഹായിക്കും.

**2. റോബോട്ടിക് പ്രോസസ് ഓട്ടമോഷൻ (ആർപിഎ)**

ആവർത്തനസ്വഭാവമുള്ള ഓഫീസ് ജോലികൾ വളരെ കൃത്യമായി പഠിച്ച് അതിവേഗത്തിലും കൃത്യതയോടെയും സോഫ്റ്റ്വെയർ ബോട്ടുകൾ ചെയ്യുന്നതിനെയാണ് റോബോട്ടിക് പ്രോസസ് ഓട്ടമോഷൻ എന്നു വിളിക്കുന്നത്. ഉപഭോക്താക്കൾക്ക് അവരുടെ ബിസിനസ് പ്രക്രിയകൾ ഓട്ടോമേറ്റ് ചെയ്യാനും ഓട്ടോമേഷന്റെ പുതിയ മേഖലകൾ കണ്ടെത്താനും അവരുടെ പ്രവർത്തനവെല്ലുവിളികൾ പരിഹരിക്കാനും സഹായിക്കുന്നതിന് റോബോട്ടിക് പ്രോസസ് ഓട്ടോമേഷൻ (ആർപിഎ) സേവനങ്ങൾ നൽകുന്നു.

ഡെവലപ്പർ, പ്രോജക്ട് മാനേജർ, ബിസിനസ് അനലിസ്റ്റ്, സൊല്യൂഷൻ ആർക്കിടെക്റ്റ്, കൺസൾട്ടന്റ് എന്നിവയുൾപ്പെടെ ധാരാളം തൊഴിലവസരങ്ങൾ ആർപിഎ വാഗ്ദാനം ചെയ്യുന്നു. ഈ ജോലികൾക്ക് നല്ല ശമ്പളം ലഭിക്കും. ഒരു ആർപിഎ ഡെവലപ്പർക്ക് പ്രതിവർഷം 79 ലക്ഷത്തിൽ കൂടുതൽ സമ്പാദിക്കാൻ കഴിയും.

**3. എഡ്ജ് കമ്പ്യൂട്ടിംഗ്**

കമ്പ്യൂട്ടർ ഡാറ്റ സംഭരണം ആവശ്യമുള്ള സ്ഥലത്തേക്ക് അടുപ്പിക്കുന്ന ഒരു ഡിസ്ട്രിബ്യൂട്ടഡ് കമ്പ്യൂട്ടിംഗ് മാതൃകയാണ് എഡ്ജ് കമ്പ്യൂട്ടിങ്. ഇന്റർനെറ്റ് ഓഫ് തിങ്സ് (ഐഒടി) ഉപകരണങ്ങളുടെ ഉപയോഗം കൂടുന്നതിനനുസരിച്ച് എഡ്ജ് കമ്പ്യൂട്ടിങ് വർദ്ധിക്കും. 2022 ഓടെ ആഗോള എഡ്ജ് കമ്പ്യൂട്ടിങ് വിപണി 6.72 ബില്യൺ ഡോളറിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. ശമ്പളം ഏകദേശം പ്രതിവർഷം 98 ലക്ഷം നൽകുന്ന വിപണിയാണിത്.

ഒരു സമയം ക്ലൗഡ് കമ്പ്യൂട്ടിങ് മുഖ്യധാരയായി മാറിയിരുന്നു. ആമസോൺ വെബ് സർവീസസ്, മൈക്രോസോഫ്റ്റ് അസൂർ, ഗൂഗിൾ ക്ലൗഡ് പ്ലാറ്റ്ഫോം എന്നിവ വിപണിയിൽ ആധിപത്യം സ്ഥാപിച്ചു. കൂടുതൽ കൂടുതൽ ബിസിനസുകൾ ക്ലൗഡ് സൊല്യൂഷനിലേക്ക് കുടിയേറുന്നതിനാൽ ക്ലൗഡ് കമ്പ്യൂട്ടിങ് സ്വീകരിക്കുന്നത് ഇപ്പോഴും വളരുകയാണ്. എഡ്ജ് കമ്പ്യൂട്ടിങ് ക്ലൗഡ് കമ്പ്യൂട്ടിങ്ങിൽനിന്നു വ്യത്യസ്തമാണ്.എന്നിരുന്നാലും, പുതിയ ടെക്നോളജി ട്രെൻഡുകളിൽ എഡ്ജ് മുന്നേറുകയാണ്.

ക്ലൗഡ് കമ്പ്യൂട്ടിങ്, ന്യൂ-ഏജ് എഡ്ജ് ക്വാണ്ടം കമ്പ്യൂട്ടിങ്, തുടങ്ങിയവ അതിശയകരമായ ജോലികൾ നേടാൻ നമ്മെ സഹായിക്കും. ക്ലൗഡ് റിയലബിലിറ്റി എഞ്ചിനീയർ, ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ എഞ്ചിനീയർ, ക്ലൗഡ് ആർക്കിടെക്ട്, സെക്യൂരിറ്റി ആർക്കിടെക്ട്, ക്ലൗഡ് എഞ്ചിനീയർ തുടങ്ങിയവയിൽ ജോലി സാധ്യതയുണ്ട്.

**4. ക്വാണ്ടം കമ്പ്യൂട്ടിങ്**

10000 വർഷം സൂപ്പർ കമ്പ്യൂട്ടറുകൾ പ്രവർത്തിപ്പിച്ചാൽ മാത്രം ഉത്തരം കണ്ടെത്താവുന്ന സങ്കീർണമായ ഗണിതസമസ്യകളെ കേവലം 200 സെക്കൻഡുകൊണ്ട് പൂർത്തിയാക്കുന്നതാണ് ക്വാണ്ടം കമ്പ്യൂട്ടിങ്.

ഇപ്പോൾ ശ്രദ്ധേയമായ സാങ്കേതികപ്രവണത ക്വാണ്ടം കമ്പ്യൂട്ടിങ് ആണ്. ഇത് സൂപ്പർ പോസിഷൻ, ക്വാണ്ടം എന്റാംഗ്ലമെന്റ് പോലുള്ള ക്വാണ്ടം പ്രതിഭാസങ്ങൾ പ്രയോജനപ്പെടുത്തുന്ന ഒരുതരം കമ്പ്യൂട്ടിങ് ആണ്. കൊറോണ വൈറസിന്റെ വ്യാപനം തടയുന്നതിലും സാധ്യതയുള്ള വാക്സിനുകൾ വികസിപ്പിക്കുന്നതിലും ഈ അദ്ഭുതകരമായ സാങ്കേതികപ്രവണത ഏറെ സഹായിച്ചു.

ഉറവിടം പരിഗണിക്കാതെ തന്ന ഡാറ്റയെക്കുറിച്ച് എളുപ്പത്തിൽ അന്വേഷിക്കാനും നിരീക്ഷിക്കാനും വിശകലനം ചെയ്യാനും പ്രവർത്തിക്കാനുമുള്ള കഴിവ് ഇതിനുണ്ട്. ഉയർന്ന ആവൃത്തിയിലുള്ള ട്രേഡിങ്ങിനും തട്ടിപ്പു കണ്ടെത്തലിനും ക്രെഡിറ്റ് റിസ്ക് കൈകാര്യം ചെയ്യുന്നതിനായി ബാങ്കിങ്, ഫിനാൻസ് എന്നിവയിൽ ആപ്ലിക്കേഷനുകൾ കണ്ടെത്തുന്ന മേഖലയാണ് ക്വാണ്ടം കമ്പ്യൂട്ടിങ് ആഗോള ക്വാണ്ടം കമ്പ്യൂട്ടിങ് മാർക്കറ്റിന്റെ വരുമാനം 2029 ഓടെ 2.5 ബില്യൺ ഡോളർ കവിയുമെന്നു പ്രതീക്ഷിക്കുന്നു.

ക്വാണ്ടം കംപ്യൂട്ടറുകൾ മുന്നോട്ടുവയ്ക്കുന്ന സാധ്യതകൾ ഒരിക്കലും പറഞ്ഞവസാനിപ്പിക്കാൻ കഴിയുന്നതല്ല. പ്രപഞ്ചത്തിന്റെ സമസ്തമേഖലകളിലും ഇവയ്ക്കു സ്വാധീനം ചെലുത്താൻ കഴിയും. വളരെ സങ്കീർണമായ പ്രപഞ്ചരഹസ്യങ്ങളുടെ ചുരുളഴിക്കാനും കാലാവസ്ഥാവ്യതിയാനങ്ങളെക്കുറിച്ച് ആധികാരികമായി പഠിക്കാനും പരിഹാരം കണ്ടെത്താനും, നിർമിതബുദ്ധി, ക്രിപ്റ്റോ കറൻസി, ബാങ്കിങ് സുരക്ഷ, തലച്ചോറിന്റെ പ്രവർത്തനം മനസ്സിലാക്കൽ, രാസപ്രവർത്തനങ്ങളുടെ സ്റ്റിമുലേഷൻ, പുതിയ മരുന്നുകളുടെ കണ്ടുപിടിത്തം തുടങ്ങിയ ഒട്ടേറെ മേഖലകളിൽ വിപ്ളവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഇവയ്ക്കു സാധിക്കും.

**5. വെർച്വൽ റിയാലിറ്റി-ആഗ്മെന്റഡ് റിയാലിറ്റി**

ആഗ്മെന്റഡ് റിയാലിറ്റിയും വെർച്വൽ റിയാലിറ്റിയും ഈ ദശകത്തിലെ ഏറ്റവും ഉയർന്നുവരുന്ന സാങ്കേതികവിദ്യകളാണ്. ആഗ്മെന്റഡ് റിയാലിറ്റി വെർച്വൽ റിയാലിറ്റിയുടെ (വിആർ) ഒരു സഹോദരനാണ്. എന്നാൽ, എആർ ഡിജിറ്റൽ ഘടകങ്ങളെ യഥാർത്ഥ ജീവിതവുമായി സമന്വയിപ്പിക്കുന്നു. വെർച്വൽ റിയാലിറ്റി പൂർണമായും ഡിജിറ്റൽ ലോകം സൃഷ്ടിക്കുന്നു. വർദ്ധിച്ചുവരുന്ന മൊബൈൽ ഫോണുകൾ, അവയുടെ വിപുലീകരണസവിശേഷതകൾ, ഇന്റർനെറ്റ് വേഗം വർദ്ധിപ്പിക്കൽ എന്നിവ ആഗ്മെന്റഡ് റിയാലിറ്റി സാങ്കേതികവിദ്യയുടെ വികാസം വർദ്ധിപ്പിക്കുന്നു.

**മികച്ച ആഗ്മെന്റഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി ബിസിനസ്സ് അവസരങ്ങൾ**

ഗെയിമിങ്, സ്പോർട്സ്, വിനോദം, ഇ-കൊമേഴ്സ് റീട്ടെയിൽ, വിദ്യാഭ്യാസവും പരിശീലനവും, റിയൽ എസ്റ്റേറ്റ്, ടൂറിസവും യാത്രയും, ഇന്റീരിയർ ഡിസൈൻ, നഗരാസൂത്രണം, ലാൻഡ്സ്കേപ്പിങ്, ആരോഗ്യപരിരക്ഷ, പരസ്യവും വിപണനവും, ആശയവിനിമയവും സഹകരണവും, നിർമാണ, തൊഴിൽസുരക്ഷ തുടങ്ങിയവയാണ് വെർച്വൽ റിയാലിറ്റി - ആഗ്മെന്റഡ് റിയാലിറ്റി സാങ്കേതികവിദ്യ നൽകുന്ന ജോലി സാധ്യതകൾ.

**6. ബ്ലോക്ക്ചെയിൻ**

ഒരു ഡിസ്ട്രിബ്യൂട്ടഡ് ഡാറ്റാബേസ് ആണ് ബ്ലോക് ചെയിൻ. തുടർച്ചയായി പുതുക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ഡാറ്റാബേസ് അസാധ്യമാംവിധം സുരക്ഷിതമാക്കപ്പെട്ടതാണ്. ആർക്കും ചേർക്കാൻ കഴിയുന്ന, ആർക്കും മാറ്റാനാകാത്ത വിവരങ്ങൾ സ്ഥാപിക്കാൻ പബ്ലിക് ബ്ലോക്ക് ചെയിനുകൾ സ്ഥലം നൽകുന്നു.

ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ക്രിപ്റ്റോകറൻസികൾ നിർമിച്ചിരിക്കുന്നത്. ഈ സാങ്കേതികവിദ്യയുടെ ഏറ്റവും അറിയപ്പെടുന്ന ഉപയോഗം ക്രിപ്റ്റോകറൻസി തന്നെയാണ്.

ലോകത്തെ ഏറ്റവും നിർണായകമായ ഡിസ്റപ്റ്റീവ് സാങ്കേതികവിദ്യയാകും ബ്ലോക്ക്ചെയിൻ. കൃഷി, ഭക്ഷ്യരംഗം, മരുന്ന് തുടങ്ങിയ വിവിധ മേഖലകളിൽ ബ്ലോക്ക്ചെയിൻ അധിഷ്ഠിത നിയന്ത്രണസംവിധാനങ്ങൾ വരും. ലോകത്ത് വിവരങ്ങൾ കൃത്യമായി അടയാളപ്പെടുത്തുന്നതും അതിന്റെ സുരക്ഷിതത്വം ഉറപ്പാക്കുന്നതും പ്രധാനമാകും. വരുംവർഷങ്ങളിൽ ബ്ലോക്ക് ചെയിൻ, ഫുൾസ്റ്റാക് തൊഴിൽ രംഗത്തെ അവസരം ഇരട്ടിയായി വർധിക്കുകയാണെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഈ അവസരത്തിൽ വിദഗ്ധരെ തേടിയെത്തുന്നത് നിരവധി തൊഴിലവസരങ്ങളാകും. ഇപ്പോൾ ലഭിക്കുന്നതിനെ അപേക്ഷിച്ച് നാല്പതു ശതമാനം അധികം ശമ്പളവർധനയും തൊഴിൽരംഗം വാഗ്ദാനം ചെയ്യുന്നുവെന്നതും പ്രത്യേകതയാണ്.

കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഇൻഡസ്ട്രി കൺസോർഷ്യത്തിന്റെയും സർക്കാരിന്റെയും അംഗീകൃത സർട്ടിഫിക്കറ്റും ലഭിക്കും. അതിനാൽത്തന്നെ ഇവിടെ പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്നവർക്ക് മറ്റുള്ളവരെ അപേക്ഷിച്ച് തൊഴിൽ വിപണിയിൽ മൂല്യം കൂടും.

ശേഷം 12-ാം പേജിൽ

Urgent Requirement For Nurses to Italy 2021
• IELTS വേണ്ട
• Male / Female (BSc or GNM) നേഴ്സിനും അപേക്ഷിക്കാം
• ഇറ്റലി ജോബ് വിസയോടുകൂടി
• നഴ്സിങ് ജോലിയിൽ പ്രവേശനം ഉറപ്പുവരുത്തുന്നു
• ഇറ്റാലിയൻ ഭാഷാപഠനത്തോടുകൂടിയ നഴ്സിങ് കൗൺസിൽ രജിസ്ട്രേഷനും നിയമനവും
For more details contact:
9746638869, 0480-2707869

# ജീവിതത്തിന്റെ പൊള്ളുന്ന പരമാർത്ഥങ്ങൾ

**സാഹിത്യവിചാരം**



**റോബിൻ താന്നിമല**

മലയാളകവിതയിലെ ഒറ്റപ്പെട്ട സ്വരമാണ് എ. അയ്യപ്പന്റേത്. അരോചകവും അരാജകവുമായ ജീവിതാവസ്ഥകളെ വസന്തസ്മൃതികളാക്കി തെരുവിലൂടെ ഏകാന്തപഥികനായി നടന്നുനീങ്ങിയ കവിയായിരുന്നു അയ്യപ്പൻ. കൂട്ടംതെറ്റി ജീവിക്കുന്ന പ്രവാസിയായ ഒരു പ്രതിഭയുടെ ആത്മനൊമ്പരങ്ങളും വ്യഥകളും ഉത്കണ്ഠകളുമെല്ലാം അയ്യപ്പന്റെ കവിതകളിൽ കാണാം. താളാത്മകമായ ഗദ്യത്തിലെഴുതുന്ന അയ്യപ്പൻ, വൈരുധ്യപ്രതീതിയുളവാക്കുന്ന ശ്ലഥബിംബങ്ങളും വാക്കുകളുംകൊണ്ട് തന്റെ കാവ്യശില്പം പണിയുന്നു.

തീവ്രവും സങ്കീർണവുമായ യാഥാർത്ഥ്യങ്ങളുടെ ഉള്ളറകളിലേക്കും നാം സഞ്ചരിക്കാത്ത അപരിചിതലോകത്തിന്റെ നിഗൂഢതകളിലേക്കും അയ്യപ്പൻ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. ജീവിതത്തിലെ പ്രതിസന്ധികളോരോന്നും ചൂണ്ടിക്കാട്ടുന്ന അയ്യപ്പൻ ഈ ലോകം അത്ര സുന്ദരമല്ലെന്നു പറഞ്ഞുവയ്ക്കുന്നുമുണ്ട്. വിശപ്പ്, യുദ്ധം, ദാരിദ്ര്യം, രോഗം, മരണം, വിധി, അനാഥത്വം, പ്രണയം, പരിസ്ഥിതി, ലഹരി, സ്വപ്നം, കാലം എന്നിങ്ങനെ ജീവിതത്തോടു പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെടുന്ന ഘടകങ്ങളെ യഥാതഥമായി അയ്യപ്പൻ അവതരിപ്പിക്കുന്നു. ഇവയെല്ലാം ജീവിതബന്ധിയായിരിക്കാനും അദ്ദേഹം ശ്രദ്ധിക്കുന്നു.

അയ്യപ്പന് കവിത കുലത്തൊഴിലാണ്. കവിതയെഴുത്തല്ലാതെ മറ്റൊന്നും അയാൾക്കു വശമില്ല. കവിതയുടെ കേന്ദ്രത്തിൽ നിശ്ചലനായിനിന്ന് അനുഭവത്തെയും അർത്ഥത്തെയും വിന്യസിപ്പിക്കുന്നവനല്ല അയ്യപ്പൻ, അവയ്ക്കൊപ്പം നിരന്തരം അലയുന്നവനാണ്. അലച്ചിലിന്റെയും ലഹരിയുടെയും അനുസ്യൂതിയിൽ സ്ഥിരമായ സ്ഥലകാലങ്ങൾ അപ്രത്യക്ഷമാകുകയും ഒരേ കവിതയിൽ, വാക്കിൽ, ബിംബത്തിൽ വ്യത്യസ്തമായ സ്ഥലകാലങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. 'തെറ്റിയോടുന്ന സെക്കൻഡ് സൂചി'യെന്ന് ജീവിതത്തെ സ്വയം വിശേഷിപ്പിച്ച അയ്യപ്പൻ കലാപത്തിന്റെ കവികൂടിയാണ്. കവിതയ്ക്ക് അതിനുവേണ്ടുന്ന കരുതലും സൂക്ഷ്മതയും നൽകിക്കൊണ്ട് ഹൃദയത്തിന്റെ അടിത്തട്ടിൽ നനയാതെ സൂക്ഷിച്ചതുകൊണ്ടാവാം അയ്യപ്പനെന്ന കവിയെ കാലമോർക്കുന്ന മഹാകവിയാക്കുന്നത്.

അയ്യപ്പന്റെ കവിതകളിൽ കാണുന്ന മൃത്യുബോധം മരണത്തോടുള്ള ഭയമായി പരിണമിക്കുന്നില്ല; മറിച്ച്, ഒരു നിഴലായി ഒപ്പം സഞ്ചരിക്കുന്ന ശക്തിയെന്ന നിലയിലാണ് കാണുന്നത്. മൃത്യുബോധം അയ്യപ്പനെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക മുഹൂർത്തത്തിൽ വന്നുപെട്ട അനുഭവമല്ല. ഒരു പരിധിവരെ അതു സഹജമാണ്.

> **കവിതയ്ക്ക് അതിനുവേണ്ടുന്ന കരുതലും സൂക്ഷ്മതയും നൽകിക്കൊണ്ട് ഹൃദയത്തിന്റെ അടിത്തട്ടിൽ നനയാതെ സൂക്ഷിച്ചതുകൊണ്ടാവാം അയ്യപ്പനെന്ന കവിയെ കാലമോർക്കുന്ന മഹാകവിയാക്കുന്നത്. ആശയങ്ങളെ അതിന്റെ ഭാവതീവ്രത ഒട്ടും ചോരാതെ അനുവാചകരിലേക്കു സംക്രമിപ്പിക്കാൻ പര്യാപ്തമായ ബിംബങ്ങളെ തിരഞ്ഞെടുക്കാനും അവയെ ഫലപ്രദമായി കവിതയിൽ ഇണക്കിച്ചേർക്കാനും അയ്യപ്പനു കഴിഞ്ഞു.**

മരണം ഇത്രയേറെ അയ്യപ്പനെ അസ്വസ്ഥപ്പെടുത്തുന്നതിന്റെ യഥാർത്ഥകാരണം അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങൾ തന്നെയാണെന്നു പറയാം. മാതാപിതാക്കളുടെ മരണം ഏതൊരു ബാലനെയുംപോലെ അയ്യപ്പന്റെ ജീവിതത്തെയും ശിഥിലമാക്കി. ജീവിതയാത്രയിൽ ഒപ്പമുണ്ടായിരുന്ന സുഹൃത്തുക്കളുടെ മരണവും അയ്യപ്പനെ തളർത്തി. സ്വജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവന്ന മരണമുഹൂർത്തങ്ങളും അയ്യപ്പനെ സ്വാധീനിച്ചു.

സാർവലൗകികവും സാർവകാലികവുമായ പ്രമേയമായ പ്രണയത്തിൽ വൈവിധ്യം ചമച്ച കവിയാണ് എ. അയ്യപ്പൻ. അനുഭവതീവ്രത വ്യക്തമാക്കുന്ന രചനാരീതിയും മലയാളിയുടെ സാമൂഹിക ഉപബോധമനസ്സിലും നാടോടിസങ്കല്പങ്ങളിലും ഉറങ്ങിക്കിടക്കുന്ന ശക്തമായ ബിംബാവലികളും ചേർന്ന് അയ്യപ്പന്റെ പ്രണയകാവ്യങ്ങൾക്കു സവിശേഷഭാവം നൽകുന്നു. കാവ്യഭാഷയിലും കാവ്യവ്യക്തിത്വത്തിലും ആധുനികകവികളുടെ പട്ടികയിൽ അയ്യപ്പൻ ഒറ്റപ്പെട്ടുനിൽക്കുന്നു. അയ്യപ്പന്റെ പ്രേമകവിതകൾ ഒരിക്കലും നിരാശയിൽ എത്തി അവസാനിക്കുന്നില്ല. കവി, നിരാശയിൽനിന്ന് ഊർജം കൊള്ളുന്നു. ചിലപ്പോൾ രോഷംകൊള്ളുന്നു. പ്രണയം ഒരു സ്വപ്നമായി നിലനിർത്തി യാഥാർത്ഥ്യങ്ങളിലേക്കാണ് കവി നോട്ടമിടുന്നത്. കവിതകളിൽ വിരിയുന്ന പ്രണയബിംബങ്ങൾ ആത്മാർത്ഥതയുടെ പീലികൾ വിടർത്തുന്നതും അതുകൊണ്ടാണ്.



അയ്യപ്പനെ സംബന്ധിച്ചിടത്തോളം അസ്തിത്വദുഃഖം ഒരു പരിധിവരെ സഹജമാണ്. 'വിശപ്പ്' ഒരു സുഹൃത്തായി എന്നും അദ്ദേഹത്തെ പിന്തുടർന്നുകൊണ്ടിരുന്നു. രക്തബന്ധങ്ങളോടും സ്നേഹബന്ധങ്ങളോടും നീതി കാണിക്കാൻ സാധിക്കാത്തവന്റെ ഓർമകളായി ഗൃഹാതുരത്വം പ്രകടമാകുന്നു.

വ്യക്തിജീവിതത്തിലും കാവ്യജീവിതത്തിലും അലഞ്ഞുതിരിഞ്ഞ സഞ്ചാരിയാണ് അയ്യപ്പൻ. അനാഥത്വത്തെ കാവ്യരചനയിൽ കലാപമാക്കി മാറ്റിക്കൊണ്ട്, കവിതയിലൂടെ അനുവാചകന്റെ മനസ്സിൽ പൊള്ളലും അഴല്ചയും സൃഷ്ടിക്കാൻ അയ്യപ്പനു കഴിഞ്ഞു. മനുഷ്യനും പ്രകൃതിയും തമ്മിലുണ്ടായിരിക്കേണ്ട അർത്ഥവത്തായ ബന്ധത്തെക്കുറിച്ചും അയ്യപ്പൻ ഓർമപ്പെടുത്തുന്നുണ്ട്. പ്രകൃതിയുമായി ചേർന്നു നില്ക്കുന്ന ഹരിതം കലർന്ന ജീവിതദർശനമാണ് ഇന്നിന്റെ ആവശ്യമെന്നു കവി കരുതുന്നു. അയ്യപ്പന്റെ കവിതയിലെ പരിസ്ഥിതിവിചാരങ്ങൾ സാംസ്കാരികവും നൈതികവുമായ ഉന്നതമാനങ്ങൾ ഉൾക്കൊള്ളുന്നു. പ്രകൃതിധ്വംസനത്തിനെതിരേയുള്ള സർഗാത്മക കലാപം അയ്യപ്പന്റെ കവിതയിൽ കാണാം. 'ഭൂമിയും പുഴയും', 'കാടിന്റെ സ്നേഹിതയ്ക്ക്' എന്നീ കവിതകൾ ഇതിനു തെളിവാണ്.

വാക്കുകളെക്കാളേറെ ഇമേജുകളുടെ ഭാഷയാണ് കാവ്യാവിഷ്കാരത്തിന് അയ്യപ്പൻ ഉപയോഗിച്ചത്. ആശയങ്ങളെ അതിന്റെ ഭാവതീവ്രത ഒട്ടും ചോരാതെ അനുവാചകരിലേക്കു സംക്രമിപ്പിക്കാൻ പര്യാപ്തമായ ബിംബങ്ങളെ തിരഞ്ഞെടുക്കാനും അവയെ ഫലപ്രദമായി കവിതയിൽ ഇണക്കിച്ചേർക്കാനും അയ്യപ്പനു കഴിഞ്ഞു.

കവിത അയ്യപ്പനു ജ്ഞാനമാർഗമാണ്. കുറെക്കൂടി തീക്ഷ്ണമായിപറഞ്ഞാൽ കവിതയ്ക്കപ്പുറത്തെ മറ്റൊരു ജ്ഞാനവീഥി അയ്യപ്പനില്ല. എല്ലാറ്റിലും ഇദ്ദേഹം കവിത കാണുന്നു. അതു ലോകത്തിന്റെ ഭിന്നസ്വരങ്ങളെയും ഭാവങ്ങളെയും രൂപങ്ങളെയും കാവ്യാത്മകതയുടെ ഏകശരീരത്തിലേക്കു കൊണ്ടുവരുന്നു. കവിത ഒരേസമയം ശരീരവും ആത്മാവും ആകുന്നതിങ്ങനെയാണ്. ഇത്തരത്തിൽ, വ്യത്യസ്തജീവിതമുഹൂർത്തങ്ങളെ തന്റെ കവിതകളിൽ അവതരിപ്പിച്ച് 2010 ഒക്ടോബർ 21 ന് നമ്മെ വിട്ടുപിരിഞ്ഞ എ. അയ്യപ്പൻ മലയാളകാവ്യലോകത്തു വേറിട്ടു നിൽക്കുന്നു. ■

---



**ശ്രേഷ്ഠമലയാളം**

**ഡോ. ഡേവിസ് സേവ്യർ**

## ഗ്രന്ഥലോകവും ഗ്രന്ഥാലോകവും


ഗ്രഥനം ചെയ്യപ്പെട്ടത് (കൂട്ടിക്കെട്ടിയത്) എന്നു നിരുക്ത്യർത്ഥമുള്ള ശബ്ദമാണ് ഗ്രന്ഥം എന്നത്. 'ഗൃന്ഥം' 'ഗ്രന്ധം' എന്നിവ ഉച്ചാരണവൈകല്യംമൂലം പ്രചരിച്ചുപോയ അപരൂപങ്ങളാണ്. അവയെ പാടേ വർജിക്കണം. പുസ്തകം എന്നാണല്ലോ ഗ്രന്ഥത്തിന്റെ രൂഢിയായിത്തീർന്ന അർത്ഥം. സംസ്കൃതം എഴുതാൻ തെന്നിന്ത്യയിൽ ഉപയോഗിച്ചുപോന്നതും തമിഴ് ലിപികളുടെ വടിവിലുള്ളതുമായ ലിപിസമ്പ്രദായത്തിനും ഗ്രന്ഥം അഥവാ ഗ്രന്ഥാക്ഷരം (ഗ്രന്ഥലിപി) എന്നു പറഞ്ഞുവരുന്നു. ഇന്നത്തെ മലയാള അക്ഷരങ്ങൾക്ക് ഗ്രന്ഥലിപികളോട് (ആര്യ എഴുത്ത്) ആണ് കടപ്പാടുള്ളത്. കൂടാതെ, എഴുതിയ താളിയോലക്കെട്ട്, ഗ്രന്ഥഭാഗം, അദ്ധ്യായം, സിക്കുകാരുടെ മതഗ്രന്ഥം, ധനം, അനുഷ്ടുപ്പുവൃത്തത്തിലുള്ള ശ്ലോകം തുടങ്ങിയ വിവക്ഷിതങ്ങളിലും ഗ്രന്ഥസംജ്ഞ പ്രയോഗിക്കാറുണ്ട്.

ഗ്രന്ഥത്തോട് ലോകം, ആലോകം എന്നീ വിശേഷ്യങ്ങൾ ചേർത്ത് സമസ്തപദങ്ങൾ സൃഷ്ടിക്കാം. ഗ്രന്ഥ + ലോകം = ഗ്രന്ഥലോകം; ഗ്രന്ഥ + ആലോകം = ഗ്രന്ഥാലോകം. ഗ്രന്ഥലോകം എന്നിടത്ത് സംഹിതയും ഗ്രന്ഥാലോകം എന്നിടത്ത് സവർണദീർഘവും സംഭവിക്കുന്നു. "ഗ്രന്ഥ + ലോകം (സമൂഹം) ഗ്രന്ഥലോകം. ഗ്രന്ഥ + ആലോകം (കാഴ്ച, നോട്ടം) ഗ്രന്ഥാലോകം"* എന്നിങ്ങനെ വേണമെന്ന് 'നല്ല ഭാഷ'കാരനും രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രന്ഥത്തോട് കാരൻ/കാരി, കർത്താവ്/കർത്ത്രി ചേർത്താൽ പുല്ലിംഗ – സ്ത്രീലിംഗ രൂപങ്ങൾ ഉണ്ടാവും. ഗ്രന്ഥകാരൻ/ഗ്രന്ഥകാരി, ഗ്രന്ഥകർത്താവ്/ഗ്രന്ഥകർത്ത്രി എന്നിങ്ങനെ ശരിയായ രൂപങ്ങൾ. പുസ്തകം എഴുതുന്ന ആൾ എന്നർത്ഥം. ഗ്രന്ഥകൃത്ത് എന്ന പദവും ഗ്രന്ഥകാരൻ/കാരി എന്നീ അർത്ഥങ്ങളിൽ പ്രയോഗിക്കാം.

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ മുഖപത്രം ഗ്രന്ഥലോകമല്ല; ഗ്രന്ഥാലോകമാണ്. അതതുകാലത്തു പുറത്തിറങ്ങുന്ന ഗ്രന്ഥങ്ങളെപ്പറ്റിയുള്ള കാഴ്ചയോ നോട്ടമോ ഒക്കെയാണല്ലോ 'ഗ്രന്ഥാലോകം' എന്ന മുഖപത്രത്തിന്റെ ധർമ്മം.

* രാമചന്ദ്രൻനായർ, പന്മന, നല്ല ഭാഷ, ഡി.സി. ബുക്സ്, കോട്ടയം, 2014, പുറം – 460

# ഭൂമിക്ക് ചരമഗീതം



തോമസ് കുഴിഞ്ഞാലിൽ

ഓസ്ട്രേലിയയിലും കാനഡയിലും ഗ്രീസിലും യു.എസിലെ കാലിഫോർണിയയിലും കാട്ടുതീ. ജർമനിയിൽ പട്ടണങ്ങൾ ഒഴുകിപ്പോകുംവിധമുള്ള പ്രളയം. ചൈനയിലും ഇന്ത്യയിലും ഇവിടെ കേരളത്തിലും വെള്ളപ്പൊക്കം.

മാസ്ക് ധരിച്ചും സാനിറ്റൈസർ ഉപയോഗിച്ചും അകലംപാലിച്ചും വാക്സിനെടുത്തും കൊവിഡ് മഹാമാരിയെ തളയ്ക്കുമായിരിക്കും. എന്നാൽ, കാലാവസ്ഥാമാറ്റത്തിന്റെ ഗ്രാഫിനെ താഴ്ത്താനാവുകയില്ല. അക്കാര്യത്തിൽ വിജയിക്കണമെങ്കിൽ പുറത്തേക്കു തള്ളപ്പെടുന്ന കാർബൺവാതക നിരീക്ഷകരുടെ അഭിപ്രായം. അര ഡിഗ്രി ചൂട് വർദ്ധിച്ചാൽ 20 കോടി ജനങ്ങളെങ്കിലും സ്വന്തം വീടുപേക്ഷിച്ച് മറ്റു പ്രദേശങ്ങളിൽ കുടിയേറുമെന്ന് ലോകബാങ്ക് പഠനങ്ങളിലും സ്ഥിരീകരിച്ചിട്ടുണ്ട്. രണ്ടു ഡിഗ്രിയാണു വർദ്ധനയെങ്കിൽ ബംഗ്ലാദേശ്, വിയറ്റ്നാം എന്നീ രാജ്യങ്ങളിലേക്കു വേലിയേറ്റം ശക്തമാകും. ചൈനയും ഇന്ത്യയും ഇന്തോനേഷ്യയും അടക്കമുള്ള രാജ്യങ്ങളിലെ തീരദേശനഗരങ്ങൾ വെള്ളം കയറി നശിക്കും. ധ്രുവപ്രദേശങ്ങളിലെ മഞ്ഞുപാളികൾ ഉരുകുന്നതും സമുദ്രജലം ചൂടായി നില്ക്കുന്നതും ജലനിരപ്പ് ക്രമാതീതമായി ഉയരാൻ കാരണമാണ്.

അന്തരീക്ഷമലിനീകരണം മുമ്പെങ്ങുമില്ലാത്തവിധം വർദ്ധിച്ചിരിക്കുന്നു. അസഹ്യമായ ചൂടും കാട്ടുതീയും ചുഴലിക്കാറ്റും അതിതീവ്രമഴയും കടലേറ്റവും ഒക്കെയായി ഭൂമി ഒരു വലിയ പ്രതിസന്ധിയുടെ തുരങ്കത്തിലെയും പ്രളയത്തിന്റെ പശ്ചാത്തലവും ഇതുതന്നെയാണ്. യൂറോപ്പിലെ ആൽപ്സ് പർവതനിരയിലെ മഞ്ഞുമലകൾ ഉരുകിത്തുടങ്ങിയെന്നും സ്വിറ്റ്സർലണ്ടിൽ മാത്രം 1,000 ജലാശയങ്ങൾ പുതുതായി രൂപപ്പെട്ടുവെന്നും വാർത്തയുണ്ട്. ആൽപ്സിലെ മൂന്നിൽ രണ്ടു മഞ്ഞുമലകളും വരുംവർഷങ്ങളിൽ ഉരുകിയിറങ്ങി പുതിയ തടാകങ്ങൾ ഉണ്ടാകുമെന്നു കണക്കാക്കുന്നു. കാനഡയിലെ ബ്രിട്ടീഷ് കൊളംബിയയിൽ അടുത്തയിടെ അനുഭവപ്പെട്ട 49.6 ഡിഗ്രി സെൽഷ്യസ് ചൂട് സർവകാല റെക്കോർഡാണ്. ഗ്രീസിലുണ്ടായ കാട്ടുതീയിൽ കത്തിയമർന്നത് 56,000 ഹെക്ടർ നിബിഡവനമാണ്. ഇവയൊന്നും ഒറ്റപ്പെട്ട സംഭവങ്ങളല്ലെന്നും ആഗോളതാപനവുമായി ബന്ധപ്പെട്ട കാലാവസ്ഥാദുരന്തങ്ങളാണെന്നും ഗവേഷകർ സാക്ഷ്യപ്പെടുത്തുന്നു.

നമ്മുടെ സംസ്ഥാനത്തെ മലയോരങ്ങളും നദികളും പട്ടണങ്ങളും ചൂടിനെ ആഗിരണം ചെയ്യാനും മഴവെള്ളത്തെ ഉൾക്കൊള്ളാനുമാകാത്തവിധം ദീർഘവീക്ഷണമില്ലാത്ത വികസനത്തിന്റെ ഇരകളായി മാറിയതാണ് ദുരന്തം. ഇന്ത്യയിൽ കേരളമുൾപ്പെടെയുള്ള പ്രദേശങ്ങളിൽ മണ്ണിടിച്ചിൽ വ്യാപകമായതിന്റെ പ്രധാനകാരണം മണ്ണിന്റെ ഘടനയുടെ പരിജ്ഞാനമില്ലാതെ നിർമാണപ്രവർത്തനങ്ങളിലേർപ്പെടുന്നതാണ്.

ണ്ടായ ടൗട്ടേ, യാസ് തുടങ്ങിയ ചുഴലിക്കാറ്റുകൾ ആഗോളതാപനത്തിന്റെ സൃഷ്ടികളായിരുന്നുവെന്ന തിരിച്ചറിവിൽ ഭാവി ദുരന്തങ്ങൾക്കെതിരേ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ചർച്ചകൾ നടന്നു. ആഗോളതാപനത്തിൽനിന്ന് ലോകത്തെ രക്ഷിക്കാനുള്ള ഒടുവിലത്തെ അവസരമാണ് ഗ്ലാസ്ഗോയിലേതെന്നു നിരീക്ഷിക്കുന്നവരുണ്ട്. ഇനിയൊരവസരം ഉണ്ടായിക്കൊള്ളണമെന്നില്ല.

### ഭൂമിക്കു മരണഗന്ധം

ജൈവവൈവിധ്യങ്ങളുടെ കലവറയായ ഭൂമി മരണത്തോടടുക്കുന്നുവെന്ന യാഥാർത്ഥ്യത്തിനു നേരേ കണ്ണടയ്ക്കാനാവില്ല. വ്യാപകമായ വനനശീകരണം, വിവേചനമില്ലാത്ത ആഴക്കടൽ മത്സ്യബന്ധനം, അനിയന്ത്രിതമായ വ്യവസായവത്കരണം, ജലസ്രോതസ്സുകളുടെ മലിനീകരണം തുടങ്ങിയവ പ്രകൃതിയെ മുമ്പെങ്ങുമില്ലാത്തവിധം നശിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. മനു

അശാസ്ത്രീയമായ ഇടപെടലുകൾ പ്രകൃതിയുടെ സന്തുലിതാവസ്ഥയുടെ തകർച്ചയ്ക്കു കാരണമാകുന്നു. ജലജീവികളുടെ പ്രഭവകേന്ദ്രങ്ങളായ കണ്ടൽക്കാടുകൾ വികസനത്തിന്റെ മറവിലാണു നശിപ്പിക്കപ്പെടുന്നത്. പ്രകൃതിയുടെ സമശീതോഷ്ണാവസ്ഥ നിലനിറുത്തുന്ന ധ്രുവപ്രദേശങ്ങളിൽ നടക്കുന്ന മൃഗവേട്ടയും പ്രകൃതിവാതകത്തിനും എണ്ണയ്ക്കുംവേണ്ടിയുള്ള പര്യവേക്ഷണങ്ങളും നിയന്ത്രിക്കപ്പെട്ടേ മതിയാകൂ. ഭൗമോപരിതലത്തിലെ ശുദ്ധജലത്തിൽ 90% സംഭരിച്ചുവച്ചിരിക്കുന്നത് ധ്രുവപ്രദേശങ്ങളിലാണെന്നു പറയപ്പെടുന്നു. അന്തരീക്ഷത്തിലെ 50% കാർബൺ വാതകങ്ങളെയും ആഗിരണം ചെയ്ത് പ്രകാശസംശ്ലേഷണം വഴി പ്രാണവായുവായ ഓക്സിജനെയും ജലകണങ്ങളെയും പുറന്തള്ളുന്നത് മഴനിഴൽക്കാടുകളിലെ വൃക്ഷങ്ങളാണെന്നും തെളിഞ്ഞിട്ടുണ്ട്. ഭൂമിയിലെ 70% ജലവും ഉൾക്കൊള്ളുന്ന സമുദ്ര



ങ്ങളുടെ തോതുകുറയ്ക്കണം. പ്രകൃതിയുടെമേലുള്ള അനിയന്ത്രിതമായ കടന്നുകയറ്റങ്ങൾ അവസാനിപ്പിച്ച് പ്രകൃതിയിൽനിന്നുതന്നെ പ്രതിരോധമാർഗങ്ങൾ കണ്ടെത്തി പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണം.

കാലാവസ്ഥാമാറ്റം സംബന്ധിച്ച് ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (IPCC) തയ്യാറാക്കി ഇക്കഴിഞ്ഞ ഓഗസ്റ്റ് ഒമ്പതാം തീയതി ജനീവയിൽ പുറത്തിറങ്ങിയ റിപ്പോർട്ട് ഒരു ആപൽസൂചനയാണ്. ഓരോ ഏഴു വർഷം കൂടുമ്പോഴും പുറത്തുവിടുന്ന ഐപിസിസി റിപ്പോർട്ടുകളുടെ പരമ്പരയിലെ ആറാമത്തെ അസസ്മെന്റിൽ കാലാവസ്ഥ തീവ്രമായി മാറുന്നതിനു മനുഷ്യരുടെ ജീവിതരീതി പ്രധാന കാരണമാണെന്നു ചൂണ്ടിക്കാണിക്കുന്നുണ്ട്. ലോകത്തെ ശരാശരി താപവർദ്ധന 1.50 ഡിഗ്രി മുതൽ രണ്ടു ഡിഗ്രി സെൽഷ്യസ് വരെയുള്ള പരിധിയിൽ നിറുത്താൻ ഉദ്ദേശിച്ച് 2015 ൽ ഒപ്പുവച്ച പാരീസ് ഉടമ്പടി അമേരിക്കയുടെ പിൻമാറ്റത്തോടെ നടക്കാതെ പോയത് ദൗർഭാഗ്യകരമായി. ഈ തോതനുസരിച്ചു നീങ്ങിയാലും താപനം നിയന്ത്രിച്ച് കാലാവസ്ഥയെ പഴയപടിയിലാക്കാൻ കഴിഞ്ഞേക്കില്ലെന്നും റിപ്പോർട്ടിലുണ്ട്. ആഗോളതാപനം 1.50 ഡിഗ്രി സെൽഷ്യസിൽ പിടിച്ചുനിറുത്താൻ കഴിഞ്ഞാലും വരുന്ന പതിറ്റാണ്ടുകളിൽ കടൽവെള്ളം ഉയരുമെന്നാണ് കണ്ടെത്തൽ. 50 കോടി ജനങ്ങൾ അധിവസിക്കുന്ന കടൽത്തീരനഗരങ്ങൾ വെള്ളത്തിനടിയിലാകുമെന്നാണു ലേക്കു കടന്നിരിക്കുന്നു. തീവ്രകാലാവസ്ഥാമാറ്റങ്ങൾ നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമാകാൻ പോകുന്നുവെന്ന വെളിപ്പെടുത്തലാണ് ഐപിസിസി റിപ്പോർട്ട്. പല മാറ്റങ്ങളും തിരുത്താനാവാത്തതും നൂറ്റാണ്ടുകളോ സഹസ്രാബ്ദങ്ങളോ നീണ്ടുനില്ക്കുന്നവയുമാകാം. പുതിയൊരു 'തീവ്രയുഗം' ആരംഭിച്ചുകഴിഞ്ഞുവെന്നു തിരിച്ചറിയണം.

### മേഘവിസ്ഫോടനങ്ങൾ

സമുദ്രജലം ചൂടാകുമ്പോൾ ഉയരുന്ന നീരാവിയാണ് തണുത്ത് മഴയായി മാറുന്നത്. ചൂട് പിന്നെയും കൂടുമ്പോൾ നീരാവിയുടെ അളവുകൂടി മഴമേഘങ്ങൾ ജലകുംഭങ്ങളായി മാറുന്നതാണ് മേഘവിസ്ഫോടനങ്ങൾക്കു കാരണമാകുന്നത്. അന്തരീക്ഷത്തിലെ ചൂടിന്റെ സിംഹഭാഗവും ആഗിരണം ചെയ്ത് സമുദ്രജലം വേഗം ചൂടുപിടിക്കുന്നു. അറബിക്കടൽ ലോകത്തിലെതന്നെ ഏറ്റവും ചൂടേറിയ ഭാഗമായി മാറിയതാണ് കേരളത്തിൽ മേഘവിസ്ഫോടനങ്ങൾ വർദ്ധിക്കാൻ കാരണമെന്നു കണ്ടെത്തിയിട്ടുണ്ട്. ചൂടു വർദ്ധിക്കുന്നതോടെ കടൽജലത്തിന്റെ അസിഡിറ്റി (acidity) വർദ്ധിക്കുകയും ഓക്സിജന്റെ അളവു കുറയുകയും ചെയ്യുന്നു.

ഹിമാലയത്തിലെ മഞ്ഞുമലകൾ അതിവേഗം ഉരുകുന്നതായി റിപ്പോർട്ടുകളുണ്ട്. ഇത് ഇന്ത്യൻ സമതലഭൂമിയുടെ സ്ഥിതി സങ്കീർണമാക്കുകയും അസാധാരണപ്രളയത്തിനും ചൂടേറ്റത്തിനും കാരണമാകുകയും ചെയ്യുന്നു. ചൈനയിലെയും ജർമനിയി

### ഗ്ലാസ്ഗോ ഉച്ചകോടിയിൽ പ്രതീക്ഷ

അടുത്തമാസം മധ്യത്തോടെ സ്കോട്ട്ലണ്ടിലെ ഗ്ലാസ്ഗോ നഗരത്തിൽ ചേരുന്ന യു.എൻ. കാലാവസ്ഥാവ്യതിയാന ഉച്ചകോടി 2015 ലെ പാരീസ് ഉടമ്പടിക്കുശേഷമുള്ള സുപ്രധാന സമ്മേളനമാണ്. കാർബൺ വാതകങ്ങളുടെ ബഹിഷ്കരണം 2050 ഓടെ പൂർണമായും ഇല്ലാതാക്കാനുള്ള കരാറിലേർപ്പെടാൻ നൂറിലേറെ രാജ്യങ്ങൾ സന്നദ്ധരായിട്ടുണ്ടെന്നാണു വാർത്ത. ഗ്ലാസ്ഗോ ഉച്ചകോടിക്കു മുന്നോടിയായി ഈ വർഷം മേയ്മാസത്തിൽ ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസനുമായി നരേന്ദ്രമോദി നടത്തിയ ചർച്ചകളിൽ ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചു പര്യാലോചിക്കുകയും പരിഹാരമാർഗങ്ങൾ അന്യോന്യം നിർദേശിക്കുകയുമുണ്ടായി. താപനം 1.50 ഡിഗ്രി സെൽഷ്യസിൽ കൂടാതെ പിടിച്ചുനിർത്താൻ 2030 ഓടെ കാർബൺ ബഹിഷ്കരണം ഇപ്പോഴുള്ളതിന്റെ പകുതിയായി കുറയ്ക്കാൻ ധാരണയായി. അടുത്ത നാളുകളിലു

ഷ്യന്റെ വിവേകരഹിതമായ കടന്നുകയറ്റങ്ങൾ ഏകകോശജീവിയായ ബാക്ടീരിയയെമുതൽ തിമിംഗലംവരെയുള്ള ജീവികളെ ഭൂമുഖത്തുനിന്ന് ഇല്ലായ്മ ചെയ്യുംവിധം വളർന്നിരിക്കുന്നു. 66 ദശലക്ഷം വർഷങ്ങൾക്കുമുമ്പ് ഭൂമിയിൽ പതിച്ച ഏതോ ഗ്രഹത്തിന്റെ ആഘാതംമൂലം മൺമറഞ്ഞ ദിനോസറുകളുടേതിനെക്കാൾ വലിയ ദുര്യോഗമാണ് ജീവജാലങ്ങൾ ഇന്നു നേരിടുന്നത്. പുഴയോരങ്ങളിലും കായൽത്തീരങ്ങളിലും സമൃദ്ധമായി വളർന്നിരുന്ന കണ്ടൽകാടുകളിൽ മുതൽ ഇരുധ്രുവങ്ങളിലെയും മഞ്ഞുപാളികളിൽവരെയുള്ള മനുഷ്യന്റെ

ങ്ങൾ മുഴുവനും മലീമസമായിരിക്കുന്നു. സമുദ്രങ്ങളുടെ അടിത്തട്ടിലെ കോറലുകളും അവയുടെയിടയിൽ ജീവിക്കുന്ന സൂക്ഷ്മജീവികളും മത്സ്യങ്ങളുമെല്ലാം വംശനാശഭീഷണിയിലാണ്. അടുത്ത പത്തു വർഷങ്ങൾക്കിടയിൽ പത്തു ലക്ഷത്തിലേറെ ജന്തുവർഗങ്ങളെങ്കിലും ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമായേക്കുമെന്നാണ് പുതിയ പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുള്ളത്. ദുരമൂത്ത മനുഷ്യർ മാത്രം അവശേഷിക്കുന്ന മരിച്ച ഒരു ഗ്രഹമായി ഭൂമി മാറുന്ന കാലം വിദൂരമല്ല.

■

## പോസിറ്റീവ്

മിനിക്കഥ

പ്രകാശ് വെട്ടം

പ്രസാദ് എന്റെ അയൽക്കാരനായിരുന്നു. പോസിറ്റീവ് കാഴ്ചപ്പാടു വേണമെന്നും നെഗറ്റീവ് ചിന്ത പാടില്ലെന്നും പറയുകയും വിശ്വസിക്കുകയും ചെയ്തിരുന്ന ഒരു ശുദ്ധനായിരുന്നു അയാൾ. ആളുകൾ അദ്ദേഹത്തെ രഹസ്യമായി പോസിറ്റീവ് എന്നാണു വിളിച്ചിരുന്നത്.

ആറുമാസംമുമ്പ് അദ്ദേഹത്തിനു പനിയും ശ്വാസംമുട്ടലുമുണ്ടായി. ഭക്ഷണത്തിനു രുചിക്കുറവും വിശപ്പില്ലായ്മയും. മകൻ അദ്ദേഹത്തെ ഹോസ്പിറ്റലിൽ കൊണ്ടുപോയി. പരിശോധിച്ചശേഷം ഡോക്ടർ പറഞ്ഞു: "പോസിറ്റീവാണ്." പോസിറ്റീവ് എന്ന വാക്കുകേട്ടപ്പോൾ പ്രസാദിന് ആശ്വാസവും സന്തോഷവും!

ഡോക്ടർ ജെയിംസ് ഞങ്ങളുടെ നാട്ടുകാരനാണ്. പ്രസാദിനെ നന്നായി അറിയാം. പ്രസാദിന്റെ മ്ലാനവദനനായ മകനോടു ഡോക്ടർ പറഞ്ഞു: "പോസിറ്റീവാണെങ്കിലും വന്ന സ്ഥിതിക്ക് ഒരു തറോ ചെക്കപ്പ് നടത്താം. പ്രസാദിനു തിരക്കൊന്നും ഇല്ലല്ലോ?"

പ്രസാദും സമ്മതിച്ചു. പത്തു ദിവസം ഹോസ്പിറ്റലിൽ താമസിച്ചു. ആ പുതിയ ലോകം പ്രസാദിന് ഇഷ്ടപ്പെട്ടു. പത്തു ദിവസത്തിനുശേഷം ടെസ്റ്റ് നടത്തി. പരിചരിച്ചിരുന്ന നേഴ്സ് സന്തോഷം മറച്ചുവച്ചില്ല. "അണ്ണൻ നെഗറ്റീവ് ആയി കേട്ടോ." നെഗറ്റീവ് എന്നു കേട്ടതേ അയാൾ ബെഡിലേക്കു വീണു, ബോധം മറഞ്ഞു.

# കേരളപ്പിറവിദിനത്തിൽ കേരളഭാഷയെക്കുറിച്ചുള്ള കവിമൊഴികളിലൂടെ ഒരു യാത്ര






ഷാജി മാലിപ്പാറ

*അമ്മിഞ്ഞപ്പാലോലും ചോരിവാകൊണ്ടാദ്യ-*
*മമ്മയെത്തന്നേ വിളിച്ച കുഞ്ഞേ,*
*മറ്റൊരു മാതാവു കൂടിയുണ്ടെന്മക-*
*ന്നുറ്റ വാത്സല്യമോടോമനിപ്പാൻ.*

മടിയിലിരിക്കുന്ന കുഞ്ഞിന്റെ മുടിയിൽ തലോടിയും കവിളത്തുമ്മവച്ചും അച്ഛൻ, മറ്റൊരു മാതാവിനെ പരിചയപ്പെടുത്തുകയാണ്:

*ഈയമ്മ നാൾതോറും ലാളിച്ചു, നിന്മണി-*
*വായിലൊഴുക്കുന്നു പാലും തേനും;*
*ആ നിജഭാഷയാമമ്മയോ, മാധുര്യ-*
*മാർന്ന സൂക്തങ്ങളെത്തൂകീടുന്നു.*

അച്ഛന്റെ വാക്കുകളിൽ തെളിയുന്ന അമ്മ മാതൃഭാഷയാണ്. മഹാകവി വള്ളത്തോളിന്റെ 'തറവാട്ടമ്മ' എന്ന കവിതയിലാണ് നാമിതു വായിക്കുന്നത്. ഈ കവിയുടെ 'എന്റെ ഭാഷ' എന്ന വിഖ്യാതമായ കവിതയിലെ മാതൃഭാഷയുടെ പ്രാധാന്യം സ്ഥാപിക്കുന്ന വരികൾ കേൾക്കാത്ത മലയാളികൾ ഉണ്ടാവില്ല.

*മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!*
*മർത്ത്യന്നു പെറ്റമ്മ തൻ ഭാഷ താൻ.*

തുടർന്ന് അദ്ദേഹം, ആശയസ്വീകരണത്തിന്റെ അടിസ്ഥാനതത്ത്വത്തെ വിശദീകരിച്ച് ഉറപ്പിക്കുന്നത് ഇപ്രകാരമാണ്:

*ഏതൊരു വേദവുമേതൊരു ശാസ്ത്രവു-*
*മേതൊരു കാവ്യവുമേതൊരാൾക്കും*
*ഹൃത്തിൽ പതിയേണമെങ്കിൽ സ്വഭാഷതൻ*
*വക്ത്രത്തിൽനിന്നു താൻ കേൾക്ക വേണം.*

മലയാളത്തിന്റെ മാധുര്യവും മനോഹാരിതയും വർണിക്കുന്ന കവിതകൾ ധാരാളമുണ്ട്. വെണ്ണിക്കുളം ഗോപാലക്കുറുപ്പിന്റെ ചോദ്യമിങ്ങനെയാണ്:

*ജീവന്നു നൂതനോന്മേഷം പകർന്നിടും*
*ദേവഭാഷാമൃതം ചേർന്ന ഭാഷേ,*
*നിന്മുലപ്പാലിന്റെ വീര്യമുൾക്കൊണ്ടതെൻ*
*ജന്മജന്മാന്തര പുണ്യമല്ലേ?*
*വശ്യമാം ശൈലിയിൽ നിന്നെജ്ജയിപ്പൊരു*
*വിശ്വമനോഹരഭാഷയുണ്ടോ?*

ഒ. എൻ. വി. കുറുപ്പിന്റെ പ്രശസ്തവരികൾ ഇങ്ങനെ വായിക്കാം:

*എത്ര സുന്ദരമെത്ര സുന്ദര-*
*മെന്റെ മലയാളം*
*മുത്തുപവിഴങ്ങൾ കൊരുത്തൊരു-*
*പൊന്നുനൂൽ പോലെ*
*തേൻ കിനിയും വാക്കിലോതി*
*വളർന്നു മലയാളം.*

നീലമ്പേരൂർ മധുസൂദനൻനായരുടെ നിരീക്ഷണം കവിതയിൽ കാണാം:

*നോക്കുവിനെത്ര മഹത്തെൻ മനസ്സിലും*
*നാക്കിലും തുള്ളിടുമെന്റെ ഭാഷ!*
*കാടും പുഴകളുമാഴിയും കൈകൊട്ടി-*
*പ്പാടുമീ മാവേലിനാടിൻ ഭാഷ.*

കല്ലറ അജയൻ,

*നമുക്കു നമ്മുടെ മലയാളം*
*നനുത്ത സുന്ദര മലയാളം*
*നമുക്കു നമ്മുടെ മലയാളം*
*വെളിച്ചമായതു മലയാളം*

എന്നെഴുതുമ്പോൾ, സിപ്പി പള്ളിപ്പുറം

*കവിതാമാധുരി തിങ്ങിനിറഞ്ഞൊരു*
*തറവാടാണീ മലയാളം*

എന്നാണ് ഓർമ്മിപ്പിക്കുന്നത്. കേരളഭാഷയുടെ സവിശേഷതകൾ വിവരിക്കുന്ന കെ. കെ. രാജാ സകല വാദ്യഘോഷങ്ങളുടെയും നാദവിസ്മയം മലയാളത്തിൽ ദർശിക്കുന്നു:

*മറ്റൊരു ദിക്കിലും കേൾക്കാത്ത മട്ടുള്ള*
*മദ്ദളകേളി മിഴാവൊലിയും;*
*സ്നിഗ്ധമധുരമിടയ്ക്ക തൻ സംഗീതം;*
*മുഗ്ധമൃദുലം തിമിലമേളം;*
*വിണ്ടലത്തോളമുയർന്നു ചെന്നെത്തുന്ന*
*ചെണ്ടതൻ താരഗംഭീരനാദം-*
*ഇത്തരമോരോന്നും കൈരളീ, നിന്നുടെ*
*നൃത്തരസത്തിൻ വിഭാവമെന്നും!*

മലയാളത്തെക്കുറിച്ചു പറയുമ്പോൾ കുഞ്ഞുണ്ണിമാഷിനെക്കുറിച്ച് ഓർക്കാതിരിക്കാനാവില്ല. തനിക്ക് മലയാളമെന്നാൽ എന്താണെന്ന് കവി വിവരിക്കുന്നത് ശ്രദ്ധേയമാണ്:

*അമ്പത്താറക്ഷരമല്ല,*
*അമ്പത്തൊന്നക്ഷരവുമല്ലെൻ മലയാളം*
*മലയാളമെന്ന നാലക്ഷരമല്ല*
*അമ്മ എന്ന ഒരൊറ്റക്ഷരമാണ്*
*മണ്ണ് എന്ന ഒരൊറ്റക്ഷരമാണെന്റെ മലയാളം.*

മലയാളത്തിന്റെ പ്രാദേശികഭേദങ്ങൾക്കൊപ്പം മലയാളത്തോടുള്ള മലയാളിയുടെ അവഗണനയെയും ചൂണ്ടിക്കാട്ടുന്ന കുഞ്ഞുണ്ണിമൊഴി ഇപ്രകാരം:

*ആറു മലയാളിക്കു നൂറു മലയാളം*
*അരമലയാളിക്കുമൊരു മലയാളം*
*ഒരു മലയാളിക്കും മലയാളമില്ല.*

മലയാളകവിതയിൽ നർമ്മം വിതച്ച ചെമ്മനം ചാക്കോ, മരിക്കാൻ കിടക്കുന്ന ഒരു മലയാളിയുടെ അന്ത്യാഭിലാഷം വർണ്ണിക്കുന്ന വരികൾ ഇങ്ങനെ:

*അമ്മയെന്നൊരു വാക്കു വിളിക്കുന്നതു കേട്ടു*
*ജന്മമൊന്നൊടുക്കുവാൻ മക്കളേ, കൊതിപ്പൂ ഞാൻ.*

മലയാളിക്കു മലയാളം എന്താണെന്ന് ആവേശത്തോടെ പാടുകയാണ് കവി കുരീപ്പുഴ ശ്രീകുമാർ:

*കുമ്പിളിൽ കഞ്ഞി, വിശപ്പാറ്റുവാൻ*
*വാക്കു തന്ന മലയാളം*
*ഉപ്പു കർപ്പൂരം, ഉമിക്കരി ഉപ്പേരി*
*തൊട്ടുകാണിച്ച മലയാളം.*

ഇതൊക്കെയായ മലയാളത്തിന്റെ ഇന്നത്തെ ഗതിയെക്കുറിച്ചുള്ള ചോദ്യമുയർത്താതെ കവിക്ക് പിൻവാങ്ങാനാവില്ല:



*ഓമനത്തിങ്കൾക്കിടാവു ചോദിക്കുന്നു*
*ഓണമലയാളത്തെ എന്തു ചെയ്തു?*
*ഓമൽമലയാളത്തെ എന്തു ചെയ്തു?*

മലയാളി മലയാളത്തെ മറക്കുന്ന കാലത്താണ്,

*മലയാളമേ നിന്റെ വാക്കുകൾക്കുള്ളത്ര*
*മധുരം തുടിക്കുന്നതേതു ഭാഷ?*

എന്നു ചോദിക്കുന്ന ജെ. കെ. എസ്. വീട്ടൂർ എന്ന കവി, നാളേയ്ക്കായി മലയാളത്തെ കാത്തുസൂക്ഷിക്കണമെന്ന് ഓർമ്മിപ്പിക്കുന്നത്:

*അരുതരുതാരുമീ പാവനശീലയെ*
*കുരുതി കൊടുക്കുവാൻ വെമ്പിടല്ലേ*
*പൊരുതുക തായ്മൊഴി നെഞ്ചോടു ചേർക്കുക*
*കരുതുക ഭാവിതലമുറയ്ക്കായ്.*

കേരളപ്പിറവിദിനം മലയാളഭാഷയുടെ വീണ്ടെടുപ്പു ദിനം കൂടിയാണ്. നമുക്ക് മലയാളത്തിന്റെ മധുരം ചോരാതെ സൂക്ഷിക്കാം. ■

**കാർഷികം**

ജോഷി മുഞ്ഞനാട്ട്

## വാഴക്കൂമ്പ്

പഴയ കാലങ്ങളിൽ വീട്ടമ്മമാർ കറിക്ക് ഉപയോഗിച്ചുവന്നിരുന്ന ഒന്നാണ് വാഴക്കൂമ്പ്. വാഴയുടെ ഹൃദയം എന്നറിയപ്പെടുന്ന വാഴക്കൂമ്പിൽ അമിനോആസിഡുകളും ജീവകം എ.സി.ഇ. തുടങ്ങിയ വൈറ്റമിനുകളും ധാരാളമായി അടങ്ങിയിരുക്കുന്നു.

രക്തസമ്മർദ്ദവും ഹൃദ്രോഗവും കുറയ്ക്കുവാൻ ഇവയ്ക്കു കഴിവുള്ളതായി പറയപ്പെടുന്നു. വാഴക്കൂമ്പ് രക്തക്കുഴലിൽ അടിഞ്ഞിട്ടുള്ള കൊഴുപ്പിനെ നീക്കി രക്തചംക്രമണം സുഗമമാക്കുന്നു. പൊട്ടാസ്യം, നാരുകൾ എന്നീ പോഷകങ്ങൾ ഉയർന്ന അളവിൽ അടങ്ങിയിട്ടുള്ളതിനാൽ ഹൃദയാരോഗ്യത്തിന് ഏറെ ഗുണപ്രദമാണ്.

വാഴക്കൂമ്പ് ഒടിച്ച ഉടനെതന്നെ ഉപയോഗിക്കുന്നതാണ് നല്ലത്. പഴകിയതും കേടുവന്നതുമായ വാഴക്കൂമ്പ് നന്നല്ല.



വാഴക്കൂമ്പിൽ ധാരാളം നാരുകളും മറ്റും അടങ്ങിയിട്ടുള്ളതിനാൽ ദഹനത്തിനും ശരിയായ വിരേചനയ്ക്കും മറ്റും ഫലപ്രദമാണ്. വൻകുടലിലെ വിഷമാലിന്യങ്ങൾ നീക്കം ചെയ്യാനും ഉപകരിക്കുന്നു.

ആഴ്ചയിൽ രണ്ടുതവണയെങ്കിലും ഭക്ഷണത്തിൽ വാഴക്കൂമ്പുതോരനും മറ്റും ഉൾപ്പെടുത്തുന്നത്, ഉത്കണ്ഠ കുറച്ച് മാനസിക-ശാരീരികാരോഗ്യം നിലനിർത്തുന്നതിനു സഹായകമാണ്. അണുബാധകളിൽനിന്നു നമ്മെ സംരക്ഷിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്ന വാഴക്കൂമ്പ് കുടലുകളുടെ ശരിയായ പ്രവർത്തനങ്ങൾക്കും നല്ലതാണ്. കാൻസറിനും മറ്റു പലവിധ രോഗങ്ങൾക്കും വാഴക്കൂമ്പ് നല്ലതാണെന്ന് നിരീക്ഷണമുണ്ട്. ധാരാളം നാരുകളും പോഷകങ്ങളും അടങ്ങിയിട്ടുള്ളതിനാൽ ശരീരഭാരം നിയന്ത്രിച്ചു നിർത്തുവാനും ഇവ പ്രയോജനപ്രദമാണ്.

വാഴക്കൂമ്പിന്റെ പുറമേയുള്ള '2-3' പാളി കളഞ്ഞതിനുശേഷം ബാക്കി ചെറിയ കഷണങ്ങളായി അരിഞ്ഞ് അല്പം വെളിച്ചെണ്ണ പുരട്ടി വയ്ക്കുന്നത് കറപിടിക്കാതിരിക്കുന്നതിനു സഹായകമാണ്.



നോവൽ 13

# ഒരു കാറ്റുപോലെ

വിനായക് നിർമ്മൽ

"നീ... നീയെന്റെ പെങ്ങളെ..."

റോയ് പല്ലു ഞെരിച്ച് സനലിന്റെ കവിളത്ത് രണ്ടാമതും അടിച്ചു. അപ്രതീക്ഷിതമായ ആ ആഘാതത്തിൽ സനൽ കട്ടിലിലേക്കു വീണുപോയി. അയാളെ റോയ് കാലുയർത്തി ചവിട്ടാൻ ഭാവിച്ചപ്പോൾ രോഷ്നി ഇടയ്ക്കു കയറി.

"ചേട്ടായീ പ്ലീസ്..." അവൾ കരഞ്ഞുകൊണ്ട് റോയിയുടെ കാലിൽ കടന്നുപിടിച്ചു.

"വിടെടീ..." റോയി ദേഷ്യത്തോടെ അവളെ പിന്നിലേക്കു തള്ളിയിട്ടു. രോഷ്നി തലയടിച്ചു നിലത്തേക്കു വീണു. അകത്തെ മുറിയിലായിരുന്ന ദയയും ബെഞ്ചമിനും ബഹളം കേട്ടു വാതില്ക്കലേക്കോടിയെത്തി. മുമ്പിൽ കണ്ട കാഴ്ചയുടെ നടുക്കത്തിൽ അവർ സ്തബ്ധരായി നിന്നു.

"എന്നതാ അവിടെയൊരു ബഹളം. എന്റെ കർത്താവേ, എനിക്കൊന്നും മനസ്സിലാകുന്നില്ലല്ലോ." ജോസഫ് കട്ടിലിൽ കിടന്നു ബഹളംവച്ചു.

"നാട്ടുകാരു നിന്നെക്കുറിച്ച് ഓരോന്ന് അടക്കം പറയുന്നതു കേട്ടപ്പോ ഞാനതൊന്നും വിശ്വസിച്ചില്ല. പക്ഷേ, ഇപ്പോ... നീയിത്ര വൃത്തികെട്ടവനായിപ്പോയോ, ഇതായിരുന്നു നിന്റെ ഉള്ളിലിരുപ്പ് അല്ലേ? നിന്നെ കണ്ണുംപൂട്ടി വിശ്വസിച്ചതോണ്ടാണല്ലോടാ ഞാനെന്റെ പെങ്ങളെ ഇങ്ങോട്ടു വിടാൻ പേടിക്കാതിരുന്നെ. എന്നിട്ട് നീയെനിക്കു പ്രതിഫലം തന്നല്ലോടാ."

റോയിയുടെ ഓരോ വാക്കും സനലിന്റെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങുകയായിരുന്നു. എന്താണ് ഇവിടെ സംഭവിച്ചതെന്നോ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നോ സനലിന് ഓർമ ലഭിച്ചില്ല. പതുക്കെപ്പതുക്കെ സംഭവിച്ചതെല്ലാം അയാളുടെ ഓർമയിലേക്കു തിരികെയെത്തി. രോഷ്നി തന്റെ അടുക്കലെത്തിയത്, താൻ അവളെ കെട്ടിപ്പിടിച്ചു കരഞ്ഞത്.

അയ്യോ, എന്റെ ദൈവമേ എന്ന ആർത്തനാദം സനലിന്റെ ഉള്ളിൽനിന്നുയർന്നു.

അവളെ കെട്ടിപ്പിടിച്ച ഈ കരങ്ങൾ പഴുത്തു വ്രണമായിപോകട്ടെ. അവളുടെ ഉദരത്തിൽ അമർന്ന തന്റെ മുഖം വിരൂപമായിപോകട്ടെ. ദൈവമേ, ഇതെങ്ങനെ ഞാൻ സഹിക്കും? എനിക്കെന്താണു സംഭവിച്ചത്? റോയ് പറഞ്ഞതുപോലെ ഞാൻ ഇത്രയ്ക്കും വൃത്തികെട്ടവനായിപ്പോയോ? ഇത്രയ്ക്ക് അധമനായിപ്പോയോ? പക്ഷേ, അടുത്ത നിമിഷംതന്നെ അയാൾക്കു മനസ്സിലായി, താൻ തെറ്റു ചെയ്തിട്ടില്ല, തന്റെ മനസ്സിൽ പാപമില്ലായിരുന്നു. രോഷ്നിയെന്നും തനിക്കു പെങ്ങളായിരുന്നു. തന്റെ അനിയത്തിക്കുട്ടി. ഒരു നിശ്ചിതപ്രായത്തിനുശേഷം മകൻ അമ്മയെ കെട്ടിപ്പിടിച്ചാലും അച്ഛൻ മകളെ ചുംബിച്ചാലും അതിൽപ്പോലും തെറ്റു കണ്ടെത്തുന്നവരായി മാറിക്കഴിഞ്ഞിരിക്കുന്നു നമ്മുടെ സമൂഹം. അതിനിടയിലേക്കാണ് രക്തബന്ധംപോലുമല്ലാത്ത ഒരു പെൺകുട്ടിയെ ഒരുവൻ കെട്ടിപ്പിടിക്കുന്നത്. ആ സ്പർശനത്തെ തെറ്റായിത്തന്നെ കാണുവാനേ എല്ലാവർക്കും കഴിയൂ. അതിനപ്പുറം അതിനെ കാണാൻ മാത്രം ആരുടെയും മനസ്സ് വലുതായിട്ടില്ല, പക്ഷേ, സ്പർശനം എന്നത് ആശ്വാസമാണെന്ന് ആരുമെന്നേ തിരിച്ചറിയാതെപോകുന്നു. ആരെയങ്കിലും സ്പർശിക്കുന്നതല്ല, മാനസികമായി അടുപ്പവും സ്നേഹവും തോന്നുന്ന ഒരാളെ വേദനയുടെ തീവ്രതയിൽ ആലിംഗനം ചെയ്യുമ്പോൾ, ആ സ്പർശം നല്കുന്ന ആശ്വാസം എത്രയധികമായിരിക്കുമെന്ന് അങ്ങനെയൊരാൾക്കു മാത്രമേ മനസ്സിലാവുകയുള്ളൂ.

സങ്കടപ്പെരുമഴയിൽ നനഞ്ഞു നില്ക്കുകയായിരുന്നു താൻ. തനിക്കൊരാശ്വാസം വേണമായിരുന്നു. ഒന്നു കെട്ടിപ്പിടിച്ചു കരയാൻ ഒരാൾ വേണമായിരുന്നു. അത് ആരായാലും മതിയായിരുന്നു. അങ്ങനെയൊരു നിമിഷത്തിലാണു താൻ. എന്നാലും,

"എന്റെ മോളേ, ഞാൻ." സനൽ ഇരുകരങ്ങളും മലർത്തി രോഷ്നിയെ നോക്കി വിലപിച്ചു. രോഷ്നി തലകുമ്പിട്ടു നിന്ന് ഏങ്ങലടിച്ചു.

"ഞാനൊരു തെറ്റും ചെയ്തിട്ടില്ല റോയീ. ഞാനൊരു തെറ്റും ചെയ്തിട്ടില്ല." സനൽ ആവർത്തിച്ചു.

"ഞാൻ എന്റെ കണ്ണുകൊണ്ടു കണ്ടതു പിന്നെയെന്നതാടാ." റോയ് വീണ്ടും കരമുയർത്തി.

"അയ്യോ ചേട്ടായി," രോഷ്നി വീണ്ടും കൈയ്ക്കു കയറിപ്പിടിച്ചു. "സനുച്ചേട്ടനെ തല്ലല്ലേ."

"നിന്റെയൊരു സനുച്ചേട്ടൻ." റോയ് പെട്ടെന്നു കരംവീശി രോഷ്നിയുടെ കവിളത്തടിച്ചു.

"നീ അവന് സപ്പോർട്ട് നില്ക്കുന്നോ. അതോ നീയും കൂടി ഒത്തോണ്ടാണോടീ ഇതെല്ലാം." റോയ് അലറിക്കൊണ്ടു ചോദിച്ചു.

"അയ്യോ." സനൽ തലയിൽ കൈവച്ചുപോയി. ആരോ ചെളി വാരി ദേഹത്തേക്ക് ഇട്ടതുപോലെയാണ് രോഷ്നിക്കു തോന്നിയത്.

താൻ ഈ നിമിഷം ഭൂമി പിളർന്നു മറഞ്ഞുപോയിരുന്നുവെങ്കിലെന്ന് രോഷ്നി ആഗ്രഹിച്ചു. ഈ അപമാനം തനിക്കു സഹിക്കാനാവില്ല. ഈ തെറ്റുധാരണ തനിക്കു സഹിക്കാനാവില്ല. റോയ് അടിച്ചത് അവളെ വേദനിപ്പിച്ചില്ല. പക്ഷേ, സനലിനു കൊണ്ട ഓരോ അടിയും അവളുടെ ഹൃദയത്തിലാണു പതിഞ്ഞത്. എന്നാൽ, ആ വേദനകളെക്കാൾ എല്ലാം ഇപ്പോൾ റോയിയുടെ ആരോപണം അവളെ തളർത്തിക്കളഞ്ഞിരിക്കുന്നു.

"നിനക്ക് എന്നെക്കാൾ വലുതല്ലായിരുന്നോടീ ഇവൻ. എന്നിട്ട്, എന്നിട്ടു കണ്ടില്ലേ. ഒറ്റയ്ക്കു നിന്നെ കിട്ടിയപ്പോ, ച്ഛേ," പൂർത്തിയാക്കാൻ കഴിയാതെ റോയ് ബുദ്ധിമുട്ടി.

"ചേട്ടായി വിചാരിക്കുന്നതുപോലെയൊന്നുമല്ല കാര്യങ്ങൾ." രോഷ്നി കരഞ്ഞുകൊണ്ടു വിശദീകരിക്കാൻ ശ്രമിച്ചു.

"മിണ്ടിപ്പോകരുത് നീ. മിണ്ടിപ്പോകരുത്." റോയ് അവളുടെ ഏറ്റവും അടുക്കലെത്തി ചൂണ്ടുവിരലുയർത്തി അടക്കി നിർത്തിയ ശബ്ദത്തിൽ പറഞ്ഞു. "അപ്പോ ഞാൻ കണ്ടതോടീ. എന്റെ കണ്ണെന്താ പൊട്ടക്കണ്ണാണോ?"

അതേ, കണ്ണുകൊണ്ടു കണ്ടത്. സനൽ തലചലിപ്പിച്ചു. സത്യമല്ല തെളിവുകളാണു പ്രധാനം. തെളിവുകൾ സംസാരിക്കുമ്പോൾ സത്യത്തിനെന്തു വില?

സത്യം എപ്പോഴും മറഞ്ഞു നില്ക്കുന്നു. പക്ഷേ, തെളിവുകൾ എപ്പോഴും തെളിഞ്ഞു നില്ക്കുന്നു. സത്യംപോലെ തോന്നിക്കുന്ന നുണകളുണ്ട്. നുണയായി മാറുന്ന സത്യങ്ങളുമുണ്ട്.

"മോളേ." രോഷ്നിയെ നോക്കി സനൽ കൈകൾ കൂപ്പി.

അറിയാതെ ഞാൻ നിന്നെ സ്പർശിച്ചുപോയല്ലോ. അറിയാതെ ഞാൻ നിന്നെ ആലിംഗനം ചെയ്തുപോയല്ലോ. പക്ഷേ, വാക്കുകളൊന്നും പുറത്തേക്കു വന്നതേയില്ല. അയാളുടെ കൈകൂപ്പലിൽ എല്ലാം അടങ്ങിയിരുന്നു. അയാൾ ഉള്ളിൽ ഏറ്റുപറഞ്ഞ മനസ്താപത്തിന്റെ വാക്കുകൾ. അയാളുടെ നിസ്സഹായത. എല്ലാം.

"നിന്റെ സൂക്കേട്. സെമിത്തേരിയിലെ മണ്ണ് ഉറച്ചുപോയിട്ടില്ലല്ലോടാ. അതിനു മുമ്പേ നീ..." റോയ് പുച്ഛിച്ചു.

"നിന്നെ പോലീസിൽ ഏല്പിക്കുകയാ വേണ്ടത്. അതു ചെയ്യാത്തത് ആ പിള്ളേരോടു ഞാൻ കാണിക്കുന്ന സഹതാപമായിട്ടു കരുതിയാൽ മതി." ഒന്നും മനസ്സിലാവാതെ അന്തിച്ചുനില്ക്കുന്ന ദയയെയും ബെഞ്ചമിനെയും നോക്കി റോയ് പറഞ്ഞു.

"വാടീ ഇവിടെ." അവൻ രോഷ്നിയുടെ കൈയ്ക്കു പിടിച്ചു.

"ഇനി ഇവിടേക്കു നീ വന്നാൽ"

അതുപോലെതന്നെ റോയ് സനലിനോടും പറഞ്ഞു:

"ഇനി എന്തിനെങ്കിലും നീ ഇവളെ വിളിച്ചാൽ." അതൊരു താക്കീതായിരുന്നു. ഭീഷണിയായിരുന്നു.



റോഷ്നിയെ വലിച്ചിഴച്ചെന്നോണമാണ് റോയി കൊണ്ടുപോയത്. പോകുമ്പോൾ രോഷ്നി ദയനീയമായി സനലിനെ നോക്കുന്നുമുണ്ടായിരുന്നു. തനിക്കു സംഭവിച്ച വേദനയെയും അപമാനത്തെയുംകാൾ ഈ സംഭവം സനലിനെ എന്തുമാത്രം പ്രതികൂലമായി ബാധിച്ചിട്ടുണ്ട് എന്നതിനെക്കുറിച്ചാണ് അവൾ ആലോചിച്ചത്. ഈ മനുഷ്യനെ ദൈവം സങ്കടങ്ങൾകൊണ്ടാണോ നിർമിച്ചത്? എന്തിനാണ് ഇത്രയധികം സങ്കടങ്ങൾ തുടർച്ചയെന്നോണം ദൈവം സനലിന്റെ ജീവിതത്തിലേക്ക് ഇട്ടുകൊടുത്തിരിക്കുന്നത്? അവളുടെ ഉള്ളിൽ നടന്ന സംഘർഷങ്ങൾ ആ വിധത്തിലായിരുന്നു. വാതിലിനപ്പുറം രോഷ്നി മാഞ്ഞുപോയി. ഇനിയൊരിക്കലും തന്റെ ജീവിതത്തിലേക്ക് അവൾ കടന്നുവരില്ലെന്ന് സനലിന് ഉറപ്പായിരുന്നു. തന്റെ ഒരു നിമിഷത്തെ അവിവേകം. അശ്രദ്ധ. അതു ബന്ധങ്ങളെ തകർത്തിരിക്കുന്നു. തനിക്കെന്താണു സംഭവിച്ചത്? സംഭവിച്ചുകൊണ്ടിരിക്കുന്നത്? സനൽ മുഖമുയർത്തി നോക്കി. തന്നെ ഉറ്റു നോക്കിക്കൊണ്ടു നില്ക്കുന്ന മക്കൾ. ഭയവും സങ്കടവും നിറഞ്ഞ കണ്ണുകൾ.

"വാ." അയാൾ ശബ്ദമുണ്ടാക്കാതെ കൈകൾ കാട്ടി മക്കളെ വിളിച്ചു.

അവരുടെ മനസ്സിലെന്താവും? അവരെന്താവും മനസ്സിലാക്കിയിട്ടുണ്ടാവുക? ബെഞ്ചമിൻ കുട്ടിയാണ്. അവനൊന്നും വേർതിരിച്ചറിയാൻ പ്രായമായിട്ടില്ല. പക്ഷേ, ദയ അങ്ങനെയല്ല. അവൾക്കു മനസ്സിലാവും കാര്യങ്ങൾ. അവളുടെ മുമ്പിൽ തന്റെ അപ്പൻ വെറുമൊരു വൃത്തികെട്ടവനായിരിക്കുന്നു. മക്കളുടെ മുമ്പിൽ തെറ്റുകാരായി തലകുനിക്കേണ്ടിവരുന്ന മാതാപിതാക്കൾ. അതുവല്ലാത്തൊരു നിമിഷമാണ്. മറ്റെവിടെയൊക്കെ തെറ്റുകാരായാലും മക്കളുടെ മുമ്പിൽ മാലിന്യമില്ലാതെ നിവർന്നുനില്ക്കാൻ കഴിയുക എന്നതൊരു ധൈര്യമാണ്. അതാണു തനിക്കു നഷ്ടമായിരിക്കുന്നത്.

"വാ." തൊണ്ട ഇടറി സനൽ വിളിച്ചു. ദയയും ബെഞ്ചമിനും സനലിന്റെ അടുക്കലേക്ക് ഓടിവന്നു. അയാൾ മക്കളെ രണ്ടുകരങ്ങൾകൊണ്ടും തന്നോടു ചേർത്തമർത്തി.

"എന്റെ മക്കളേ." അയാൾ വിതുമ്പിക്കരഞ്ഞു.

"പപ്പേ. പപ്പേ പപ്പയ്ക്കെന്നതാ പറ്റിയെ." ദയ കരഞ്ഞുകൊണ്ട് ചോദിച്ചു.

ദയ കരഞ്ഞപ്പോൾ ബെഞ്ചമിനും കരഞ്ഞു.

അപ്പനും മക്കളും ഒരുമിച്ചു കരഞ്ഞുതുടങ്ങി.

(തുടരും)

## പുതിയ തൊഴിൽ സാധ്യതകളുമായി

# ട്രെൻഡിങ് ടെക്നോളജികൾ

*7-ാം പേജ് തുടർച്ച*

ഇപ്പോൾ ബാങ്കുകൾ, ലോജിസ്റ്റിക് കമ്പനികൾ, ആരോഗ്യപരിപാലന സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയിലെല്ലാംതന്നെ ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ട്. ബ്ലോക്ക്ചെയിനിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് വ്യത്യസ്തമേഖലകളിൽ തൊഴിൽ തേടാനാകും. മാത്രമല്ല, വിദേശരാജ്യങ്ങളിലും സാധ്യതകളേറെ.

**7. ഇന്റർനെറ്റ് ഓഫ് തിങ്സ്**

വരുംകാലങ്ങളിൽ നമ്മുടെ ജീവിതശൈലിയെത്തന്നെ മാറ്റാൻ കെല്പുള്ള ഇന്റർനെറ്റ് ഓഫ് തിങ്സ് സാങ്കേതികവിദ്യ. ഒരു സേവനത്തിനായുള്ള നിർദേശം നമ്മൾ നൽകാതെതന്നെ നമ്മൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ (തിങ്സ്) പരസ്പരം വിവരക്കൈമാറ്റം നടത്തി നമ്മുടെ ആവശ്യങ്ങൾ മനസ്സിലാക്കി സ്വയം പ്രവർത്തിച്ചാലോ? അങ്ങനെയെങ്കിൽ എത്ര എളുപ്പമാകും നിത്യജീവിതത്തിൽ നമ്മൾ ചെയ്യുന്ന ഓരോ കാര്യവും.

ഐ.ഒ.ടി. നെറ്റ്‌വർക്കിൽ കണക്ട് ചെയ്ത ഉപകരണങ്ങളെ തിങ്സ് (Things) എന്നാണു പറയുന്നത്. മികച്ച പ്രോസസ്സറുകളുടെയും (Processor), വയർലെസ് നെറ്റ്‌വർക്കിങ് (Wireless Networking) വസ്തുക്കളുടെയും, സെൻസറുകളുടെയും സഹായത്താൽ ഐഒടി പല മേഖലകളിലും ഭാഗികമായെങ്കിലും ഇപ്പോൾ നടപ്പിലാക്കിവരികയാണ്.

ആരോഗ്യമേഖല, സ്മാർട്ട് സിറ്റികൾ, വിദ്യാഭ്യാസരംഗം, ബാങ്കിങ്, ഗതാഗത നിയന്ത്രണം, സ്മാർട്ട് ഹോം, കൃഷി, ഫാക്ടറികൾ തുടങ്ങിയവ ഐ.ഒ.ടി സാങ്കേതികവിദ്യയിലൂടെ വളരെയധികം മാറ്റങ്ങൾ പ്രതീക്ഷിക്കുന്ന മേഖലകളിൽ ചിലതാണ്.

**8. അഞ്ചാം തലമുറ അഥവാ 5 ജി**

ഇത് വാർത്താവിനിമയ മേഖലയിൽ സെല്ലുലാർ നെറ്റ് വർക്കിലെ അഞ്ചാം തലമുറ എന്ന് അറിയപ്പെടുന്നു. വിവരസാങ്കേതിക വിദ്യയുടെ മറ്റൊരു കുതിച്ചുചാട്ടമായ 5 ജി കണക്റ്റിവിറ്റിയുടെ വരവ് ഇന്റർനെറ്റ് ഉപഭോഗത്തെ മാത്രമല്ല പ്രോത്സാഹിപ്പിക്കുന്നത്. ആരോഗ്യ ഇൻഷുറൻസ്, ഓട്ടോമൊബൈൽ, വിആർ, എഐ, ഐഒടി തുടങ്ങിയവയ്ക്കും അനുബന്ധവ്യവസായങ്ങൾക്കുമെല്ലാം 5 ജി ഉത്തേജകമാകും.

5 ജി സാങ്കേതികവിദ്യയുടെ ഏറ്റവും സാധ്യതയുള്ളതും ജനപ്രിയവുമായ ഒരു ഗുണം, ഇത് കൂടുതൽ ഐഒടി ഉപകരണങ്ങളെ ഓൺലൈനിൽ വരാൻ അനുവദിക്കുകയും പറഞ്ഞ ഉപകരണങ്ങൾ തമ്മിലുള്ള കൂടുതൽ കണക്ഷനെ പിന്തുണയ്ക്കുകയും ചെയ്യും എന്നതാണ്. 5 ജി സേവനങ്ങൾ 2021 അവസാനത്തോടെ ലോകമെമ്പാടും ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു, 50 ലധികം ഓപ്പറേറ്റർമാർ 2021 അവസാനത്തോടെ ഏകദേശം 30 രാജ്യങ്ങളിൽ സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നു.

സ്മാർട്ട്ഫോണുകൾ, ലാപ്ടോപ്പുകൾ, വെർച്വൽ റിയാലിറ്റി ഉത്പന്നങ്ങൾ, ഇന്റർനെറ്റ് ഓഫ് തിങ് (ഐഒടി), സൊല്യൂഷനുകൾ എന്നിവയിലുടനീളം വേഗത്തിലുള്ള ഡാറ്റ, മെച്ചപ്പെട്ട ഡിജിറ്റൽ സേവനങ്ങൾ എന്നിവ ലഭിക്കാൻ 5 ജി സാങ്കേതികവിദ്യ ഉപയോക്താക്കളെ സഹായിക്കും. ജോലിസാധ്യതകൾ വളരെയേറെയാണ്.

**9. സൈബർ സുരക്ഷ**

സൈബർ സുരക്ഷ ഒരു ട്രെൻഡിങ് സാങ്കേതികവിദ്യയാണ്. മറ്റു സാങ്കേതികവിദ്യകൾപോലെ അതു വികസിച്ചുകൊണ്ടിരിക്കുകയാണ്. ഹാക്കർമാർ ഉള്ളിടത്തോളം കാലം, സൈബർ സുരക്ഷ ഒരു ട്രെൻഡിങ് സാങ്കേതികവിദ്യയായി തുടരും.

സൈബർ സെക്യൂരിറ്റി പ്രൊഫഷണലുകളുടെ ശക്തമായ ആവശ്യകതയുടെ തെളിവായി, സൈബർ സുരക്ഷാജോലികളുടെ എണ്ണം മറ്റു സാങ്കേതിക ജോലികളേക്കാൾ മൂന്നു മടങ്ങ് വേഗത്തിൽ വളരുന്നു. കൂടാതെ, ശരിയായ സൈബർ സുരക്ഷയുടെ ആവശ്യകത വളരെ കൂടുതലാണ്. 2021 ഓടെ, ആഗോളതലത്തിൽ 6 ട്രില്യൺ ഡോളർ സൈബർ സുരക്ഷയ്ക്കായി ചെലവഴിക്കും.

സൈബർ സുരക്ഷ ലാഭകരമായ ആറക്ക വരുമാനവും നൽകുന്നുവെന്നത് നാം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ, നല്ല ജോലിസാധ്യതയുമുണ്ട്. എത്തിക്കൽ ഹാക്കർ, മാൽവെയർ അനലിസ്റ്റ്, സുരക്ഷാ എഞ്ചിനീയർ, ചീഫ് സെക്യൂരിറ്റി ഓഫീസർ തുടങ്ങിയ റോളുകളിൽ നിൽക്കാൻ ആഗ്രഹിക്കുന്ന ഒരാൾക്ക് ഒരു മികച്ച തൊഴിൽ പാത സൈബർസുരക്ഷ വാഗ്ദാനം ചെയ്യുന്നു.

**ഉപസംഹാരം**

ഐടി മേഖലയിൽ ഡാറ്റാ സയൻസ് സ്പെഷ്യലിസ്റ്റ്, ഡാറ്റാ മാനേജ്മെന്റ് അനലിസ്റ്റ്, ഡാറ്റാ മൈനിങ് എക്സ്പേർട്ട്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിങ് എൻജിനീയർ, യൂസർ എക്സ്പീരിയൻസ് പ്രൊഫഷണലുകളായ യുഐ/യുഎക്സ് ഡിസൈൻ സ്പെഷലിസ്റ്റ്, പ്രോഡക്ട് ഡിസൈൻ കൺസൾട്ടന്റ്, ഗെയിം ഡെവലപ്പേഴ്സ്, ഫുൾ സ്റ്റാക്ക് ഡെവലപ്പേഴ്സ്, ക്ലൗഡ് എൻജിനീയർ, സൈബർ സെക്യൂരിറ്റി എക്സ്പേർട്ട് എന്നിവരുടെ ആവശ്യം വർദ്ധിക്കും. സൂം, ഗൂഗിൾ വർക്ക് സ്പേസ് തുടങ്ങിയ പ്ലാറ്റ്ഫോമുകൾ പുതുതലമുറയ്ക്കിടയിൽ ഒരു പുതിയ ട്രെൻഡായി മാറിയിട്ടുണ്ട്. ഡിജിറ്റൽ കണ്ടന്റ് ക്രിയേറ്റർമാരായ പോഡ്കാസ്റ്റേഴ്സ്, ബ്ലോഗർമാർ, ഇൻഫ്ലുവൻസർ, വീഡിയോ ക്രിയേറ്റർമാർ, വോയ്സ് ഓവർ ആർട്ടിസ്റ്റ് തുടങ്ങിയവർക്ക് കൂടുതൽ സാധ്യതകൾ തുറന്നു തരുന്നു.

നമുക്കു ചുറ്റും സാങ്കേതികവിദ്യകൾ വികസിക്കുന്നുണ്ടെങ്കിലും, ഈ മികച്ച 9 പുതിയ ടെക്നോളജി ട്രെൻഡുകൾ പ്രതീക്ഷിക്കുന്ന തൊഴിൽ സാധ്യതകൾ നൽകുന്നു. ഈ ട്രെൻഡിങ് ടെക്നോളജികളിൽ ഭൂരിഭാഗവും പ്രഗല്ഭരായ പ്രൊഫഷണലുകളെ സ്വാഗതം ചെയ്യുന്നു. അതായത്, നമുക്ക് ഒന്നു തിരഞ്ഞെടുക്കാനും പരിശീലനം നേടാനും ഈ ട്രെൻഡിങ് ടെക്നോളജികൾ നമ്മെ സഹായിക്കും.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (നിർമിതബുദ്ധി) കോഴ്സുകൾ നൽകുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ:

- സെന്റ് ജോസഫ് കോളജ് ഓഫ് എഞ്ചിനീയറിങ് ആൻഡ് ടെക്നോളജി, പാലാ
- രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിങ് ആൻഡ് ടെക്നോളജി കാക്കനാട്, എറണാകുളം
- വിശ്വജ്യോതി എഞ്ചിനീയറിങ് ആൻഡ് ടെക്നോളജി, വാഴക്കുളം, മൂവാറ്റുപുഴ
- സെന്റ് ഗിറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പാത്താമുട്ടം, കോട്ടയം
- ശ്രീ ചിത്തിര തിരുനാൾ കോളജ് ഓഫ് എഞ്ചിനീയറിങ്, തിരുവനന്തപുരം
- ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്)
- മംഗളം കോളജ് ഓഫ് എഞ്ചിനീയറിങ്, ഏറ്റുമാനൂർ
- ഭാരത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്ഷേൻ ആൻഡ് റിസേർച്ച്, ചെന്നൈ

21

**പ്രകൃതിക്കൊരു പുനർവായന**



**മാത്യു എം. കുര്യാക്കോസ്**

# ഇരുൾ നിറയും ഉരുൾവഴികൾ

തങ്ങൾ മരണപ്പെട്ടതല്ല; കൊലചെയ്യപ്പെട്ടതാണെന്ന് ഉറക്കെ വിളിച്ചുപറയാൻ ഒരാളെപ്പോലും ബാക്കിവയ്ക്കാതെ ഒരു കുടുംബത്തെ മുഴുവനായും മണ്ണും വെള്ളവും പാറയുമെല്ലാംകൂടി കൊണ്ടുപോയി. ജീവന്റെ അടിസ്ഥാനമായവതന്നെ ജീവൻ കവരുന്ന വൈരുധ്യത്തിനുമേൽ വിറങ്ങലിച്ചുനിൽക്കുകയാണു കോട്ടയം ജില്ലയിലെ മലയോരമേഖലയായ കൂട്ടിക്കലും സമീപപ്രദേശങ്ങളും. കാവാലിയിൽ ഒട്ടലാങ്കൽ മാർട്ടിന്റെ സ്വപ്നങ്ങൾക്കു ചാരുതയേകിയ വീട് ഇന്നില്ല, വീട്ടുകാരും. അമ്മയും ഭാര്യയും കുഞ്ഞുങ്ങളുമടക്കം ആറുപേർ യാത്രയായി. അടുത്ത ജില്ലയായ ഇടുക്കിയിലും കേരളത്തിലെ മറ്റു മലയോരപ്രദേശങ്ങളിലും കാലവർഷത്തിനും തുലാവർഷത്തിനും ശേഷം ഓരോ ആണ്ടും അവശേഷിപ്പിക്കുന്നത് മനുഷ്യമനസ്സുകളിൽ മായാത്ത മുറിപ്പാടുണ്ടാക്കുന്ന ദുരന്തചിത്രങ്ങളാണ്. പരിസ്ഥിതിലോലമെന്നു കരുതപ്പെടുന്ന ഇടങ്ങളിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലും വ്യാപകമാകുന്നു. കഴിഞ്ഞ വർഷം ഇടുക്കി ജില്ലയിലുണ്ടായ പെട്ടിമുടി ദുരന്തത്തിന്റെ ഓർമകൾ മാഞ്ഞിട്ടില്ല. വിലപ്പെട്ട 66 ജീവനുകളാണ് അന്ന് നഷ്ടമായത്, ഉരുൾപൊട്ടലിലൂടെ.



മലഞ്ചെരുവിലെ പാറക്കെട്ടുകളുടെ മുകളിൽ കാലാകാലങ്ങളായി അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും പാറയും കലർന്ന ഉപരിതലവസ്തുക്കൾ ജലപൂരിതാവസ്ഥയിൽ അതിവേഗത്തിൽ താഴേക്ക് ഒഴുകിയിറങ്ങുന്ന പ്രതിഭാസമാണ് ഉരുൾപൊട്ടൽ. ഇത്തരത്തിൽ ഉരുൾപൊട്ടലിനു കാരണമാകുന്ന ഘടകങ്ങൾ വിവിധങ്ങളാണ്. മലയുടെ ചരിവ്, ചരിവിന്റെ ദൈർഘ്യം, ദിശ, ഉപരിതലവസ്തുവിന്റെ ഘനം, നീർച്ചാലുകളുടെ വിന്യാസം, സാന്ദ്രത, സസ്യാവരണം, ഭൂവിനിയോഗം, ഭൂഗർഭജലത്തിന്റെ അളവ് തുടങ്ങി അനവധി ഭൗമപ്രത്യേകതകൾ ഉരുൾപൊട്ടലിലേക്കു നയിക്കുന്നു. വനനശീകരണമാണ് മറ്റൊരു കാരണം. 20 ഡിഗ്രിയിൽ കൂടുതലുള്ള ചരിവുകളിലാണ് ഉരുൾപൊട്ടലുകളെല്ലാംതന്നെ നടന്നിട്ടുള്ളത്. സാധാരണമായി ഉരുൾപൊട്ടൽ കാണപ്പെടുന്നത് തെക്കുപടിഞ്ഞാറും പടിഞ്ഞാറും ദിശയിലേക്കുള്ള ചരിവുകളിലാണ്. മാനുഷിക ഇടപെടലുകളായ കുടിയേറ്റം, കൃഷി, പാറപൊട്ടിക്കൽ, നിർമാണപ്രവർത്തനങ്ങൾ തുടങ്ങിയവ ഉരുൾപൊട്ടലിനുള്ള ഗതിവേഗം കൂട്ടുന്നു.

വെള്ളപ്പൊക്കം, ഭൂമികുലുക്കം, ചുഴലിക്കാറ്റ്, വരൾച്ച, അഗ്നിപർവതസ്ഫോടനം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളെ അപേക്ഷിച്ച് ഉരുൾപൊട്ടൽ, മലയിടിച്ചിൽ എന്നിവയെക്കുറിച്ചുള്ള പ്രവചനവും ആവർത്തനസാധ്യതയെക്കുറിച്ചുള്ള വിലയിരുത്തലുകളും എളുപ്പമാണ്. ശാസ്ത്രനിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ യുക്തമായ നടപടികൾ കൈക്കൊണ്ടാൽ ഒരുപരിധിവരെ ഒഴിവാക്കാനാകുന്ന ദുരന്തമാണ് ഉരുൾപൊട്ടൽ.

കഴിഞ്ഞ 40 വർഷമായി ജിയോളജിക്കൽ വകുപ്പും, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയും ഭൗമശാസ്ത്രപഠനകേന്ദ്രവും ഉരുൾപൊട്ടലുകളെക്കുറിച്ചുള്ള പഠനങ്ങളും ഗവേഷണങ്ങളും നടത്തിവരുന്നു. 1995 ൽ ഭൗമശാസ്ത്രപഠനകേന്ദ്രം ഈ പഠനങ്ങളെയെല്ലാം ക്രോഡീകരിച്ചുകൊണ്ട് പശ്ചിമഘട്ടമലനിരകളിലെ ഉരുൾപൊട്ടൽമേഖലകൾ കണ്ടെത്താനുള്ള ഒരു പദ്ധതിക്ക് (ലാന്റ് സ്ലൈഡ് ഹസാർഡ് സോണേഷൻ) തുടക്കമിട്ടു. ഇടുക്കി - കോട്ടയം ജില്ലകളിലെ ഏതാണ്ട് 750 ചതുരശ്രകിലോമീറ്റർ സ്ഥലം വിശദമായിത്തന്നെ പഠനവിഷയമാക്കി. പ്രതിരോധനടപടികൾ കൈക്കൊള്ളേണ്ട ഭാഗങ്ങൾ നിർണയിച്ചു. ഇവ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ഒരു നടപടിയും അധികാരികളിൽനിന്ന് ഉണ്ടായിട്ടില്ല. കസ്തൂരിരംഗൻ, ഗാഡ്ഗിൽ റിപ്പോർട്ടുകൾക്കെതിരേ നടക്കുന്ന സമരങ്ങളും മറ്റു രാഷ്ട്രീയ, സാമുദായിക സമ്മർദങ്ങളും ശാസ്ത്രനിഗമനങ്ങളെയും പ്രതിരോധപ്രവർത്തനങ്ങളെയും മന്ദഗതിയിലാക്കുകയോ തമസ്കരിക്കുകയോ ചെയ്യുന്നതിനിടയാക്കിട്ടുണ്ട്. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ നടത്തിയ ദേശീയ ഉരുൾപൊട്ടൽ സാധ്യതാമാപ്പിങ് വിവരങ്ങൾ മുന്നോട്ടുള്ള പ്രയാണത്തിൽ നമുക്ക് മാർഗദർശകമാണ്. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ 3885 ഉരുൾപൊട്ടലുകൾ രാജ്യത്തുണ്ടായി എന്ന വസ്തുത വളരെ ഗൗരവമായി കാണേണ്ടതാണ്.

ഉരുൾപൊട്ടലിന്റെ തത്സമയകാരണം (Triggering mechanism) ശക്തിയായി ചെയ്യുന്ന മഴതന്നെയാണ്. അതോടൊപ്പം അശാസ്ത്രീയമായി നിർമിക്കുന്ന കയ്യാലകളും അതുവഴി നീർച്ചാലുകൾക്കുണ്ടാകുന്ന തടസ്സങ്ങളും പ്രശ്നം ഗുരുതരമാക്കുന്നു. റോഡുകൾ, തോടുകൾ മുതലായ വികസനപ്രവർത്തനങ്ങൾ ഉപരിതലജലനിർഗമനമാർഗങ്ങൾക്കു തടസ്സം സൃഷ്ടിച്ച് അധികജലം അപകടമേഖലയിലെത്തിച്ചേരുന്നതിനു കാരണമാകുന്നു. ഇത് ചരിവുകളെ ദുർബലപ്പെടുത്തുന്നു. മഴക്കാലത്ത് ഏതെങ്കിലും ഒരു സ്ഥലത്ത് ഒരു ദിവസം 15 സെന്റീമീറ്ററിൽ കൂടുതൽ മഴപെയ്താൽ അവിടെയുള്ള അപകടകരമായ മലഞ്ചെരുവിൽ ഉരുൾപൊട്ടലുണ്ടാകാമെന്ന ശാസ്ത്രതത്വത്തെ മുൻനിർത്തി നിതാന്തജാഗ്രത പുലർത്തേണ്ടതാണ്. ഇടുക്കിജില്ലയിലെ മലകൾക്കുമീതേ ട്രെയിനോടിക്കാനുള്ള മോഹം ഒരഹങ്കാരമായിത്തന്നെ കരുതണം. വീടും സ്വത്തുവകകളും നഷ്ടപ്പെട്ടു നിരാലംബരായി, നിസ്സഹായരായി മുന്നിൽ നിൽക്കുന്ന ഒരുകൂട്ടം ആൾക്കാരുടെ വിലാപങ്ങൾ നമുക്കു മുന്നിലുണ്ട്. അവയ്ക്കു നേരേ കണ്ണടയ്ക്കാതിരിക്കാനുള്ള മനുഷ്യത്വം പ്രകടിപ്പിക്കേണ്ട സമയമാണിത്.

# ജീവിതം മധുരമുള്ളതാകാൻ

## തേനീച്ചകൾ നല്കുന്ന പാഠം



ജോസ് വഴുതനപ്പിള്ളി

ഗ്രീക്കുപുരാണങ്ങളിലെ ദൈവങ്ങളുടെ പിതാമഹൻ സീയൂസിനെ ബാല്യകാലത്തു തേനീച്ചകൾ തേനൂട്ടി സ്വർണനിറമുള്ളവനാക്കി എന്നൊരു പഴയ കഥയുണ്ട്. ബുദ്ധമതക്കാർക്കിടയിൽ മറ്റൊരു കഥ ഇതാണ്. പരസ്പരം ഇടഞ്ഞ ശിഷ്യഗണത്തെ സമാധാനിപ്പിക്കുന്നതിനിടെ ഒരു ആന ഒരു വലിയ പഴം കൊണ്ടുവന്നു ബുദ്ധനു കൊടുത്തു. അതു കണ്ടൊരു കുരങ്ങൻ സമ്മാനമായി ഒരു തേൻകൂടു നല്കി. തന്റെ സമ്മാനം ഗുരു സ്വീകരിച്ചപ്പോൾ സ്വയം മതിമറന്ന അവൻ തുള്ളിച്ചാടി. ഒരു മരത്തിൽനിന്നു മറ്റൊന്നിലേക്കു ചാടിച്ചാടി ഒടുവിൽ താഴെ വീണു മരിച്ചു. ഇതിന്റെ ഓർമയ്ക്കെന്നോണം തേനും ഫലങ്ങളുംകൊണ്ടുള്ള ഒരു ഉത്സവം അവരിന്നും ആചരിക്കുന്നു. ഇതുപോലെ യഹൂദന്മാരും ഫലങ്ങളും അപ്പവും തേനിൽ മുക്കിയാണ് 'റോഷ് ഹാസനെ' എന്ന പുതുവർഷാഘോഷങ്ങൾ നടത്തുക.

കഥ എന്തുമാകട്ടെ, തേനും തേനീച്ചയും യുഗയുഗാന്തരങ്ങളായി മനുഷ്യജീവിതത്തിന്റെ ഭാഗമായിരിക്കുന്നു.

### ക്രിസ്തുവിന്റെ വിശിഷ്ടഗുണങ്ങൾ

യേശുവിന്റെ ദിവ്യഗുണങ്ങൾ വിളങ്ങുന്ന അദ്ഭുതജീവികളായിട്ടാണ് തേനീച്ചയെ കണക്കാക്കുന്നത്. അതുകൊണ്ടുതന്നെ ക്രിസ്തീയജീവിതത്തിലും വചനത്തിലും തേനീച്ച സ്ഥാനം പിടിക്കുന്നു. തേൻമധുരംപോലെയാണ് മനുഷ്യപുത്രന്റെ വാക്കുകൾ, സൗമ്യതനിറഞ്ഞതാണ് അവന്റെ പെരുമാറ്റം. സ്നേഹം പാൽക്കുഴമ്പായി വാരിവിതറി സർവർക്കും നിത്യസമ്മാനങ്ങൾ ഏകിയാണ് അവൻ കടന്നുപോയത്. ബൈബിളിൽ അനേകം തവണ തേനീച്ചയെക്കുറിച്ചും തേനിനെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. വിശ്വാസജീവിതവുമായി തേനീച്ച കെട്ടുപിണഞ്ഞു കിടക്കുകയാണ്.

സാമർത്ഥ്യം, വിവേകം, ആത്മാർത്ഥത, കർത്തവ്യ നിർവഹണബോധം, കഠിനാധ്വാനം, അർപ്പണബോധം, സമൂഹത്തോടുള്ള പ്രതിബദ്ധത എന്നിങ്ങനെ ഒട്ടേറെ കാര്യങ്ങളിൽ ഒരു പാഠപുസ്തകമാണ് തേനീച്ച. പലേ സംസ്കാരങ്ങളിലും അവർ സ്വർഗലോകത്തിൽനിന്നെത്തുന്ന ദിവ്യദൂതന്മാരായാണ് വിശേഷിപ്പിക്കപ്പെടുക.

ഒരു യഥാർത്ഥ ക്രിസ്ത്യൻസമൂഹത്തിനു വേണ്ടുന്ന അനുകരണീയമായ ഗുണങ്ങളാണ് ഈ കുഞ്ഞുജീവിക്കുള്ളത്. അവരെപ്പോലെ കഠിനാധ്വാനം ചെയ്യുമ്പോൾ ആ കുടുംബം സൗഭാഗ്യത്തിലേക്കും പുരോഗതിയിലേക്കും വഴിനടക്കും. സങ്കീർത്തനം 118:2ൽ പറയുംപോലെ സ്വർണദ്രാവകംപേറി ഭവനത്തിലെത്തുന്ന തേനീച്ച നമുക്ക് എന്നും ചേതോഹരമാണ്. തേനിനെ വിവേകത്തിന്റെ അടയാളമായാണ് സോളമൻ വിശേഷിപ്പിക്കുന്നത്. പാലസ്തീൻരാജ്യത്തെ തേനും പാലും ഒഴുകുന്ന ദേശമായാണ് ബൈബിളിൽ പരാമർശിക്കുന്നത്. ധാരാളം കാട്ടുതേനീച്ചകൾ കൂട്ടമായി വസിച്ചിരുന്നതുകൊണ്ടു തേൻ ഇഷ്ടംപോലെ. അവിടെയാണ് ജോനാഥൻ ആരും പറയുന്നതു കേൾക്കാതെ ഓടിച്ചെന്ന് മരത്തിൽനിന്ന് ഒലിച്ചിറങ്ങുന്ന മധു അല്പം ഈമ്പിക്കുടിച്ചത്.

ചില നാടുകളിൽ തേനീച്ചകൾ അപ്രത്യക്ഷമായപ്പോൾ, അത് മിശിഹായുടെ രണ്ടാമാഗമനം സമാഗതമായതിന്റെ അടയാളമാണ് എന്നു വരെ ചിലർ പറഞ്ഞു. സസ്യങ്ങളിലെ പരാഗണവും മറ്റും നിലച്ചാൽ മനുഷ്യനു ഭക്ഷണം ലഭിക്കാതെവരും എന്ന ഭീതിയും അതു സൃഷ്ടിച്ചു.

സ്നാപകയോഹന്നാൻ തേൻ ഭക്ഷിക്കുമായിരുന്നു എന്ന് നാം ബൈബിളിൽ കാണുന്നു. മാർപാപ്പാമാർ തേനീച്ചയ്ക്കു വലിയ പ്രാധാന്യം നൽകിയിരുന്നതായി സഭാചരിത്രത്തിൽ വായിക്കുന്നു. സെന്റ് പീറ്റേഴ്സ് ബർഗിൽ മാർപാപ്പയുടെ മകുടത്തിനും സെന്റ് പീറ്ററിന്റെ താക്കോലിനുമൊപ്പം തേനീച്ചകളുടെ ചിത്രം ഉല്ലേഖനം ചെയ്തിരിക്കുന്നതു കാണാം. പാപ്പാമാർ അവരുടെ പദ്ധതികളെയും സമർപ്പണബോധത്തെയും വിളിച്ചോതാനായിരിക്കണം ഇത് ദൃശ്യവത്കരിച്ചത്. വിശുദ്ധന്മാരായ അംബ്രോസും ബെർണാഡ് ക്ലാർവൗക്സും തേനീച്ചയെ സ്നേഹിച്ചവരായിരുന്നു. പ്രാചീനറോമിൽ തേനീച്ചകളുടെ ശില്പം ഉൾക്കൊള്ളുന്ന ഒരു വലിയ ഫൗണ്ടൻ ഉണ്ടാക്കിയിരുന്നു.



അതിസൂക്ഷ്മമായ വിവേചനശേഷിയുള്ള, ആകർഷകമായ ഈ വിശിഷ്ടജീവികളെക്കുറിച്ചു ഹോമെറിനെയും വിർജിലിനെയും ഷേക്സ്പിയറിനെയുംപോലുള്ള ധാരാളം കവികൾ പാടിയിട്ടുണ്ട്. വിശുദ്ധ ഫ്രാൻസിസ് ഡി സലെസ് ഈ കൊച്ചു ജീവികളിലെ ദൈവസ്പർശവും വിവേകവും വരച്ചുകാട്ടുന്നുണ്ട്.

### മധുമാത്രം

ഒരു ചിലന്തി തന്റെ ഭക്ഷണം വിഷമാക്കി അറകളിൽ സൂക്ഷിക്കുമ്പോൾ ഈ പാവം ജീവികൾ ശേഖരിക്കുന്നത് തനിക്കും മറ്റനേകർക്കുംവേണ്ടിയുള്ള ശുദ്ധമായ തേനാണ്. ഒരു പൂവിൽ പോയിരുന്നു അതിനോടു കിന്നാരം പറഞ്ഞു അതിന്റെ പുഷ്പദളങ്ങൾ ഒന്നും കേടാകാതെ സ്നേഹത്തോടെ മധുവും പൂമ്പൊടിയും മാത്രം കടമെടുക്കുകയാണ് തേനീച്ച. തേൻ ശേഖരിക്കാൻ ഒരു കൂട്ടർ എങ്കിൽ റാണി ഇടുന്ന മുട്ടകൾ വിരിയുമ്പോൾ ലാർവകൾക്കു തീറ്റകൊടക്കാനും പരിരക്ഷിക്കാനും മറ്റൊരു കൂട്ടർ. അങ്ങനെ ഓരോരുത്തർക്കും ഓരോരോ റോളുകൾ. അതവർ ഭംഗിയായി ഐക്യത്തോടെ ചെയ്യുന്നത് മനുഷ്യനെന്നും പാഠമാകുന്നു.

### ദൈവത്തിന്റെ മഹാദ്ഭുതം

ഒരിക്കൽ ഒരു മഹാൻ എയ്റോഡയനാമിക്സ് എന്നു പറയുന്ന പറക്കൽ ശാസ്ത്രം പഠിച്ചിട്ടു പറഞ്ഞു, തേനീച്ചയുടെ ചിറകിന്റെ രൂപകല്പന പറക്കാൻ പര്യാപ്തമല്ല എന്ന്. എന്നാൽ, ഈ ജീവി വിശ്രമമില്ലാതെ പത്തും ഇരുപതും പ്രാവശ്യം കൂട്ടിൽ വരും തിരിച്ചു പറക്കും. പത്തഞ്ഞൂറു പുഷ്പങ്ങൾ സന്ദർശിക്കും. തേൻ കണ്ടെത്തിയാൽ അവൻ തിരിച്ചു പറന്നു വന്നു നൃത്തം വച്ച് തന്റെ മിത്രങ്ങളെ എല്ലാവരെയും ആ സദ്വാർത്ത അറിയിക്കും. പിന്നെ അവർ കൂട്ടംകൂട്ടമായി ആ ദിക്കിലേക്കു പായും. നമുക്ക് ഒരു സ്പൂൺ തേൻ തരണമെങ്കിൽ അയ്യായിരം പൂവുകളിലെങ്കിലും അവർക്കു പോകണം. അവരുടെ സ്വന്തം ആവശ്യത്തിന് എത്രയോ മടങ്ങുമധുവാണ് അവർ ശേഖരിക്കുക എന്നറിയാമോ. മറ്റു കൂടുകളിലുള്ള തേനീച്ചകൾക്കു പോലും അവർ ഈ ഭക്ഷണം ദാനം ചെയ്യുന്നു. അതാണ് ഈ ജീവികളുടെ അതുല്യമായ സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ നമ്മെയൊക്കെ ഇളിഭ്യരാക്കുന്ന മാതൃക.

നമ്മുടേതിനെക്കാൾ എത്രയും ചെറുതായ ഒരു കടുകുമണി ബ്രെയിനാണ് തേനീച്ചയ്ക്കുള്ളത്. എന്നിരിക്കിലും ചിട്ടയോടെ ജീവിക്കാനും പരസ്പരം ആശയവിനിമയം നടത്താനും നല്ലൊരു സാമൂഹികപ്രതിബദ്ധത കാഴ്ചവയ്ക്കാനും അതിനെങ്ങനെ കഴിയുന്നു എന്നു ചിന്തിച്ചിട്ടുണ്ടോ? അവർ സൃഷ്ടിക്കുന്ന തേൻ റാഹൽ ലോകത്തിലെ ഒരു മഹാദ്ഭുതമാണ്. വലിയ മിടുക്കുള്ള ഒരു എഞ്ചിനീയർ കോമ്പസും സ്കെയ്ലുംവെച്ചു വരച്ചാൽപ്പോലും അവർ സൃഷ്ടിക്കുന്ന ഷഡ്ഭുജങ്ങൾക്ക് ഒപ്പമെത്തില്ല. ഈ ആകൃതി മറ്റേത് ആകൃതിയിലും മെച്ചമാണ് തേൻ ശേഖരിക്കാൻ എന്ന് ഈ ജോമിട്രിവിദഗ്ധർക്ക് നന്നായി അറിയാം.

ശുഭാപ്തിയുടെ ഒരു പര്യായംകൂടിയാണ് തേനീച്ച. എത്രയോ അലച്ചിലുകൾക്കിടയിൽ ഏറെ കഷ്ടപ്പെട്ടാവും പുതുതായി വിടർന്ന ഒരു പൂവ് കണ്ടെത്തുക. അലസതയില്ലാതെ എത്രയോ ദൂരം പറന്ന്, പ്രതിസന്ധികൾ തരണം ചെയ്ത്, ദിവസവും ഈ കണ്ടെത്തലുകൾ തുടരുന്നത് നമുക്കെല്ലാം വലിയ പ്രചോദനമാണ് തരിക. റേ ബ്രാഡ്ബറി പറയുന്നു: 'അവർക്കൊരു പരിമളമുണ്ട്; ഉണ്ടാവണം. കാരണം, അവർ എത്രയായിരം പുഷ്പങ്ങളുടെ സൗരഭ്യമാണ്, സുഗന്ധവ്യഞ്ജനമാണ് സ്വന്തം കാലിൽ പേറുക.'

### വിശുദ്ധന്മാർക്കു പ്രിയർ

ചില പൗരാണികകഥകളിൽ ഒരു വിശ്വാസമുണ്ട്, മരണശേഷം ആത്മാവ് പറന്നുപൊങ്ങുന്നത് ഒരു തേനീച്ചയുടെയോ ചിത്രശലഭത്തിന്റെയോ രൂപത്തിലായിരിക്കുമെന്ന്. അത്തരം കഥകൾ കേട്ടു വളർന്നതിനാലാവണം വിശുദ്ധ അബിഗെയ്ൽ ഒരു തേനീച്ച വളർത്തുകാരിയായി. തേനീച്ചകളുമായി വലിയൊരു ആത്മബന്ധം സ്ഥാപിച്ചുകൊണ്ട് അവൾ തേനുപയോഗിച്ചു മുറിവുകൾ ഉണക്കി, രോഗങ്ങൾ ഭേദമാക്കി.

വിശുദ്ധ അംബ്രോസിനെക്കുറിച്ചും ഒരു കഥയുണ്ട്. ചെറിയ കുട്ടിയായിരിക്കുമ്പോൾ ഒരുകൂട്ടം തേനീച്ചകൾ കൂട്ടമായി പറന്നുവന്ന് അദ്ദേഹത്തിന്റെ വായിൽ ഇരുപ്പുറപ്പിച്ചു. ഒരു പ്രശസ്ത പ്രസംഗകനായിത്തീരുമെന്നതിന്റെ ശുഭോദർക്കമായ സൂചനയായി അത് അന്നത്തെ ജനം സ്വീകരിക്കുകയായിരുന്നു. പിൽക്കാലത്ത് അദ്ദേഹത്തിന്റെ പ്രസംഗങ്ങളെ 'തേൻപോലെ മധുരമുള്ള ശബ്ദപ്രവാഹം' എന്നാണു വിശേഷിപ്പിക്കപ്പെട്ടത്. തേൻനാവുള്ള ഡോക്ടർ എന്നും ആളുകൾ അദ്ദേഹത്തെ വിളിച്ചു.

### പാപ്പാ പീയൂസിന്റെ വാക്കുകൾ

പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പാ 1948ൽ നമ്മെ ഉദ്ബോധിപ്പിച്ചത് ഇവിടെ പ്രസക്തമാകുന്നു: "സാമൂഹികജീവിതത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും മഹനീയമാതൃകകളാണ് തേനീച്ചകൾ. അവിടെ ഓരോ വിഭാഗക്കാരും അവർക്ക് ഏല്പിച്ചു കൊടുക്കപ്പെട്ട കാര്യങ്ങൾ എത്രയോ നിഷ്ഠയോടെ, മനഃസാക്ഷിക്കൊത്തവിധം ചെയ്യുന്നു. അസൂയയോ ശത്രുതയോ കൂടാതെ സ്നേഹവും പരിഗണനയും കാഴ്ചവയ്ക്കുന്ന ഈ ജീവികളെ മനുഷ്യർക്കു ശ്രദ്ധിക്കാനും പാഠമാക്കാനും കഴിഞ്ഞിരുന്നെങ്കിൽ! എല്ലാവർക്കും ആ സ്നേഹം ഉൾക്കൊള്ളാനായിരുന്നെങ്കിൽ! കഠിനമായ അധ്വാനത്തിലൂടെ ശേഖരിക്കുന്ന സമ്പത്ത് സഹവർത്തിത്വത്തോടും ഐക്യത്തോടുംകൂടി പങ്കുവയ്ക്കാനും, സമാധാനത്തോടും സന്തോഷത്തോടുംകൂടി ഗൃഹാന്തരീക്ഷം ആസ്വദിക്കാനും അവരെപ്പോലെ നമുക്കും കഴിഞ്ഞിരുന്നെങ്കിൽ! ഒരു നല്ല ക്രിസ്ത്യാനിയെപ്പോലെ മൃദുലമായ ഭാഷയിൽ മാനുഷികത കൈവെടിയാതെ രമണീയമായി സംസാരിക്കാൻ ആയിരുന്നെങ്കിൽ, മനസ്സിൽ ഉദിക്കുന്ന സത്യത്തിന്റെ സൗന്ദര്യം അവർക്ക് അനുഭവിക്കാൻ ആയേനെ. നമ്മുടെ ഹൃദയത്തിന്റെ അഗാധതലങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന കുലീനത്വവും ധന്യതയും നന്മയും നമുക്കപ്പോൾ പ്രകടമാക്കാനായേനെ. വിവേകമില്ലാത്ത, കരുതലില്ലാത്ത മൂഢന്മാരായി, ഹൃദയത്തിലെ പവിത്രചിന്തയും സ്നേഹവും മലിനമാക്കി, സ്പർധയും അസൂയയും കൊണ്ട് അന്യന്റെമുതൽ ആഗ്രഹിക്കുന്നവരാകാതെ എല്ലാം പങ്കുവയ്ക്കുന്ന മനോഭാവത്തിലേക്കു നാം വളർന്നിരുന്നെങ്കിൽ, തേനീച്ചകൾ സഹജവാസനയാൽ ചെയ്യുന്നത് നമുക്കു ബുദ്ധിവൈഭവവും വിവേകവും ഉപയോഗിച്ചെങ്കിലും മെച്ചപ്പെടുത്താനായെങ്കിൽ, ഈ ലോകം എത്രയോ സുന്ദരമായിത്തീർന്നേനെ."

■




**ഒക്ടോബർ 31**
**പള്ളിക്കൂദാശ**
**ഒന്നാം ഞായർ**

പുറ 40:17–29, 34–38
ഏശ 6:1–8
1 കോറി 13:1–13
മത്താ 16:13–19

# സ്നേഹത്താൽ നിറഞ്ഞ് ശുദ്ധരാകാൻ






**ഫാ. ഡോ. ജോസഫ് കരികുളം**


**പ**ള്ളിക്കൂദാശ എന്നാൽ സഭയുടെ പ്രതിഷ്ഠ എന്നാണർത്ഥം. ഈശോ തന്റെ ശരീരമായ സഭയെ അവസാനവിധിക്കുശേഷം പിതാവിനു സമർപ്പിക്കുന്നതിന്റെ മുന്നാസ്വാദനം, അവിടുത്തെ ശരീരത്തിലെ (സഭയിലെ) അവയവങ്ങളാകുന്ന (അംഗങ്ങളാകുന്ന) നാമോരോരുത്തരും സഭയുടെ ആരാധനക്രമത്തിൽ അനുഭവിക്കുന്ന ദിനങ്ങളാണിത്. ഈശോയുടെ ശരീരമാകുന്ന സഭ എന്ന തായ്ത്തണ്ടിനോടു ചേർന്നിരിക്കുന്ന നാം അവസാനവിധിദിനത്തിൽ പിതാവിന്റെ സന്നിധിയിൽ സ്വീകരിക്കപ്പെടുമെന്നതാണ് നമ്മുടെ വിശ്വാസവും പ്രത്യാശയും.

സഭ അവസാനവിധിക്ക് ഒരുങ്ങുന്നു എന്ന ഉൾക്കാഴ്ച; ഉയിർപ്പിന്റെ പ്രത്യാശയിൽ ഈശോയെ സ്നേഹിക്കുന്ന, വിശ്വാസത്തിൽ ജീവിക്കുന്ന സഭാമക്കൾക്ക് ധൈര്യം നൽകുന്നു. അതേസമയം, സഭയോടൊപ്പം ദൈവപിതാവിനെ കണ്ടുമുട്ടുന്നതിന് ഒരുങ്ങിയിരിക്കേണ്ടതിന്റെ ആവശ്യകത ഓർമിപ്പിക്കുകയും ചെയ്യുന്നു.

സഭയുടെ മഹത്ത്വവും ഔന്നത്യവും എടുത്തുകാണിക്കുന്നവയാണ് ഇന്നത്തെ വായനകൾ. കർത്താവിന്റെ മഹത്ത്വം നിറഞ്ഞുനില്ക്കുന്ന സമാഗമകൂടാരത്തെക്കുറിച്ചാണ് പുറപ്പാട് പുസ്തകം അവസാന അധ്യായം വിവരിക്കുന്നത് (പുറ. 40: 17–29, 34–38). ഉടമ്പടി പത്രിക ഉൾക്കൊണ്ടിരുന്ന പേടകം (40:20), അപ്പം ഒരുക്കിയിരുന്ന മേശ (40:22), വിളക്കുകാൽ (40:24), ധൂപാർച്ചനയ്ക്കുള്ള സ്വർണപീഠം (40:26) എന്നിവയായിരുന്നു സമാഗമകൂടാരത്തിൽ ഉണ്ടായിരുന്നത്. ദൈവം നിർദേശിച്ച നിയതമായ രൂപത്തോടെയുള്ള മദ്ബഹ ആയിരുന്നു സമാഗമകൂടാരം. ഈ മദ്ബഹയിൽ ദൈവത്തിന്റെ മഹത്ത്വം നിറഞ്ഞുനിന്നിരുന്നു. അവിടെ നിയമവും (പേടകം) പ്രകാശവും (വിളക്കുകാൽ) ഉണ്ടായിരുന്നു. ഉയരുന്ന പ്രാർത്ഥനകളുടെയും വിശുദ്ധീകരിക്കുന്ന സൗരഭ്യത്തിന്റെയുമായ ധൂപാർപ്പണമുണ്ടായിരുന്നു. മദ്ബഹായെ വേർതിരിച്ചു നിർത്തുന്ന വിരിയും മോശ സ്ഥാപിച്ചിരുന്നു. കൂടാരത്തിന്റെ വാതിൽക്കൽ ദഹനബലിപീഠം ഉണ്ടായിരുന്നു. ദൈവാരാധനയും ദൈവത്തിനുള്ള ബലികളും ഏറ്റവും ആദരണീയമായും വിശിഷ്ടമായും നടത്തണമെന്നത് മോശയുടെ തീവ്രാഭിലാഷവുമായിരുന്നു.

ഏശയ്യാ കാണുന്ന ദർശനം (രണ്ടാം വായന (ഏശ. 6:1–8) ദൈവാലയത്തിൽ (സഭയിൽ, പള്ളിയിൽ) നിറഞ്ഞിരിക്കുന്ന ദൈവത്തിന്റെ സാന്നിധ്യത്തെക്കുറിച്ചാണ്. ദൈവാലയം നിറഞ്ഞുനില്ക്കുന്ന വസ്ത്രാഞ്ചലമായി ദൈവസാന്നിധ്യത്തെ ഏശയ്യ ദർശിക്കുന്നു. ഭയവും ഭക്തിയും ജനിപ്പിക്കുന്ന ദർശനാന്തരീക്ഷത്തിൽ, എളിമയുടെ വാക്കുകൾ ഉരുവിട്ടുകൊണ്ട് പ്രവാചകൻ തന്റെ ബലഹീനതയെ ഏറ്റുപറയുന്നു: “ഞാൻ അശുദ്ധമായ അധരമുള്ളവനും അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ വസിക്കുന്നവനുമാണ്” (6:5). എന്നാൽ, പരിശുദ്ധമായ ദൈവസാന്നിധ്യം ഏശയ്യായുടെ അശുദ്ധമായ അധരങ്ങളെ ശുദ്ധമാക്കുന്നു, മാലിന്യങ്ങളെ തുടച്ചുനീക്കുന്നു, പാപങ്ങളെ ക്ഷമിക്കുന്നു. കർത്താവിന്റെ ശരീരമാകുന്ന പരിശുദ്ധ സഭയിൽ നടക്കുന്ന രക്ഷാകര രഹസ്യത്തിന്റെ തീവ്രമായ വെളിപാടാണത്. പരിശുദ്ധ കുർബാനയിൽ നടക്കുന്നതും ഇതേ പ്രക്രിയതന്നെയാണെന്നു നാം ഓർക്കേണ്ടതുണ്ട്. ‘എന്റെ അധരങ്ങൾ അശുദ്ധമാകുന്നു. അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ ഞാൻ വസിക്കുകയും ചെയ്യുന്നു’ എന്ന് ഏറ്റുപറഞ്ഞുകൊണ്ട് ദിവ്യരഹസ്യങ്ങളുടെ പരികർമം നടത്തുന്ന വിശ്വാസിസമൂഹം പരിശുദ്ധ കുർബാനയാകുന്ന ‘തീക്കനൽ’ കൊണ്ട് വിശുദ്ധീകരിക്കപ്പെടുകയാണ്.

സ്നേഹത്തിന്റെ ഉത്കൃഷ്ടതയെ വാഴ്ത്തുന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ (ലേഖനം 1 കൊറി. 13:1–13) സഭാജീവിതത്തിന്റെ കേന്ദ്രബിന്ദുവിനെയാണു ചൂണ്ടിക്കാണിക്കുന്നത്. സ്നേഹത്താൽ പരസ്പരം ബന്ധിതമാകുകയും ആ സ്നേഹത്തിന്റെ പുറത്തേക്കുള്ള പ്രവാഹത്തിൽ സൃഷ്ടികളുമായി നിരന്തരബന്ധത്തിൽ ആയിരിക്കുകയും ചെയ്യുന്ന പരിശുദ്ധത്രിത്വത്തിന്റെ ജീവിതംപോലെ, വിശ്വാസികളുടെ സഭയിലെ ജീവിതം സ്നേഹത്താൽ ബന്ധിതമാകുകയും നിറഞ്ഞു പുറത്തേക്കൊഴുകുകയും ചെയ്യണമെന്ന് പൗലോസ് ആഗ്രഹിക്കുന്നു. അതുകൊണ്ടാകണം സഭയുടെ ഏറ്റവും നല്ല ഒരു നിർവചനം നൽകിയ ശേഷം പൗലോസ് ശ്ലീഹാ സ്നേഹത്തെക്കുറിച്ചുള്ള പ്രസ്തുത വർണന നടത്തുന്നത്. “നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്” (1 കൊറി. 12:27).

പഴയനിയമത്തിൽ, നിയമകാലത്ത് മോശയും പ്രവാചകന്മാരുടെ കാലത്ത് ഏശയ്യായും യഥാക്രമം ഭൗതികവും ആത്മീയവുമായ ദൈവാലയനിർമാണത്തിനു നേതൃത്വം വഹിച്ചതുപോലെ പുതിയ നിയമത്തിൽ ഈശോയുടെ ശരീരമാകുന്ന സഭയെ പണിതുയർത്താനുള്ള ദൗത്യം അപ്പസ്തോലന്മാരുടേതായിരുന്നു. ബലഹീനതകളുടെ മനുഷ്യനായിരുന്നുവെങ്കിലും, മനുഷ്യസഹജമായ ബലഹീനതകളും സഭയുടെ ഭാഗമാണ് എന്നു സൂചിപ്പിക്കാനാകണം, ഈശോ പത്രോസിനെത്തന്നെ, സഭയുടെ, അപ്പസ്തോലന്മാരുടെ നേതൃത്വം ഏല്പിക്കുന്നത്. (മത്താ. 16:13–19). നിയമത്തിന്റെ കൈകാര്യത്തിന് മോശയ്ക്കും ദൈവവചനത്തിന്റെ പ്രഘോഷണത്തിന് ഏശയ്യായ്ക്കും ശക്തിനല്കി വിശുദ്ധീകരിച്ചതുപോലെ സഭയുടെ സ്ഥാപനത്തിന് പത്രോസിനെയും സഹപ്രവർത്തകരെയും ഈശോ ബലപ്പെടുത്തി ശക്തരാക്കുന്നു. നിയമവും പ്രവാചകന്മാരുമെല്ലാം ദൈവജനത്തെ മിശിഹായിലേക്കു നയിച്ചെങ്കിൽ ശ്ലീഹന്മാർ മിശിഹായെത്തന്നെ ജനപദങ്ങളിലേക്കു പകർന്നുനല്കുന്നു; മാമ്മോദീസായിലൂടെ ജനങ്ങളെ ഈശോയുടെ ശരീരത്തിലെ (സഭയിലെ) അവയവങ്ങളാക്കി മാറ്റുന്നു.

കർത്താവിന്റെ വസ്ത്രാഞ്ചലം ദൈവാലയം മുഴുവൻ നിറഞ്ഞുനിന്നു (ഏശ. 6:1). അരൂപിയായ ദൈവത്തിന്റെ വസ്ത്രം സ്നേഹമാണ്. ദൈവാലയവും പ്രപഞ്ചവുമെല്ലാം (ഏശ. 6:3) ദൈവസ്നേഹത്താൽ പൊതിയപ്പെട്ടിരിക്കുന്നു. ഈ ചിന്തതന്നെ ഭൂമിയിൽ ജീവിക്കുന്ന സൃഷ്ടികളായ നമ്മിൽ ഭയവും ഭക്തിയും ജനിപ്പിക്കുന്നു. അനുദിനം, അനുനിമിഷം ദൈവസ്നേഹത്താൽ പൊതിയപ്പെട്ടവരാണ് എന്ന ചിന്ത ഏശയ്യായെപ്പോലെ നമ്മുടെ അശുദ്ധിയെ, കുറവുകളെ, ബലഹീനതകളെ ഓർമിപ്പിക്കും. ഏളിയവരായി ദൈവതിരുമുമ്പിൽ നില്ക്കാനും സഭയിൽനിന്നു ശുദ്ധീകരണം സ്വീകരിക്കാനും നാം പ്രാപ്തരാകണം. സഭ വിശുദ്ധ കുർബാന അർപ്പിക്കുമ്പോൾ സഭാശരീരത്തിലെ അംഗങ്ങളാകുന്ന നാമോരോരുത്തരും പരിശുദ്ധ കുർബാനയാകുന്ന തീക്കനലിനാൽ വിശുദ്ധീകരിക്കപ്പെടുന്നു. ഈ വിശുദ്ധീകരണം സ്വർഗരാജ്യത്തിന്റെ പ്രവേശനമാർഗങ്ങൾ (താക്കോലുകൾ) നമുക്കു പ്രദാനം ചെയ്യുന്നു. വിഭജനശുശ്രൂഷയുടെ ആരംഭത്തിൽ പരിശുദ്ധ കുർബാന ഉയർത്തിക്കൊണ്ട് കാർമികൻ ചൊല്ലുന്ന പ്രാർത്ഥന സഭയിൽ സാധ്യമാകുന്ന രക്ഷയുടെ വലിയ രഹസ്യത്തെയാണു പ്രഘോഷിക്കുന്നത്. ‘സജീവവും ജീവദായകവുമായ ഈ അപ്പം ... ഭക്ഷിക്കുന്നവർ മരിക്കുകയില്ല; പ്രത്യുത, പാപമോചനവും രക്ഷയും പ്രാപിക്കുകയും നിത്യം ജീവിക്കുകയും ചെയ്യും.’

സഭയെ കർത്താവിന്റെ ശരീരമായി മനസ്സിലാക്കുമ്പോൾ സഭ എന്ന പദത്തിന്റെ അർത്ഥം വലിയ രഹസ്യാത്മകതലത്തിലേക്ക് ഉയരുകയും ഈശോയുടെ രക്ഷയിൽ നിരന്തരം പങ്കുപറ്റുന്നവളായി അവൾ മാറുകയും ചെയ്യുന്നു. ആ സഭയുടെ (കർത്താവിന്റെ ശരീരത്തിലെ) അവയവങ്ങൾ എന്ന നിലയിൽ മാമ്മോദീസ സ്വീകരിച്ചു, വിശ്വാസികളായ നാമോരോരുത്തരും ഈശോയുടെ രക്ഷയിൽ പങ്കുചേരുകയും ചെയ്യുന്നു.

■

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന



പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലെന്ന് ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു യാചിക്കുന്നു. (കാര്യം പറയുക...)

**ലെസ്‌ലി**

# പുതുവസന്തം വിരിയിച്ച് മാറുന്ന മലയാളസിനിമ





സിനിമ

ആൻസി സാജൻ

**ക**ഴിഞ്ഞ വർഷത്തെ മികച്ച ചലച്ചിത്രങ്ങൾക്കുള്ള സംസ്ഥാന ചലച്ചിത്ര അവാർഡുകൾ വിളംബരം ചെയ്യപ്പെട്ടു. മികവേറിയ ചിത്രമായി ജിയോ ബേബി സംവിധാനം ചെയ്ത 'ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ' തിരഞ്ഞെടുക്കപ്പെട്ടു. പ്രജേഷ് സെൻ സംവിധാനം ചെയ്ത 'വെള്ള'ത്തിലെ ഉജ്ജ്വലമായ അഭിനയപ്പകർച്ചയിലൂടെ ജയസൂര്യ മികച്ച നടനായി. 'കപ്പേള'യിലെ പ്രകടനമികവിലൂടെ അന്ന ബെൻ ഒന്നാമത്തെ നടിയുമായി. സംവിധായക പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടത് സിദ്ധാർത്ഥ ശിവ (ചിത്രം – 'എന്നിവർ').

എം. ജയചന്ദ്രൻ, സൂഫിയും സുജാതയും എന്ന സിനിമയിലൂടെ പശ്ചാത്തലസംഗീതത്തിനും ഗാനസംവിധാനത്തിനുമുള്ള അംഗീകാരം ഒരുമിച്ചു സ്വന്തമാക്കി. 'വാതുക്കല് വെള്ളരിപ്രാവ്' എന്ന ഗാനമാണ് എം.ജയചന്ദ്രനെ മുന്നിലെത്തിച്ചത്. ഈ ഗാനം ആലപിച്ച നിത്യ മാമ്മനാണ് മികച്ച ഗായിക. വെള്ളത്തിലെ 'ആകാശമായവളെ', ഹലാൽ ലവ് സ്റ്റോറിയിലെ, 'സുന്ദരനായവനേ' എന്നീ ഗാനങ്ങളിലൂടെ ഷഹബാസ് അമൻ ഗായകരിൽ മുമ്പനായി. അന്തരിച്ച സച്ചി സംവിധാനം ചെയ്ത 'അയ്യപ്പനും കോശിയും' കലാമേന്മയിലും ജനപ്രീതിയിലും മുന്നിലെത്തി.

അവാർഡുവിവരങ്ങൾ പുറത്തുവന്നതോടൊപ്പം മലയാളസിനിമാരംഗത്തുണ്ടായ മാറ്റങ്ങളും ശ്രദ്ധാർഹമാണ്. ലോകം വീടുകളിലേക്കു ചുരുങ്ങിപ്പോയ കൊവിഡ് സാഹചര്യങ്ങളാണ് ഈ വലിയ മാറ്റങ്ങൾക്കായി സിനിമയെ ഒരുക്കിയത്. ആളും ബഹളവും സന്നാഹങ്ങളും ലൊക്കേഷൻ കോലാഹലങ്ങളുമില്ലാതെയും നല്ല സിനിമയുണ്ടാക്കാം എന്നു തെളിയിച്ച കാലമാണിത്. മൊബൈൽ ഫോണിൽ മുഴുവനായി ചിത്രീകരിച്ച ചിത്രങ്ങൾ അവാർഡ് പട്ടികയിൽ ഇടംപിടിച്ചതും പ്രതിഭയുള്ള സിനിമാപ്രവർത്തകർക്ക് ആത്മവിശ്വാസമേറ്റുന്നു. കയറ്റം എന്ന സിനിമയിലൂടെ ഛായാഗ്രാഹകന്റെ അവാർഡ് നേടിയ ചന്ദ്രു സെൽവരാജ് ഉയർന്നുനിൽക്കുന്ന പ്രതീകമായി. മൊബൈൽ ഫോണായിരുന്നു ഈ ചിത്രത്തിൽ മുഴുവൻ ദൃശ്യങ്ങളും ഒപ്പിയെടുത്തത്. മഹേഷ് നാരായണൻ മികച്ച എഡിറ്റിങ്ങിനുള്ള അംഗീകാരം നേടിയെടുത്ത 'സീ യൂ സൂൺ' ചിത്രീകരിച്ചതും മൊബൈൽ ഫോണിൽത്തന്നെ. സിനിമാ സ്വപ്നങ്ങൾ മനസ്സിലിട്ടു നടക്കുന്നവർക്ക് ആഹ്ളാദമേകുന്ന അവാർഡുനേട്ടങ്ങളാണിത്.

അതുപോലെ ജയസൂര്യയും അന്ന ബെന്നും. 2019 ൽ ഫുട്ബോൾ ഇതിഹാസം വി.പി. സത്യനെയും ഇപ്പോൾ വെള്ളത്തിലെ മദ്യപനായ മുരളിയെയും സണ്ണിയെയും അവതരിപ്പിച്ചതിനാണ് ജയസൂര്യ മികച്ച നടനായത്. പ്രജേഷ് സെൻ എന്ന സംവിധായകനും അഭിമാനിക്കാം, തന്റെ രണ്ടു ചിത്രങ്ങളിലെയും നായക കഥാപാത്രങ്ങൾ അവാർഡ് നേടിയതിൽ. കൊവിഡുകാല അടച്ചിടലിനുശേഷം തീയേറ്ററിലെത്തിയ ആദ്യസിനിമയായിരുന്നു വെള്ളം. ബിജു മേനോനും ഫഹദ് ഫാസിലുമാണ് ജയസൂര്യയോടൊപ്പം അവാർഡുനിർണയത്തിൽ മൽസരിച്ചത് എന്നു കേൾക്കുന്നു. ട്രാൻസ് എന്ന ചിത്രത്തിലെ ഫഹദിന്റെ പ്രകടനം തകർപ്പനായിരുന്നുവെന്നു പറയാതിരിക്കാനും വയ്യ.

ചെറിയ പെൺകുട്ടി ആയിരുന്നിട്ടും വഹിച്ച വലിയ 'വേഷ'ങ്ങളാണ് അന്നയെ സമ്മാനിതയാക്കിയത്. മൂന്നു ദിവസം തിയേറ്ററുകളിൽ കളിച്ചിട്ട് ഒ.ടി.ടി.യിലൂടെ പ്രേക്ഷകർ കണ്ട സിനിമയായിരുന്നു കപ്പേള. മികച്ച നടിക്കുള്ള മൽസരം വളരെ കടുത്തതായിരുന്നുവെന്നാണ് ജൂറി അധ്യക്ഷ സുഹാസിനി പറഞ്ഞത്. മഞ്ജു വാര്യരും നിമിഷ സജയനും റിമി കല്ലുങ്കലുമടക്കം ആറു പേരോടാണ് അന്ന ബെൻ മൽസരിച്ചതത്രേ.

വ്യവസ്ഥാപിത നായികാനായക സങ്കല്പനങ്ങളെ മറികടന്ന്, പുതിയ ഭാവുകത്വപരീക്ഷണങ്ങൾക്കുള്ള അംഗീകാരമാണ് ഇത്തവണത്തെ അവാർഡുകളെല്ലാം. അതുപോലെ ജൂറി ചെയർപേഴ്സണായി സുഹാസിനി മണിരത്നം എത്തിയതും അവാർഡുനിർണയത്തിനു തിളക്കമേറ്റി.

പ്രധാന ചലച്ചിത്രസമ്മാനങ്ങളെല്ലാംതന്നെ സ്ത്രീപക്ഷ ആഭിമുഖ്യമുള്ള സിനിമകൾ നേടിയെന്നതും ശ്രദ്ധേയമാണ്. കുടുംബത്ത് സ്ത്രീകൾക്കു നിഷേധിക്കപ്പെടുന്ന ജനാധിപത്യാവകാശങ്ങളെ ചൂണ്ടിക്കാട്ടിയ ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചണും, തിങ്കളാഴ്ചനിശ്ചയവും മികച്ച ചിത്രങ്ങളായി. അന്ധമായ ആണധികാരങ്ങളാണ് ഇവയുടെ ഇതിവൃത്തം. ഇതിൽ ഇന്ത്യൻ അടുക്കള വർണിക്കുന്ന ജിയോ ബേബിച്ചിത്രം സർവത്ര ചർച്ച ചെയ്യപ്പെട്ടതുമാണ്. അട്ടപ്പാടി ഊരിലെ ഗോത്രസംഗീതംകൊണ്ട് നാട്ടാരെയെല്ലാം ഏറ്റു പാടിച്ച നാഞ്ചിയമ്മയുടെ 'കളക്കാത്ത സന്ദന മേരം' പ്രത്യേക ജൂറി പുരസ്കാരം നേടിയെടുത്തതും ശ്രദ്ധാർഹമായി. സാമൂഹിക മുഖംമൂടികൾ തുറന്നുകാട്ടിയ നളിനി ജമീലയുടെ ഭാവനാസമ്പന്നതയും സമ്മാനാർഹമായി. വസ്ത്രാലങ്കാരത്തിനുള്ള പ്രത്യേക അംഗീകാരപരാമർശം അവർ നേടിയെടുത്തപ്പോൾ, സർഗാത്മകതയ്ക്ക് 'ആരും അന്യരല്ല' എന്ന നല്ല സന്ദേശമാണു പകരാനായത്. ലൈംഗികത്തൊഴിലാളിയുടെ ജീവിതം പറഞ്ഞ 'ഭാരതപ്പുഴ'യിലെ നായികയുടെ വസ്ത്രങ്ങൾ മെനഞ്ഞത് നളിനിയുടെ മാർഗനിർദേശങ്ങളോടെയായിരുന്നു. ഈ ചിത്രത്തിൽ നായികയായെത്തിയ സിജി പ്രദീപും പ്രത്യേക പുരസ്കാരം നേടി.

മികച്ച സ്വഭാവനടനായി സുധീഷ് തിരഞ്ഞെടുക്കപ്പെട്ടതും ശ്രദ്ധേയം. (എന്നിവർ, ഭൂമിയിലെ മനോഹരസ്വകാര്യം).

സിനിമയുടെ വ്യത്യസ്ത മേഖലകളിലെ മികവിനു അംഗീകാരം നേടിയവർ ഇനിയും ഏറെയുണ്ട്

പറഞ്ഞുവരുമ്പോൾ മികച്ച സംവിധായകന്റെ ചിത്രം മികച്ചതായില്ല, ഏറ്റം നല്ല നടിയോ നടനോ അതിൽനിന്നുമല്ല എന്നൊക്കെത്തുടങ്ങി പരിദേവനങ്ങൾ വേണമെങ്കിൽ ഉയർത്താം. ജൂറി അംഗീകരിച്ച, തിരഞ്ഞെടുത്ത പ്രകടനങ്ങളാണ് അവാർഡ് നേടിയത്. അതിലൊക്കെ രാഷ്ട്രീയമുണ്ടോ ഇല്ലയോ എന്നൊന്നും തർക്കമാക്കുന്നില്ല. മലയാളസിനിമയിൽ വ്യത്യസ്തത പൂക്കുന്ന കാലമാണിപ്പോൾ. സിനിമയിലെ മാറിവരുന്ന കലയും സങ്കല്പങ്ങളും പ്രേക്ഷകർ സ്വീകരിക്കുന്നുണ്ട് എന്നതാണു പ്രധാനം. കൊട്ടിഘോഷങ്ങളും എഴുന്നള്ളിപ്പുകളും പിന്നിലേക്കു മാറിയിട്ട് വസന്തം വിടർത്താൻ കഴിയുന്നവർ മുന്നേറട്ടെ. പുതിയ സിനിമാ സംസ്കൃതി കലയുടെ അടയാളമാവട്ടെ. ■






ജയസൂര്യ - മികച്ച നടൻ



അന്ന ബെൻ - മികച്ച നടി



സിദ്ധാർത്ഥ ശിവ - മികച്ച സംവിധായകൻ



എം. ജയചന്ദ്രൻ
മികച്ച സംഗീതസംവിധായകൻ, പശ്ചാത്തലസംഗീതം



ഷഹബാസ് അമൻ
മികച്ച ഗായകൻ



നിത്യ മാമ്മൻ
മികച്ച ഗായിക




'ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ' - മികച്ച ചിത്രം




'അയ്യപ്പനും കോശിയും' കലാമേന്മ, ജനപ്രിയസിനിമ



സച്ചി
സംവിധായകൻ

Deepanalam Weekly
RNI No : 16998/68
Vol. 54 No. 30 Date of Publication 21 Oct 2021
Annual Subscription Rate ₹300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment



# പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ കൂത്താട്ടുകുളം ടൗൺപള്ളിയിൽ വി. യൂദാശ്ലീഹായുടെ നൊവേനത്തിരുനാൾ

## 2021 ഒക്ടോബർ 19 ചൊവ്വ മുതൽ 28 വ്യാഴംവരെ

സ്നേഹിതരേ,
കൂത്താട്ടുകുളം ടൗൺ പള്ളിയിൽ വി. യൂദാശ്ലീഹായുടെ നൊവേനത്തിരുനാൾ 2021 ഒക്ടോബർ 19 മുതൽ 28 വരെ തീയതികളിൽ നടത്തപ്പെടുന്നു. കോവിഡ് മാനദണ്ഡമനുസരിച്ച് തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുവാനും വി. യൂദാശ്ലീഹായുടെ മധ്യസ്ഥതയിലൂടെ ദൈവാനുഗ്രഹം പ്രാപിക്കുവാനും എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ഫോൺ: 8547152480 Email: holyfamilychurchkoothattukulam@gmail.com

ഫാ. സിറിയക് തടത്തിൽ (വികാരി)

### തിരുനാൾ ദിവസങ്ങളിൽ

രാവിലെ 5.30 നും 7.00 നും 10.30 നും വൈകുന്നേരം 5.00 നും
**വിശുദ്ധ കുർബാനയും നൊവേനയും വാഴ്വും**
6.15 ന് 1001 എണ്ണത്തിരി തെളിക്കൽ ശുശ്രൂഷ

**പ്രത്യേക ശ്രദ്ധയ്ക്ക്:** (1) തിരുനാൾ പ്രസുദേന്തിമാരാകുവാൻ ആഗ്രഹിക്കുന്നവർക്കും നൊവേന, കുർബാന, മറ്റു നേർച്ചകാഴ്ചകൾ സമർപ്പിക്കുവാൻ താത്പര്യമുള്ളവർക്കും പള്ളി ഓഫീസിൽ അതിനുള്ള സൗകര്യമുണ്ടായിരിക്കുന്നതാണ് (2) ഒക്ടോബർ 19 മുതൽ 28 വരെ വൈകുന്നേരം 5 നുള്ള തിരുക്കർമ്മങ്ങൾ പള്ളിയുടെ യൂട്യൂബ് ചാനലായ Holy Family Church, Koothattukulam, facebook പേജായ Holy Family Catholic Church, Koothattukulam, St. Jude shrine Koothattukulam ഇവയിൽ തൽസമയസംപ്രേഷണം ഉണ്ടായിരിക്കുന്നതാണ്.



ലിംകാ ബുക് ഓഫ് റെക്കോർഡ്സിൽ ഇടംനേടിയ ലോകത്തിലെ ഏറ്റവും വലിയ നിലവിളക്ക്

തിരുനാൾ ആശംസകൾ
ശാലോം സൂപ്പർമാർക്കറ്റ്
ഹോളി ഫാമിലി പള്ളിക്കു സമീപം, കൂത്താട്ടുകുളം
ഫോൺ: 9544127921 , 9544127931
ഫ്രഷ് വെജിറ്റബിൾസ് മിതമായ നിരക്കിൽ (ഹോൾസെയിൽ & റീട്ടെയിൽ)
ഭക്തരൂപങ്ങൾ ഫോട്ടോ ഫ്രെയിമിംഗ്

തോട്ടത്തിൽ വാച്ച് ഹൗസ്
കൂത്താട്ടുകുളം. PH: 87141347020, 9447303020
TITAN CASIO CITIZEN fastrack TIMEX SONATA

തിരുനാൾ ആശംസകൾ
BHARATH ALUMINIUM
NEAR HOLY FAMILY CHURCH, MUTTANOLIL ARCADE,
KOOTHATTUKULAM, PH: 9745577722, 9745514500
bharathaluminiumkklm@gmail.com
Suppliers of Aluminium powder coated, anodized, electro - coloured wood-grain finished fabrication materials, Grill, PVS Coating sheet, PVC door etc

വി. യൂദാശ്ലീഹായുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ
Administrator, Doctors & Staff
DEVAMATHA HOSPITAL
Super Speciality care for the common man
M.C. Road, KOOTHATTUKULAM
Ph: 0485 2252271, 9400652271

തിരുനാൾ ആശംസകൾ
സ്വാതി ഓഫ്സെറ്റ് പ്രിന്റേഴ്സ്
കൂത്താട്ടുകുളം Mob: 9447052951
രാമപുരം Mob: 9447973957
ഞങ്ങളുടെ സഹോദരസ്ഥാപനം
GUIDELINE DESIGNERS
N.S.S. Arcade, Koothattukulam Mob: 94474651023

തിരുനാൾ ആശംസകൾ
മൂന്നു പതിറ്റാണ്ടു കാലത്തെ സേവനപാരമ്പര്യം
കുന്നുമ്മേൽ ഒപ്റ്റിക്കൽസ്
ഗവ. ഹോസ്പിറ്റലിന് എതിർവശം
എം.സി. റോഡ്, കൂത്താട്ടുകുളം
ഫോൺ: 9447609165, 0485 2253245
Free Computerised Eye Testing

പ്രമുഖ കമ്പനികളുടെ ഇലക്ട്രിക്കൽ, സാനിട്ടറി ഉത്പന്നങ്ങളുടെ വിപുലമായ ശേഖരം
ജനറൽ മാർക്കറ്റിംഗ് ഫെഡറേഷൻ
എം.സി. റോഡ് , കൂത്താട്ടുകുളം
Ph: 0485-2252518, 2252401 (O), 2253401 (R), Mob 9447122524
ജനറൽ മാർക്കറ്റിംഗ് ഏജൻസീസ്
നടപ്പുറം ബൈപ്പാസ് റോഡ് , കൂത്താട്ടുകുളം
Ph: 0485-2252518 (O), Mob:9447122524

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org